
Date of publication: 9 ആഗസ്റ്റ് 2017
വോള്യം 1 / ലക്കം 8 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# ഉദ്യോഗം

# സംഘടിത

സംഘടിത | ആഗസ്റ്റ് 2017 | വോള്യം 1 | ലക്കം 8


# ഉദ്യോഗം





കവർ ചിത്രം കടപ്പാട്:

കെ.എൽ.കമ്മത്തിന്റെ 'പോസ്റ്റ് വുമൺ ഇൻ ബേംഗ്ലൂർ ' എന്ന ഫോട്ടോ.


ആനന്ദവല്ലി എന്ന അഞ്ചലോട്ടക്കാരി : കേരളത്തിലെ ആദ്യ പോസ്റ്റ് വുമൺ **6**
**സലീല രാധാകൃഷ്ണൻ**

**9** മാധ്യമപ്രവർത്തനം : ഒരു താരതമ്യപഠനം
**നസീം ബീഗം**

അമ്മയെന്ന വ്യക്തി എൻ. നാരായണി ടീച്ചർ **15**
**സി. എച്ച്. ഉഷാ കരുൺ**

**21** തിരുവാതിരയുടെ മാലതി
**സലീല രാധാകൃഷ്ണൻ**

ഉദ്യോഗസ്ഥയെ മലയാളസിനിമ വിഭാവന ചെയ്യുമ്പോൾ **23**
**സുലോചന റാം മോഹൻ**

**27** കുടുംബത്തിനും ഉദ്യോഗത്തിനും മദ്ധ്യേ ഇങ്ങനെ...
**ഷീല രാഹുലൻ**

അങ്ങവിടെ ഒരു ടെക്കി **35**
**വിനയ രാഘവൻ**

**39** എന്റെ ഉദ്യോഗപർവ്വം
**കെ. രാധമ്മ**

അൻപതുകളുടെ ഉദ്യോഗപർവ്വം -എം. രാജമ്മ **45**
**എസ്. കെ. മിനി.**

ചരിത്രത്തിലേക്ക് വിമാനമേറിയവർ **49**
**ശില്പ മുരളി**

സംഘർഷത്തിന്റെ വഴികൾ **53**
**എസ്. കെ മിനി.**

നവോദയം **59**
**എൻ.ബി.സന്ധ്യ**

അവൾ (കവിത) **54**
**അമൃത കേളകം**

രക്തസാക്ഷി (കവിത) **8**
**ഡോ. ദിവ്യ എൻ.**




## ഫോട്ടോ ഫീച്ചർ : ഉദ്യോഗരംഗത്തെ സാരഥികൾ, വഴി തെളിയിച്ചവർ


**30** വാസ്തവം
ഡോ.ജാൻസി ജോസ്

**57** വഴിത്താരകൾ
ജാനകി

**14** **പെൺപക്ഷം**
**കെ. അജിത**

**62** ശാസ്ത്രം
സീമ ശ്രീലയം



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** :**സുനീത ബാലകൃഷ്ണൻ** **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

**ഓ**രോ മാസവും കടന്നു പോകുമ്പോഴും ഇവിടെ കുറിക്കേണ്ടി വരുന്നത് ദുരന്ത വാർത്തകളായിപ്പോകുന്നുവെന്ന തിരിച്ചറിവ്. വ്യവസ്ഥയുടെയും ഭരണകൂട നടപടികളുടേയും ഇരകൾ എന്ന ദാരുണാവസ്ഥയ്ക്കപ്പുറം സ്വന്തം കർതൃത്വങ്ങളടയാളപ്പെടുത്തിക്കൊണ്ട് അരികുവൽക്കരിക്കപ്പെട്ടവരുടെ ഇടങ്ങൾ ഉറപ്പിക്കപ്പെടുന്നുണ്ടോ? ആനുകാലിക സംഘാടനങ്ങൾക്കും കൂട്ടായ്മകൾക്കും ഈ ജനാധിപത്യ സ്ഥാപനപ്രക്രിയയിൽ എന്തെങ്കിലും ക്രിയാത്മകനേതൃത്വം വഹിക്കാനാവുന്നുണ്ടോ എന്ന് ആശങ്കയോടെ ആലോചിച്ചു പോകുന്നു.

ശരീരസന്ദേശങ്ങളിൽ 'ഹീനത്വം' ആരോപിച്ച് ജീവനപഹരിക്കപ്പെട്ട വിനായകൻ ഇന്ന് 'പ്രബുദ്ധ' കേരളത്തെ കലുഷമായ ആത്മവിചാരണയ്ക്ക് നിർബന്ധിതമാക്കുന്നു. മുടി നീട്ടിവളർത്തിയവൻ, 'കോളണി' നിവാസി, കറുത്ത നിറമുള്ളവൻ തുടങ്ങിയ ലക്ഷണങ്ങളാൽ തെമ്മാടിയും മോഷ്ടാവുമാക്കി ചിത്രീകരിക്കപ്പെട്ട് കൊടും മർദ്ദനങ്ങളേറ്റു വാങ്ങേണ്ടി വന്ന് ജീവനൊടുക്കിയ ചെറുപ്പക്കാരൻ ജാതിയില്ലെന്ന ആത്മവഞ്ചനയുടെ കപട സമത്വസുന്ദരവാദങ്ങൾക്കെതിരെ തീക്ഷ്ണമായി വിരൽ ചൂണ്ടുകയാണ് . തകരണം ഈ വ്യാജ വാഗ്ദാനങ്ങൾ. പൊളിച്ചെഴുത്തുകൾക്ക് വഴിമാറാൻ.

നടി ആക്രമിക്കപ്പെട്ട കേസ്സിൽ പ്രബലനായ നടൻ അറസ്റ്റിലായി. ജനപ്രിയ നായകനുവേണ്ടി ഉയർത്താൻ ശ്രമിച്ച സഹതാപതരംഗം സ്ത്രവിരുദ്ധതയുടെ ആഴങ്ങൾ വെളിപ്പെടുത്തി. അഭിനയമോഹത്തിന്റെ പ്രതീക്ഷിച്ച അന്ത്യം എന്നൊക്കെയുള്ള അഭിപ്രായങ്ങൾ 'അറിവും ബോധവു'മുള്ളവരിൽ നിന്നുപോലും ഉയർന്നുവന്നു. നടനെ പിന്തുണച്ച അടൂർ ഗോപാലകൃഷ്ണനെപ്പോലുള്ളവരാണല്ലോ മലയാള സിനിമയുടെ കീർത്തി സ്തംഭങ്ങൾ എന്ന അമർഷം ബാക്കി നിൽക്കുന്നു. ഏതായാലും 'വിമൻ ഇൻ സിനിമ ' കലക്ടീവിന്റെ സാന്നിദ്ധ്യം സിനിമാരംഗത്ത് ലിംഗജനാധിപത്യത്തിന്റെ പാതകൾ വെട്ടിത്തുറക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സ്ത്രീജീവിതാവസ്ഥകളുടെ അപഗ്രഥനസ്ഥാനങ്ങളായാണ് സ്ത്രീവാദസിദ്ധാന്തങ്ങൾ അടയാളപ്പെടുന്നത്. ജീവിതാനുഭവങ്ങൾ സിദ്ധാന്തങ്ങൾക്കും സിദ്ധാന്തങ്ങൾ തിരിച്ച് ജീവിതാനുഭവങ്ങൾക്കും പരസ്പരപൂരകങ്ങളായി നിലകൊണ്ട് വിമോചന മാർഗ്ഗങ്ങൾ ആരായുന്ന ഉദ്യമങ്ങളുടെ ഇടം.സർവ്വകലാശാലകളെ കേന്ദ്രീകരിച്ച് ഉണ്ടായിവന്ന വിജ്ഞാനശാഖകളിലൂടെ സാധ്യമാവുന്ന ജ്ഞാനോൽപാദനം പുരുഷാധികാരപക്ഷമാണെന്ന തിരിച്ചറിവിലാണ് സ്ത്രീപഠന ശാഖകൾക്കു (വിമൻസ് സ്റ്റഡീസ്) വേണ്ടിയുള്ള ആവശ്യങ്ങളുയർന്നത്. വ്യവസ്ഥിതിയോടുള്ള വിമർശനാത്മകകലഹങ്ങൾ ഉയർത്തുന്ന പഠനശാഖ എന്ന നിലയിൽ സാമൂഹ്യ പരിവർത്തനത്തിൽ ഗൗരവമായ പങ്കുവഹിക്കുന്നുണ്ട് ഈ പഠനമേഖല.എന്നാൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്ത്രീപഠനകേന്ദ്രങ്ങൾ അടച്ചുപൂട്ടാനുള്ള ആസൂത്രിത നടപടികളാണ് കേന്ദ്രസർക്കാർ ഈയിടെ കൈക്കൊള്ളാൻ ആരംഭിച്ചിരിക്കുന്നത്. ഇതിനെതിരെ ജാഗ്രതയോടെയുള്ള ഇടപെടലുകൾ ആവശ്യമാണ്. ആഗസ്റ്റ് 23 ന് ദില്ലിയിൽ ഇതിനായി പ്രതിഷേധ കൺവെൻഷൻ നടക്കുകയാണ്.ഐക്യദാർഢ്യം!

കേരളത്തിലെന്നല്ല ഇന്ത്യയിലുടനീളം പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ഉയർന്നു വന്ന സാമൂഹ്യ നവീകരണപ്രസ്ഥാനങ്ങളുടെ ഭാഗമായി 'സ്ത്രീപ്രശ്നങ്ങൾ' ഉയർത്തപ്പെട്ടിട്ടുള്ളതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.സ്ത്രീ വിദ്യാഭ്യാസം, വസ്ത്രധാരണത്തിലെ നവീകരണം, വിധവാ പുനർവിവാഹം തുടങ്ങി അനേകം പരിവർത്തനാഹ്വാനങ്ങളുയർന്നു.എന്നാൽ സ്ത്രീവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള കഠിന പരിശ്രമവേളകളിൽത്തന്നെ അതിന്റെ അതിർവരമ്പുകളും നിർവചിക്കപ്പെട്ടിരുന്നു.ഈ കാലത്ത് രൂപപ്പെട്ടു വന്ന അണുകുടുംബ മാതൃകയിലെ ഉത്ബുദ്ധകുടുംബിനികളായിരുന്നു നവോത്ഥാനലക്ഷ്യം. അതിനാൽ ഈ ലക്ഷ്മണരേഖകളെ മറികടന്ന് പുതുതായി നേടിയ വിദ്യാഭ്യാസയോഗ്യതകൾ കിയാത്മകമായി മുന്നോട്ട് കൊണ്ടുപോയി ഉദ്യോഗസ്ഥകളായിത്തീരാൻ അതിലും കഠിന പരിശ്രമങ്ങളിലൂടെയും ആത്മത്യാഗങ്ങളിലൂടെയും സ്ത്രീകൾ കടന്നുപോകേണ്ടി വന്നു. ഈ പരിശ്രമങ്ങൾ ഒരു നൂറ്റാണ്ടിനു ശേഷം ഇന്നും പരിഹരിക്കപ്പെടാത്ത സംഘർഷങ്ങളിൽ സ്ത്രീകളെ കൊണ്ടെത്തിക്കുന്നുമുണ്ട്. 'ഉദ്യോഗം' എന്ന വിഷയം കേന്ദ്രീകരിച്ച് നടത്തുന്ന അന്വേഷണങ്ങളാണ് സുനീത ബാലകൃഷ്ണൻ അതിഥിപത്രാധിപയായ ഈ ലക്കം സംഘടിതയിൽ. ഗൗരവമായ ആലോചനകൾക്കായി ഇത് വായനക്കാർക്ക് സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്



സുനീത ബാലകൃഷ്ണൻ

ആഗസ്റ്റ് മാസത്തെ സംഘടിതയുടെ അതിഥിപത്രാധിപയായി ചുമതലയേറ്റപ്പോൾ ഞാൻ ഈ ലക്കത്തിനായി തെരഞ്ഞെടുത്തത് 'ഉദ്യോഗം' എന്ന ആശയമായിരുന്നു. അതായതു കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ നിന്നും കഴിഞ്ഞ അമ്പതു വർഷത്തിനിടെ ഉദ്യോഗജീവിതം നയിച്ചവരുടെ അനുഭവക്കുറിപ്പുകളിലൂടെയുള്ള യാത്ര, പ്രസിദ്ധമായ ഉദ്യോഗ'മുഖ'ങ്ങൾ അല്ലാതെ സാധാരണയായതോ, അധികം അറിയപ്പെടാത്തതോ, ഒരു ഓർമ്മപ്പെടുത്തൽ വേണ്ടതോ ആയ അനുഭവങ്ങൾ മാത്രം രേഖപ്പെടുത്തൽ ആയിരുന്നു എന്റെ ഉദ്ദേശ്യം. അതിനായി കുറിപ്പുകൾ തയ്യാറാക്കാൻ ആരെയെങ്കിലും സമീപിക്കും മുമ്പ് വിഷയത്തിനു വ്യക്തത വരുത്താനുള്ള ആലോചനകൾക്കിടയിൽ ഒരു സംശയം തോന്നി.

ഞാൻ ഉദ്ദേശിച്ചത് ശരിക്കും ഉദ്യോഗമോ തൊഴിലോ? ഉദ്യോഗം തന്നെയാണോ തൊഴിൽ? ചിലരോടൊക്കെ അഭിപ്രായം ചോദിച്ചു. പിന്നെ നിഘണ്ടു നോക്കി. ഉദ്യോഗം 'സേവന'മാണ്, 'ജോലി'യാണ്. തൊഴിൽ അങ്ങനെയല്ല 'പ്രയോജനകരമായ പ്രവർത്തന'മാണത്രെ, അല്ലെങ്കിൽ 'ഉപജീവനത്തിനുവേണ്ടി പതിവായി ചെയ്യുന്ന പ്രവൃത്തി'. അപ്പോൾ ഞാൻ രണ്ടായിരത്തി ആറു വരെ ഒരു പൊതുമേഖലാസ്ഥാപനത്തിന് വേണ്ടി ചെയ്തിരുന്ന അഡ്മിൻ പണി ഉദ്യോഗമാണ് തൊഴിലുമാണ്. എന്നാൽ കഴിഞ്ഞ പതിനൊന്നു വർഷമായി ആരുടേയും കീഴിലല്ലാതെ ചെയ്യുന്ന പലതരം എഴുത്ത്പണി തൊഴിൽ മാത്രമാവുമോ? നിർവചനങ്ങളുടെ കൃത്യത അങ്ങനെ ത്രിശങ്കുവിൽ നിർത്തിക്കൊണ്ട് ഏതായാലും സേവനവും ജോലിയും ചെയ്തിരുന്ന സ്ത്രീകളിലേക്ക് എന്റെ അന്വേഷണം പരിമിതപ്പെടുത്തി. അതുകൊണ്ട് തന്നെ കയർ, കശുവണ്ടി, കുടുംബശ്രീ തുടങ്ങിയ ഇടങ്ങളിലെ സ്ത്രീകൾ ഈ ലക്കത്തിൽ വരുന്നില്ല.

ഇന്നും സ്ത്രീകൾ ഇവിടെ ഏറ്റവും കൂടുതൽ ഏർപ്പെടുന്ന ഉദ്യോഗം അദ്ധ്യാപനം തന്നെയാണ്. ഒപ്പം പ്രിയതരമാകുന്നത് നഴ്സിംഗ്, മാധ്യമ, ബാങ്ക് മേഖലകൾ. പിന്നെ ഇപ്പോൾ ഐ ടിയും. നമ്മുടെ മുന്നിൽ അനുഭവക്കുറിപ്പുമായി എത്തുന്ന അദ്ധ്യാപികമാർ പല പ്രായക്കാരാണ്. അവർ അൻപതുകളിലും, അറുപതുകളിലും പിന്നെ എൺപതുകളിലും ജോലിയിൽ കയറിയവർ. അവരുടെ അനുഭവങ്ങളിൽ സാദൃശ്യമുണ്ടെങ്കിലും കാലം മുമ്പോട്ടു പോകുമ്പോൾ അവരുടെ സാഹചര്യങ്ങൾ മാറുന്നത് നമുക്ക് വായിച്ചറിയാം. അവകാശങ്ങൾ തീരെ കുറഞ്ഞ വർഗമായിരുന്നു അന്ന് അദ്ധ്യാപകർ. ഭരണത്തിനും, മാനേജ്മെന്റിനും മുന്നിൽ കുനിഞ്ഞു നിൽക്കുകയല്ലാതെ നിവൃത്തിയില്ലായിരുന്നവർ.

അറുപതുകളിൽ കേരളത്തിലെ ആദ്യ പോസ്റ്റ് വുമണായ ആനന്ദവല്ലിയും, സർക്കാർതല ദുരന്തനിവാരണ രംഗത്ത് ഭാരതത്തിലെ തന്നെ ആദ്യ വനിതാ സാന്നിദ്ധ്യമായ ഡോ. കെ.ജി. താരയും ഇവിടെ എഴുതിയിട്ടുണ്ട്. ഗൾഫിലെയും ഇവിടത്തെയും മാധ്യമരംഗത്തെ അനുഭവങ്ങളുമായി നസീം ബീഗം, ജർമ്മനിയിലെ നഴ്സിംഗ് മേഖലയിലെത്തിപ്പെട്ട കഥയുമായി ഫ്രെഡ്രീനാ നസറെത്ത്, ബാങ്കിംഗ് എന്ന തൊഴിൽ മേഖലയിലെ രണ്ടര പതിറ്റാണ്ടിലെ മാറ്റങ്ങളെപ്പറ്റി ഷീല രാഹുലൻ, ഐ ടി മേഖലയിലെ ദീർഘകാലത്തെ അനുഭവങ്ങളുമായി വിനയ രാഘവൻ എന്നിവരും ഈ ലക്കത്തിൽ നിങ്ങളോട് സംസാരിക്കുന്നു.

സർക്കാർ ഓഫീസുകളിലെ ഭരണതല ഉദ്യോഗങ്ങൾ , ഡോക്ടർ, ശാസ്ത്രജ്ഞ, സർവീസ്, പോലീസ് തുടങ്ങിയ മേഖലകളിലെ സ്ത്രീകൾ എന്നിവരെക്കുറിച്ചുകൂടി എഴുതണമെന്നുണ്ടായിരുന്നു, പക്ഷെ അതിനു ഒരു ലക്കം തികയില്ല എന്ന് തോന്നുന്നു. മറ്റൊരു അവസരത്തിൽ അത് ചെയ്യാനാകും എന്ന് വിശ്വസിച്ചുകൊണ്ടു ഈ ലക്കം നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

**സുനീത ബാലകൃഷ്ണൻ**

*ഇരുപത്തൊന്നു കൊല്ലം പൊതുമേഖലയിൽ ജോലി. 2006 മുതൽ എഴുത്ത് തൊഴിലായി സ്വീകരിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും സ്വതന്ത്രപത്രപ്രവർത്തനം, വെബ് കണ്ടന്റ്, എഡിറ്റിംഗ്, തർജ്ജുമ, തുടങ്ങിയ മേഖലകളിലും, നവമാധ്യമരംഗത്തും സജീവം. നോവലുകളും, ഒരു കവിതാസമാഹാരവും, രണ്ടു ഭാഷകളിലായി നാല് തർജ്ജുമകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ (www.womenpoint.in) വിമൻ പോയിന്റ് എന്ന കേരളസ്ത്രീകളെക്കുറിച്ചുള്ള വെബ്സൈറ്റിന്റെ എക്സിക്യൂട്ടിവ് എഡിറ്റർ. Email id: suneethabalakrishnan@gmail.com*



സലീല രാധാകൃഷ്ണൻ

ആനന്ദവല്ലി, ജനനം ആലപ്പുഴ തത്തംപള്ളിയിൽ അവലൂക്കുന്ന് പറമ്പിൽ 1933 സെപ്തംബർ 6 ന്. കേരളത്തിലെ ആദ്യ പോസ്റ്റ് വുമൺ. 1991–ൽ മുഹമ്മ പോസ്റ്റോഫീസിൽനിന്ന് പോസ്റ്റ് മിസ്ട്രസ്സായി വിരമിച്ചു

1952–ൽ ആലപ്പുഴ സനാതനധർമ്മ കോളേജിൽനിന്ന് ഡി.കോം. (ഡിപ്ലോമ ഇൻ കോമേഴ്സ്) പാസ്സായ കെ.ആർ.ആനന്ദവല്ലി കേരളത്തിലെതന്നെ ആദ്യ പോസ്റ്റ് വുമൺ ആയിരിക്കും. രാജഭരണകാലത്ത് തപാലുരുപ്പടി വിതരണത്തിനായി ഓടിപ്പൊയ്ക്കൊണ്ടിരുന്നവരെ 'അഞ്ചലോട്ടക്കാർ' എന്നാണ് വിളിച്ചിരുന്നത്. രാജഭരണം അവസാനിച്ചപ്പോൾ അഞ്ചലോട്ടം എന്ന പേരുമാറി പോസ്റ്റ് മാനും, പോസ്റ്റ് വുമണുമായി. പുരുഷന്മാർ മാത്രം വിന്യസിച്ചിട്ടുള്ള ഈ മേഖലയിൽ അന്ന് ഒരു സ്ത്രീ സൈക്കിൾ ചവിട്ടി തപാൽ ഉരുപ്പടികളുമായി എത്തേണ്ട സ്ഥലത്ത് എത്തിക്കുക എന്നത് അത്ഭുതകരമായ കാര്യം ആയിരുന്നു.

# ആനന്ദവല്ലി എന്ന അഞ്ചലോട്ടക്കാരി : കേരളത്തിലെ ആദ്യ പോസ്റ്റ് വുമൺ



പെൺകുട്ടികൾക്ക് എല്ലാ കാര്യങ്ങളിലും പരിമിതികൾ ഉണ്ടായിരുന്ന കാലത്താണ് ഈ വനിത സാഹസകരമായ ഈ ജോലിയിൽ ഏർപ്പെട്ടിരുന്നത്. അന്ന് ഉയർന്ന വിദ്യാഭ്യാസമുണ്ടായിട്ടും എന്തുകൊണ്ടീ ജോലി തിരഞ്ഞെടുത്തു എന്നതിന് ആനന്ദവല്ലിക്ക് ഒറ്റ ഉത്തരമേയുള്ളൂ, 'ഈ ജോലിയാണ് കിട്ടിയത്. കിട്ടിയത് വിട്ടുകളഞ്ഞില്ല'.

സാമ്പത്തിക ബുദ്ധിമുട്ടുകളില്ലാത്ത കുടുംബത്തിലാണ് ആനന്ദവല്ലി ജനിച്ചത്. ആലപ്പുഴ തത്തംപള്ളിയിൽ അവലൂക്കുന്ന് പറമ്പിൽ ആയുർവേദ വൈദ്യകലാനിധി കെ.ആർ.രാഘവൻ വൈദ്യരുടെ ഏഴുമക്കളിൽ മൂത്തയാളായിരുന്നു ആനന്ദവല്ലി. പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം എസ്.ഡി.കോളേജിൽ ചേരുകയായിരുന്നു. പൊതുവെ സ്കൂൾ വിദ്യാഭ്യാസം കൊണ്ട് പഠിപ്പ് അവസാനിപ്പിച്ച് അടുക്കളയിലേക്കും തുടർന്ന് വിവാഹത്തിലേക്കും, ഒതുങ്ങുന്ന ജീവിതമായിരുന്നു അന്ന് പെൺകുട്ടികൾക്ക്. അപ്പോഴാണ് കിലോമീറ്ററുകളോളം സൈക്കിൾ ചവിട്ടി ആനന്ദവല്ലി കോളേജിൽ പോയിരുന്നത്. റോഡുസൗകര്യമോ, വാഹനങ്ങളോ നാമമാത്രമായിരുന്നു അന്ന്. കോളേജ് പഠനം വിദൂരസ്വപ്നമായിരുന്ന അക്കാലത്ത് സൈക്കിളിൽ വരുന്ന വെളുത്തുമെലിഞ്ഞ സുന്ദരിക്ക് സഹപാഠികളായ ആൺകുട്ടികളിൽ നിന്നും കിട്ടിയ പൂർണ്ണ സഹകരണവും, നല്ല അനുഭവവും മാത്രമേ പറയാനുള്ളൂ. അച്ഛൻ വാങ്ങിക്കൊടുത്ത റാലിസൈക്കിളിലായിരുന്നു ആനന്ദവല്ലിയുടെ യാത്ര. ഒരു പെൺകുട്ടി സൈക്കിൾ ചവിട്ടിവരുന്നത് ആളുകൾ കൗതുകത്തോടെ നോക്കിയിരുന്നു. പിന്നീട് തപാൽവകുപ്പിലെ ജോലിക്കിടെ ഉണ്ടായ രസകരമായ അനുഭവങ്ങൾ അവർ വിവരിക്കുമ്പോൾ ആനന്ദവല്ലിയുടെ കണ്ണുകളിൽ ഇപ്പോഴും നക്ഷത്രത്തിളക്കം.

കേരളത്തിലെ റോഡുകളിൽ ട്രാഫിക് പോലീസിനെ ഏർപ്പെടുത്തിയത് ആ കാലയളവിലാണ്. ആലപ്പുഴയിലെ റോഡിൽക്കൂടി സൈക്കിൾചവിട്ടി വരുന്ന ആനന്ദവല്ലിയെക്കണ്ട് ട്രാഫിക് പോലീസ് നോക്കിനിന്നു. വാഹനങ്ങളുടെ നിർത്താത്ത ഹോൺശബ്ദം കേട്ടപ്പോഴാണ് ട്രാഫിക് പോലീസിന് അബദ്ധം മനസ്സിലായത്. പിന്നീടൊരിക്കൽ പോലീസ് സ്റ്റേഷനിൽ തപാൽ ഉരുപ്പടികളുമായി പോയ കഥ ഇന്നും ചിരിച്ചുകൊണ്ട് അവർ അയവിറക്കുന്നു. പോലീസ് സ്റ്റേഷനിലോ കോടതിയിലോ എവിടെ വേണമെങ്കിലും തപാൽജോലിക്കാർക്ക് അനുവാദത്തിനു കാത്തുനില്ക്കേണ്ടതില്ല.

അങ്ങനെ ഒരുദിവസം രജിസ്റ്റേർഡ് കത്തുമായി ആനന്ദവല്ലി പോലീസ് സ്റ്റേഷനിൽ ചെല്ലുമ്പോൾ



**പെൺകുട്ടികൾക്ക് എല്ലാ കാര്യങ്ങളിലും പരിമിതികൾ ഉണ്ടായിരുന്ന കാലത്താണ് ഈ വനിത സാഹസകരമായ ഈ ജോലിയിൽ ഏർപ്പെട്ടിരുന്നത്. അന്ന് ഉയർന്ന വിദ്യാഭ്യാസമുണ്ടായിട്ടും എന്തുകൊണ്ടീ ജോലി തിരഞ്ഞെടുത്തു എന്നതിന് ആനന്ദവല്ലിക്ക് ഒറ്റ ഉത്തരമേയുള്ളൂ, "ഈ ജോലിയാണ് കിട്ടിയത്. കിട്ടിയത് വിട്ടുകളഞ്ഞില്ല".**



എസ്.ഐ. കാലൊക്കെ മേശയ്ക്കു മുകളിൽവച്ച് കസേരയിൽ മലർന്നുകിടന്ന് ഉറങ്ങുന്നു. ആനന്ദവല്ലി ചെറുതായി ഒന്നു ശബ്ദമുണ്ടാക്കി. ഞെട്ടിയുണർന്ന എസ്.ഐ. കണ്ടത് പോസ്റ്റു വുമണിനെയാണ്. പറ്റിയ അമളി പുറത്തുകാണിക്കാതിരിക്കാൻ അദ്ദേഹം ചാടിയെഴുന്നേറ്റ് കസേരയിൽ നേരെ ഇരുന്നു. എന്നിട്ട് ചിരിച്ചും കൊണ്ടു പറഞ്ഞത്രേ, ഒന്നു മുട്ടിയിട്ടുവരാൻ പാടില്ലായിരുന്നോ എന്ന്.

ടെലഫോണോ, വാഹനസൗകര്യമോ വിരളമായ ആ കാലത്ത് വെളുപ്പിന് നാലരമണിക്ക് വരുന്ന മെയിൽവണ്ടിയിൽ നിന്ന് തപാലുരുപ്പടികൾ ഒപ്പിട്ട് വാങ്ങേണ്ട ജോലി ആനന്ദവല്ലിയുടേതായിരുന്നു. ഔദ്യോഗികജീവിതത്തിലെ കൃത്യനിഷ്ഠകൾക്ക് ഒരു വിട്ടുവീഴ്ചയ്ക്കും ആനന്ദവല്ലി തയ്യാറല്ലായിരുന്നു. പലപ്പോഴും കുഞ്ഞിന് പാൽപോലും കൃത്യസമയത്ത് കൊടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. പോസ്റ്റ് വുമണായി 5 വർഷത്തിലധികം ജോലി ചെയ്തശേഷം ടെസ്റ്റെഴുതി പാസ്സായി ക്ലാർക്കായി. പിന്നീട് പോസ്റ്റ് മിസ്ട്രസ്സായാണ് വിരമിക്കുന്നത്. വിവാഹത്തിനു മുൻപ് അച്ഛനും വല്യച്ഛനും മറ്റു കുടുംബാംഗങ്ങളും പൂർണ്ണ പിന്തുണ നല്കിയിരുന്നു. വിവാഹശേഷം ഭർത്താവും ആനന്ദവല്ലിയുടെ ജോലിക്ക് പിന്തുണയേകി.

1967 ആഗസ്റ്റ് 17-ന് സംസ്കൃതാദ്ധ്യാപകനും പണ്ഡിതനുമായ മുഹമ്മ തോട്ടുമുഖപ്പിൽ കൊച്ചാപ്പന്റെ മകൻ വി.കെ.രാജൻ ആനന്ദവല്ലിയെ വിവാഹം കഴിച്ചു. ഭർത്താവിന്റെ പ്രോത്സാഹനമില്ലായിരുന്നെങ്കിൽ ഔദ്യോഗിക കൃത്യനിർവ്വഹണം ഭംഗിയായി നടത്താൻ സാധിക്കില്ലായിരുന്നുവെന്ന് ആനന്ദവല്ലി പറയുന്നു.

97 രൂപ 50 പൈസയായിരുന്നു അന്ന് ശമ്പളം. അതുകൊണ്ട് അന്ന് സുഖമായി ജീവിക്കാൻ പറ്റുമെന്ന് അവർ അവകാശപ്പെടുന്നു. ജില്ലവിട്ട് പോസ്റ്റ് വുമണിനെ ദൂരെ സ്ഥലത്ത് നിയമിക്കില്ലായിരുന്നു. ആലപ്പുഴയിലെ വിവിധ പോസ്റ്റോഫീസുകളിൽ ജോലിനോക്കിയിട്ടുണ്ട്. മോശമോ, തിക്തമോ ആയ ഒരനുഭവം പോലും പോസ്റ്റ് വുമൺ എന്ന നിലയിലുള്ള തന്റെ ഔദ്യോഗികജീവിതത്തിലുണ്ടായിട്ടില്ല എന്ന് എൺപത്തിനാലിലും, പതിനേഴിന്റെ പ്രസരിപ്പോടെ ആനന്ദവല്ലി പറയുന്നു. സൈക്കിൾ ചവിട്ടി കോളേജിൽ പോകുമ്പോൾ, ബസ് ജീവനക്കാർ തമാശയോടെ പറയും 'ഞങ്ങളുടെ ഒന്നരച്ചക്രം പോയി' എന്ന്. ഒന്നരച്ചക്രമായിരുന്നു അന്ന് വണ്ടിക്കാശ്.

ശാന്തമായൊഴുകുന്ന വേമ്പനാട്ടുകായലിന് അഭിമുഖമായുള്ള വീട്ടിൽ ആനന്ദവല്ലി ഇന്ന് വിശ്രമജീവിതത്തിലാണ്. ഏകമകൻ ധനരാജ് കൂട്ടിനുണ്ട്. എൺപത്തിനാലു വയസ്സിന്റെ പ്രായാധിക്യത്തിലും തന്റെ ഔദ്യോഗികജീവിതത്തെയും, കഴിഞ്ഞ കാലങ്ങളെയും പറ്റി ഓർക്കുമ്പോൾ ആനന്ദവല്ലി സംതൃപ്തയാണ്.

തയ്യാറാക്കിയത്
സലീല രാധാകൃഷ്ണൻ (സ്വതന്ത്ര മാദ്ധ്യമ പ്രവർത്തക, ചേർത്തല എരമല്ലൂർ സ്വദേശി.)

---

## കവിത

ഡോ. ദിവ്യ എൻ.

# രക്തസാക്ഷി

അടച്ചിട്ട മുറിയിൽ ദിവസങ്ങൾ
ഉരുകിയൊലിച്ചു.
നിമിഷങ്ങൾ നദികളായി
അനന്തതയുടെ കടൽ തേടിയൊഴുകി.
പൊടിയടിഞ്ഞ പുസ്തക ഷെൽഫിൻറെ
ആത്മാവിൽ നിന്ന്
മാർക്സും മാർക്വേസും
പ്രണയവും വിപ്ലവും പാടി.
ഭിത്തിയിൽ ഉറങ്ങി കിടന്ന തോൾസഞ്ചിയിൽ,
കാലം ജീവിതം കുത്തിക്കയറ്റി.

മേശമേലിരുന്ന ഡയറിയിൽ,
ജീവിതം കഥകളെഴുതിയപ്പോൾ .
പാതിയൊഴിഞ്ഞ മഷിക്കുപ്പിയിൽ
ആവേശം നീലിച്ചു കിടന്നു.
അടഞ്ഞ അലമാരിയിൽ,
നഷ്ടപെട്ട കാലം ,
ഗൃഹാതുരതയോടെ ഒളിച്ചു.

ഒഴിഞ്ഞ കിടക്കയിലെരിഞ്ഞ
ഓർമ്മകളിൽ നിന്നൊരു സ്വപ്നം
പതിയെ പിൻവാങ്ങിയപ്പോൾ
ഭൂതകാലത്തിൻറെ ചുവന്ന ഞരമ്പിൽ,
ഒരു ക്ഷുഭിത യൗവനത്തിൻറെ
രക്തം കട്ട പിടിച്ചു കിടന്നു.



നസീം ബീഗം

# മാധ്യമപ്രവർത്തനം : ഒരു താരതമ്യപഠനം

***കഴിഞ്ഞ പതിമൂന്നു വർഷമായി യു എ ഇ യിലെ അച്ചടിമാദ്ധ്യമരംഗത്ത് തുടരുന്ന നസീം ബീഗം അതിനുമുൻപ് അഞ്ചു വർഷം കലാകൌമുദി വാരികയുടെ പത്രാധിപസമിതി അംഗവുമായിരുന്നു. ''മൈ  മദർ ഡിഡ് നോട്ട് ഗോ ബാൾട്' എന്നൊരു പുസ്തകവും രചിച്ചിട്ടുണ്ട് .***

ചുറ്റുപാടുകളോട് സ്വതന്ത്രമായി പ്രതികരിക്കാനും സാമൂഹികമായ മാറ്റങ്ങൾക്കും, സർവോപരി, മതനിരപേക്ഷത ഉറപ്പാക്കുന്ന ഒരേ ഒരു തൊഴിലാണ് പത്രപ്രവർത്തനം എന്നും എങ്ങനെയോ ഒരാശയം ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ മനസ്സിൽ ഉണ്ടായി. സ്ത്രീകൾ അധികം കടന്നുവരാത്ത വെല്ലുവിളികൾ നിറഞ്ഞൊരു മേഖല എന്നതും മാധ്യമപ്രവർത്തനത്തോട് ഒരു പ്രത്യേക മമത ഉണ്ടാക്കി. അങ്ങനെ മറൈൻ എഞ്ചിനീയറിംഗ്, ഇന്ത്യൻ ആർമി, പൊലീസ്, ഐ എ എസ് , ഐ പി എസ് അടങ്ങിയ നീണ്ട പട്ടിക ചുരുക്കി ഒടുവിൽ പത്രപ്രവർത്തനത്തിൽ എത്തി. പിന്നീടെപ്പോഴോ ലീല മേനോൻ എന്ന പത്രപ്രവർത്തകയെ കുറിച്ചറിഞ്ഞപ്പോൾ ഉറപ്പിച്ചു: സ്വന്തം കാലിൽ നിൽക്കാൻ പത്രപ്രവർത്തനം മതി.

അല്പം പഴങ്കഥ പറയാൻ വായനക്കാർ അനുവദിക്കണം. ഇന്ന് മാതാപിതാക്കൾ അഭിമാനത്തോടെ പെൺകുട്ടികളെ പത്രപ്രവർത്തന മേഖല തിരഞ്ഞെടുക്കാൻ അനുവദിക്കുമ്പോൾ 90-കളിൽ അതൊരു തല്ലുകൊള്ളി പണിയാണ്, പെൺകുട്ടികൾക്ക് പറ്റിയതല്ല എന്നൊരു മുൻവിധി സമൂഹത്തിലുടനീളം ഉണ്ടായിരുന്നു.

രാഷ്ട്രീയ-സാംസ്കാരിക പാരമ്പര്യത്തിന്റെ പിൻബലത്തോടെ അല്ലെങ്കിൽ മാധ്യമപ്രവർത്തകനായ അച്ഛന്റെയോ സഹോദരന്റെയോ ഭർത്താവിന്റെയോ സഹായത്തോടെ നഗരകേന്ദ്രീകൃതമായി മാത്രം നടക്കുന്ന പത്രപ്രവർത്തന പരിശീലനമേഖലയിലേക്ക് അക്കാലത്ത് നാട്ടിൻപുറങ്ങളിൽ നിന്ന് പെൺകുട്ടികൾക്ക് എത്തിപ്പെടാൻ കഠിനമായ പ്രയത്നം കൂടിയേതീരൂ. മുസ്ലിം സമുദായത്തിലാണ് ജനിച്ചതെങ്കിൽ ബുദ്ധിമുട്ടുകൾ നിരവധിയാണ്. ഇരുപതു വയസ്സാകും മുൻപേ വിവാഹം. ജോലി ചെയ്യുന്നത് എന്തിന്, സ്ത്രീധനത്തിനായി കൊടുക്കേണ്ട പണം വിദ്യാഭ്യാസത്തിനായി എന്തിന് ചെലവാക്കണം തുടങ്ങി ഇന്നത്തെ തലമുറയ്ക്ക് ആലോചിക്കാൻ കൂടി പറ്റാത്ത വിധമുള്ള എതിർപ്പുകൾ വെറും പത്തു പതിനഞ്ചു വർഷം മുൻപുണ്ടായിരുന്നു.

അതു കൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസത്തിനായി പെൺകുട്ടികളെ വിടുന്നത് പോലും അപൂർവ്വം. എന്നിട്ടും എന്റെ വാശിക്ക് മുന്നിൽ അമ്മയുടെ മൗനാനുവാദം കൂടിയായപ്പോൾ പഠിക്കുക, സ്വന്തം കാലിൽ നിൽക്കുക എന്ന ലക്ഷ്യത്തിനായി പരിശ്രമിച്ചു.

പത്രപ്രവർത്തനമോഹം മനസ്സിൽ സൂക്ഷിച്ചു കൊണ്ട്

തന്നെ വീട്ടുകാരുടെ ആഗ്രഹപ്രകാരം എഞ്ചിനീയറിംഗ് എൻട്രൻസ് ഒരു തയ്യാറെടുപ്പും ഇല്ലാതെ എഴുതി. പരാജയപ്പെടാൻ വേണ്ടി എഴുതിയെങ്കിലും സിവിൽ എൻജിനീയറിങ്ങിന് അഡ്മിഷൻ കിട്ടി. പക്ഷേ സംഭവിച്ചത് മറ്റൊന്നായിരുന്നു. പ്രീഡിഗ്രി പരീക്ഷയിൽ കണക്കിന് മാർക്ക് പോരാ. നന്നായി എഴുതിയ പരീക്ഷക്ക് മാർക്ക് കുറഞ്ഞതിൽ എന്തോ അപാകതയുണ്ടെന്നു തോന്നി എങ്കിലും മനസ്സ് കൊണ്ട് എഞ്ചിനീയറിംഗ് എന്ന കുരിശു ഒഴിഞ്ഞുപോയല്ലോ എന്നൊരു സമാധാനമായിരുന്നു. പത്രപ്രവർത്തന സാധ്യത വീണ്ടുമെത്തി. അങ്ങനെ ഇംഗ്ലീഷ് സാഹിത്യം ഐച്ഛികവിഷയമായി എടുത്തു.

1993 –ൽ ഡിഗ്രി കഴിഞ്ഞപ്പോൾ മനസ്സിലെ ആഗ്രഹം വീണ്ടുമവതരിപ്പിച്ചു. അപ്പോഴും തടസ്സം നീങ്ങിയില്ല. കാശു കൊടുത്തു പെൺകുട്ടികൾ ബംഗ്ലൂരുവിലും മറ്റും ബി.എഡിന് പോകുന്ന കാലം. മെറിറ്റിൽ തിരുവനന്തപുരം ബാർട്ടൻഹിൽ സ്കൂൾ കാമ്പസിൽ ഉണ്ടായിരുന്ന സെഷണൽ ബി എഡിന് സീറ്റ് കിട്ടിയപ്പോൾ സ്വന്തം ആഗ്രഹം ഉടനെ എങ്ങും നടക്കാൻ പോകുന്നില്ലെന്ന് കണ്ട് വീണ്ടും വീട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി.

അടുത്ത വീട്ടിലെ ഗീതയെയും ലതയെയും പോലെ നിനക്ക് അടങ്ങി ഒതുങ്ങി കഴിഞ്ഞുകൂടെ? അവർക്ക് വിവാഹം കഴിക്കാമെങ്കിൽ പിന്നെ നിനക്കെന്ത്; പഠിച്ചിട്ടു എന്തു നേടാൻ പോകുന്നു എന്നൊക്കെയുള്ള നിരുൽസാഹപ്പെടുത്തുന്ന നിരവധി ചോദ്യങ്ങൾ അച്ഛൻ നഷ്ടപ്പെട്ട ഏതൊരു പെൺകുട്ടിയും നേരിടുന്നത് പോലെ നേരിട്ട കാലം. പത്രപ്രവർത്തനം പഠിക്കാനായി കാശ് ആരും ചെലവാക്കുമെന്നു കരുതുകയും വേണ്ട എന്ന് കൂടി കേട്ടപ്പോൾ പഠിത്തം തുടരാൻ, വിവാഹം എന്ന വയ്യാവേലിയിൽ നിന്ന് രക്ഷപ്പെടാൻ ഇംഗ്ലീഷ് അധ്യാപനം പഠിക്കാൻ തീരുമാനിച്ചു. ബി.എഡ് കഴിഞ്ഞാൽ എങ്ങനെയും ഒരു ജോലി, എന്നിട്ട് ആരുടേയും സഹായമില്ലാതെ പത്രപ്രവർത്തനം പഠിക്കാം എന്ന ആഗ്രഹം. ഒടുവിൽ 1996 –ൽ പി ജിയും കഴിഞ്ഞു അക്കൊല്ലം ജൂണിൽ തന്നെ തിരുവനന്തപുരത്തെ അമ്പലത്തറയിൽ പുതിയതായി തുടങ്ങിയ മുസ്ലിം മാനേജ്മെന്റിന് കീഴിലുള്ള ഒരു സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയായി ചേർന്നു. പകൽ അദ്ധ്യാപിക, വൈകുന്നേരം വിദ്യാർഥി.

അപ്പോഴേക്കും ചുറ്റിനും നിന്നുയരുന്ന എതിർപ്പുകളെ വെല്ലുവിളികൾ എന്നതിനേക്കാൾ തമാശയായി കാണാൻ പഠിച്ചിരുന്നു. ഒടുവിൽ 1999–ൽ പേട്ടയിലെ കേരളകൗമുദി വളപ്പിൽ തന്നെ പ്രവർത്തിച്ചിരുന്ന കലാകൗമുദിയിലെ ഏക വനിതാ പത്രപ്രവർത്തകസമിതി അംഗമായി ചേർന്നു. എൻ ആർ എസ് ബാബു പത്രാധിപരായിരുന്ന കാലത്ത് പ്രഗത്ഭരായ പത്രപ്രവർത്തകർക്കൊപ്പം പത്രപ്രവർത്തനത്തിൽ പരിശീലനം നേടിയ



ആദ്യത്തെ മാധ്യമപ്രവർത്തകയായി ചേരുമ്പോൾ കേരളകൗമുദി പത്രത്തിലാകട്ടെ ഒരൊറ്റ വനിതാ പത്രാധിപസമിതി അംഗം പോലുമില്ല. കലാകൗമുദിയുടെ ഭാഗമായ വെള്ളിനക്ഷത്രത്തിൽ രണ്ടു വനിതകൾ, കൗമുദി വെബ്സൈറ്റിൽ മറ്റു രണ്ടുപേർ; അങ്ങനെ ആകെ അഞ്ചു സ്ത്രീകൾ മാത്രമായിരുന്നു അന്നവിടെ പത്രപ്രവർത്തകരായി ഉണ്ടായിരുന്നത്. ഡി ടി പി ജോലികൾക്കായി നിരവധി സ്ത്രീകൾ ഉണ്ടായിരുന്നുതാനും. പ്രൂഫിലും സ്ത്രീകൾ ഉണ്ടായിരുന്നു. ഞങ്ങൾ മൂന്നുപേർ ഒഴികെ ബാക്കിയുള്ള വനിത ജീവനക്കാരെല്ലാം സാരി വേഷമായി സ്വീകരിച്ചവർ.

ഒരു ദിവസം ഒരു ലോങ്ങ് സ്കേർട്ട് ധരിച്ചു ഓഫിസിൽ എത്തിയപ്പോൾ ഇത് പത്രസ്ഥാപനമാണ്, കോളേജല്ല എന്ന ഉപദേശം കിട്ടിയതോടെ മിഡി മോഹം ഉപേക്ഷിച്ചു. ഖദറും സഞ്ചിയുമൊക്കെ പത്രപ്രവർത്തകരുടെ ലേബൽ ആയിരുന്ന കാലത്തു മിഡി വേണ്ടെന്നുള്ള എഡിറ്ററുടെ ഉപദേശം വിലക്കായും തോന്നിയില്ല. കലാകൗമുദിയുടെ ഉത്തരവാദിത്തമുള്ള ജോലിക്കും അന്തരീക്ഷത്തിനും യോജിച്ചതല്ല മിഡിയെന്നു തോന്നുകയുംചെയ്തു.

അഞ്ചു കൊല്ലമാണ് കലാകൗമുദിയിൽ കള്ളിക്കാട് രാമചന്ദ്രൻ, ഇ വി ശ്രീധരൻ, വിജു വി നായർ തുടങ്ങിയവർ ഉൾപ്പെടുന്ന പത്രാധിപ സമിതിയിലെ അംഗമെന്ന നിലക്ക് മാധ്യമപ്രവർത്തനം ചെയ്തത്. സ്ത്രീയെന്ന

മുൻഗണന വേണം എന്നൊന്നും ആവശ്യപ്പെടരുത് എന്നൊരു ഉപദേശമാണ് എൻ ആർ എസ് ജോയിൻ ചെയ്തപ്പോൾ നൽകിയത്. പക്ഷേ എൻ ആർ എസ്സിന്റെ വിശാലമനസ്കത ഉള്ളവരല്ല ഒപ്പമുള്ള എല്ലാവരും എന്ന് അധികം വൈകാതെ മനസിലാക്കി. ഇന്ന് ഗ്ലാമറും പ്രശസ്തിയും മാത്രമാഗ്രഹിച്ചു പത്രപ്രവർത്തകരായി മാറുന്ന പെൺകുട്ടികൾക്ക് ഊഹിക്കാൻ പോലുമാകാത്ത വിധമുള്ള കടുത്ത ശിക്ഷണമാണ് അന്നവിടെ നിന്ന് ലഭിച്ചത്. ജോലിയിലെ ഏതു പ്രതിസന്ധിയും നേരിടാൻ കരുത്തേകിയ അനുഭവപാഠം പ്രവാസിയായപ്പോഴാണ് ഗുണകരമായത്.

ആറു മാസത്തെ കടുത്ത ശിക്ഷണത്തിനൊടുവിൽ എഡിറ്റോറിയൽ മീറ്റിങ്ങിൽ ഇരിക്കാൻ ഒരിടം കിട്ടിയപ്പോൾ ഒരു പെണ്ണിന്റെ ഒപ്പം എഡിറ്റോറിയൽ മീറ്റിംഗിൽ പങ്കെടുക്കാൻ  പറ്റില്ല എന്നൊരു മുതിർന്ന, കഥാകൃത്തുകൂടിയായ, പത്രപ്രവർത്തകൻ പറഞ്ഞപ്പോൾ, എങ്കിൽ മീറ്റിംഗിൽ കൂടേണ്ട എന്ന് ചങ്കൂറ്റത്തോടെ പറയാൻ സാധിച്ച എൻ ആർ എസ്സിനെ പോലെ മറ്റൊരു സ്ത്രീപക്ഷ എഡിറ്ററെ പതിനെട്ടു കൊല്ലത്തിലധികമായ മാധ്യമപ്രവർത്തന ജീവിതത്തിൽ കണ്ടതുമില്ല. കാലാന്തരേണ എതിർത്തവരിലും മതിപ്പുണ്ടാക്കാൻ സാധിച്ചു എന്ന ചാരിതാർഥ്യത്തോടെ ജോലിവിട്ടു യു.എ.ഇ യിൽ എത്തിയപ്പോഴാണ് അവിടെ നിന്ന് ലഭിച്ച അനുഭവസമ്പത്തിന്റെ വ്യാപ്തി അറിയുന്നത്.

തിരിഞ്ഞുനോക്കുമ്പോൾ അക്കാലത്ത് കേരളത്തിലെ മാധ്യമലോകം യു. എ. ഇയിലെ പോലെ അത്രക്കൊന്നും സ്ത്രീവിരുദ്ധമല്ല എന്ന് നാല് മാധ്യമസ്ഥാപനങ്ങളിൽ ജോലി ചെയ്ത പരിചയം വച്ചുപറയാം. പത്രപ്രവർത്തനപരിശീലനം നേടിയവരല്ല യു എ ഇയിലെ പത്രങ്ങളിൽ ജോലിചെയ്യുന്ന ഭൂരിഭാഗവും.

അതുകൊണ്ടുതന്നെ കലാകൗമുദിയിലെ പരിചയവുമായി യു.എ.ഇയിൽ എത്തിയപ്പോൾ നിരാശ തോന്നി. രാഷ്ട്രീയവും സാഹിത്യവും ചൂടുപിടിച്ച ചർച്ചകളുമില്ലാത്ത തണുപ്പൻ ന്യൂസ്റൂം. പത്രപ്രവർത്തനപരിചയമില്ലാത്ത സഹപ്രവർത്തകർ, പത്രപ്രവർത്തനത്തിന്റെ ബാലപാഠം പോലുമറിയാത്തവർ ഉന്നതസ്ഥാനങ്ങളിൽ, ഒരു സംശയം വന്നാൽ നാട്ടിലേക്ക് വിളിക്കണമെന്ന അവസ്ഥ, മറ്റേതു തൊഴിലും പോലെയെ പത്രപ്രവർത്തനത്തെ ഇവിടെ കാണുന്നുള്ളൂ എന്നൊക്കെയുള്ള അവസ്ഥകൾ ആദ്യമൊക്കെ ഞെട്ടിച്ചുവെങ്കിലും ശൈശവദശയിലാണ് ഗൾഫ് മേഖലയിലെ മാധ്യമമേഖല എന്നറിഞ്ഞപ്പോൾ അതിനെക്കുറിച്ച് കൂടുതൽ അറിയാനുള്ള ശ്രമമായി. കരുതലോടെ ശ്രമിച്ചാൽ മാധ്യമസ്വാതന്ത്ര്യമില്ലാത്ത നാട്ടിലും അന്വേഷണാത്മക പത്രപ്രവർത്തനം സാധിക്കുമെന്ന കണ്ടെത്തൽ ജോലിയിലെ മുഷിപ്പു മാറ്റി. പ്രമുഖ എഴുത്തുകാർക്കും രാഷ്ട്രീയക്കാർക്കും

**ആറു മാസത്തെ കടുത്ത ശിക്ഷണത്തിനൊടുവിൽ എഡിറ്റോറിയൽ മീറ്റിങ്ങിൽ ഇരിക്കാൻ ഒരിടം കിട്ടിയപ്പോൾ ഒരു പെണ്ണിന്റെ ഒപ്പം എഡിറ്റോറിയൽ മീറ്റിംഗിൽ പങ്കെടുക്കാൻ  പറ്റില്ല എന്നൊരു മുതിർന്ന, കഥാകൃത്തുകൂടിയായ, പത്രപ്രവർത്തകൻ പറഞ്ഞപ്പോൾ, എങ്കിൽ മീറ്റിംഗിൽ കൂടേണ്ട എന്ന് ചങ്കൂറ്റത്തോടെ പറയാൻ സാധിച്ച എൻ ആർ എസ്സിനെ പോലെ മറ്റൊരു സ്ത്രീപക്ഷ എഡിറ്ററെ പതിനെട്ട് കൊല്ലത്തിലധികമായ മാധ്യമപ്രവർത്തന ജീവിതത്തിൽ കണ്ടതുമില്ല.**

വേണ്ടി അഭിമുഖത്തിനായി കാത്തുനിൽക്കേണ്ടുന്ന അവസ്ഥയായിരുന്നു നാട്ടിൽ എങ്കിൽ ഇവിടെ അവർ പത്രപ്രവർത്തകർക്കു മുന്നിൽ യാതൊരു മുൻവിധികളുമില്ലാതെ സംസാരിക്കാൻ തയ്യാറാകുന്ന രസകരമായ അനുഭവങ്ങൾ.

പക്ഷേ നാട്ടിൽ അന്നും ഇന്നും തൊഴിൽരംഗത്തെ സ്ത്രീകൾക്ക് ലഭിക്കാത്ത ബഹുമാനം, സുരക്ഷ, പിന്നെ ഇഷ്ടപ്പെട്ട രീതിയിൽ വസ്ത്രധാരണം ചെയ്യാനുള്ള സ്വാതന്ത്ര്യവും കൂടി കിട്ടിയപ്പോൾ മരുഭൂമിയുമായി പതിയെ പൊരുത്തപ്പെട്ടു. മനസ്സു വച്ചാൽ നിരവധി അന്വേഷണാത്മക വാർത്തകൾ ചെയ്യാനും സാധിക്കും എന്ന് രണ്ടുകൊല്ലത്തെ മലയാള പത്രവർത്തനം കൊണ്ട് ബോധ്യമായി. ഇംഗ്ലീഷ് പത്രപ്രവർത്തനത്തിലേക്കുള്ള ചുവടുമാറ്റം പോലും ഒരു മലയാളം വാർത്തയുടെ പേരിലായിരുന്നു എന്നോർക്കുമ്പോൾ മലയാളം പത്രപ്രവർത്തനം ഒരു പടി മുന്നിലാണ് എന്റെ കണ്ണിൽ.

പത്രസ്വാതന്ത്ര്യം അത്രക്കൊന്നും ഇല്ലാതിരുന്ന കാലത്ത് യു എ ഇയിലെ ലേബർ ക്യാമ്പുകളിലെ തൊഴിലാളികൾ നേരിട്ട ദുരവസ്ഥയും അവർ തെരുവിലേക്ക് ഇറങ്ങാൻ ഉണ്ടായ ഒരു സാഹചര്യത്തെ കുറിച്ചുമുള്ള അന്വേഷണാത്മക റിപ്പോർട്ട് ഒരു സായാഹ്നപത്രം പ്രധാനവാർത്തയാക്കിയത് മാധ്യമപ്രവർത്തനത്തിൽ വഴിത്തിരിവായി.

ഇംഗ്ലീഷ് പത്രത്തിൽ ഇന്റേൺഷിപ്പ് ചെയ്യാനുള്ള അനുമതിപത്രം വാങ്ങാനായിരുന്നു 1999-ൽ കലാകൗമുദി ഓഫീസിൽ അന്നത്തെ പ്രസ് ക്ലബ് ഡയറക്ടർ ആയിരുന്ന എൻ ആർ എസ്സിനെ കാണാൻ പോയത്. അതൊടുവിൽ അവിടെ

ഇന്റേൺഷിപ്പും ട്രെയിനിങ്ങും ഒക്കെയായി അഞ്ചുകൊല്ലത്തെ മാധ്യമപ്രവർത്തനം. പേട്ട റെയിൽവേ സ്റ്റേഷൻ വഴി പോകുന്ന എല്ലാ പ്രമുഖരും – രാഷ്ട്രീയക്കാർ, സംസ്ക്കാരികപ്രവർത്തകർ, എഴുത്തുകാർ – മണി സാറിനെയും എൻ ആർ എസ്സിനെയും കാണാതെ പോകാത്ത കാലം.പെണ്ണെന്ന പരിഗണന പിടിച്ചുവാങ്ങാതെ പത്രപ്രവർത്തകയായി തന്നെ അവിടെ പ്രവർത്തിക്കാൻ സാധിച്ചു. മാധ്യമപ്രവർത്തകയായ 'മുസ്ലിം പെൺകുട്ടിയെ' കാണാൻ വന്നവരെ മുഖംനോക്കാതെ ഓടിച്ചു വിട്ട എൻ ആർ എസ്, ഒറ്റ ഇരുപ്പിൽ ഏതു വിഷയത്തെ കുറിച്ചും എത്ര വേണമെങ്കിലും എഴുതാൻ സാധിക്കുന്ന വിജു വി നായർ, എപ്പോഴും കള്ളിന്റെ മണവുമായി എത്തുന്ന ഇ. വി. ശ്രീധരൻ മുറുക്കി നടക്കുന്ന കള്ളിക്കാട് രാമചന്ദ്രൻ ഞാനുൾപ്പെടെ ടി . കെ. സന്തോഷ് കുമാർ, എം .എസ്. ബനേഷ് കുമാർ , പ്രകാശ് എന്ന നാല് ട്രെയിനികളെ നയിച്ച വേണുഗോപാൽ അങ്ങനെ ആയിരുന്നു കലാകൗമുദിയുടെ പത്രാധിപസമിതി ജോയിൻ ചെയ്യുമ്പോൾ. ഒടുവിലത് ചുരുങ്ങി 5 പേരായി. അന്നത്തെ ഒരാൾ പോലും ഇപ്പോൾ കലാകൗമുദിയിൽ ഇല്ല.

പക്ഷേ ഇംഗ്ലീഷ് പത്രപ്രവർത്തനമേഖലക്കുള്ള ഏറ്റവും വലിയ മേന്മ അവിടെ ജോലിയിലുള്ള മികവാണ് നോക്കുന്നത്. മലയാള പത്രപ്രവർത്തന രംഗം ഇപ്പോഴും പ്രായപരിധിക്ക് അമിതമായ പ്രാധാന്യം കൊടുക്കുന്നു. ഒരു ഗോഡ് ഫാദർ / മദർ ഉണ്ടെങ്കിൽ ആർക്കും മാധ്യമപ്രവർത്തകർ ആകാവുന്ന അവസ്ഥ. ജാതി–മത പരിഗണനകൾ ഒരാളെ നിയമിക്കുമ്പോൾ മാധ്യമസ്ഥാപനങ്ങൾ സ്വീകരിക്കുന്നു. ഇതൊന്നുമില്ലാത്ത കാലത്ത് മാധ്യമപ്രവർത്തനം തുടങ്ങാൻ സാധിച്ചതും മികച്ച പത്രപ്രവർത്തകർക്ക് ഒപ്പം ജോലി ചെയ്യാൻ സാധിച്ചതും ഒരു ഭാഗ്യമായി കരുതുന്നു. കേരളത്തിലെ അഞ്ചു കൊല്ലത്തെ മാധ്യമ പ്രവർത്തനം തന്നെയാണ് ഭാഷാമാറ്റം ഉണ്ടായിട്ടും എന്റെ മാധ്യമപ്രവർത്തനത്തിനു കരുത്തു പകരുന്നത്. സോഷ്യൽ മീഡിയയുടെ യുഗത്തിലും പണ്ടെങ്ങോ എഴുതിയ ഒരു റിപ്പോർട്ടിന്റെ പേരിൽ ആരെങ്കിലും പരിചയം പുതുക്കുമ്പോൾ പത്രപ്രവർത്തനത്തിനു നഷ്ടമായി കൊണ്ടിരിക്കുന്ന ഗൗരവം മാധ്യമപ്രവർത്തകരായി ഉണ്ടാക്കിയതാണെന്ന് പറയേണ്ടി വരും. മാധ്യമപ്രവർത്തനം ഇന്ന് സിനിമ പോലെ ഗ്ലാമർ നിറഞ്ഞ ഒരു തൊഴിൽമേഖലയായി മാറി. അവസരങ്ങളും നിരവധി. പക്ഷേ മാധ്യമപ്രവർത്തനം നടക്കുന്നുമില്ല. തിരുത്താൻ സമയം അധികമില്ല താനും.

പ്രവാസി മാധ്യമപ്രവർത്തക എന്ന നിലക്ക് എന്നോട് പലരും ഗൾഫിലെ സാധ്യതകളെ കുറിച്ചന്വേഷിക്കാറുണ്ട്. പണം മാത്രം മുന്നിൽ കണ്ടുകൊണ്ടു ചെയ്യേണ്ട ഒന്നല്ല മാധ്യമപ്രവർത്തനം എന്നാണ് എനിക്ക് തോന്നുന്നത്. ഇന്നത്തെ പോലെ അവസരങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഒരു പക്ഷേ ഞാനും നിങ്ങളിൽ ഒരാളായി ഇന്ത്യയിലെ ഏതെങ്കിലും ഒരു കോണിൽ ഉണ്ടാകുമായിരുന്നു. മാധ്യമപ്രവർത്തനത്തിന് പ്രവർത്തകർക്ക് മുന്നിൽ വെല്ലുവിളിയായി നിരവധി സാമൂഹികപ്രശ്നങ്ങൾ ഇന്ത്യയിൽ നിലനിൽക്കുമ്പോൾ ഗൾഫിലെ സുഖലോലുപതയിൽ മാധ്യമപ്രവർത്തനം തുടങ്ങാതിരിക്കാൻ ശ്രമിക്കണം, ഇതൊരു വെറും ജോലിയായി കണാതിരിക്കുന്നെങ്കിൽ. കുറവുകൾ ഉണ്ടെങ്കിലും യു എ ഇയിലെ മാധ്യമരംഗം ഒരുപാട് മുന്നിലോട്ടുപോയിരിക്കുന്നു.

## ഉദ്യോഗസ്ഥയുടെ വേഷം : ചോയ്സ് നിങ്ങളുടേതാകട്ടെ

വിദേശത്തായാലും സ്വദേശത്തായാലും സൗകര്യപ്രദമായ വസ്ത്രംധരിച്ചു ജോലിക്കു പോകാൻ ധൈര്യമുള്ളവരല്ല കേരളത്തിലെ സ്ത്രീകൾ എന്നാണു രണ്ടുപതിറ്റാണ്ടിലേറെയായുള്ള തൊഴിൽ ജീവിതത്തിനിടയിൽ മനസിലാക്കിയത്.

വസ്ത്രധാരണരീതി ഓരോ രാജ്യത്തെയും കാലാവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും തൊഴിലിനനുസരിച്ചു വേഷവിധാനത്തിൽ മാറ്റം വരുത്താൻ മലയാളി സ്ത്രീകൾക്ക് സ്വദേശത്തായാലും വിദേശത്തായാലും വിമുഖത കൂടുതലാണ്. സ്വന്തം ഭാര്യ ഏതെങ്കിലും ഒരു സിനിമാനടിയെ പോലെ സാരിയും ചുരിദാറുമൊക്കെ ഇട്ടുനടക്കുന്നതിൽ അഭിമാനം കൊള്ളുന്ന മലയാളി പുരുഷന്മാരെ സോഷ്യൽ മീഡിയയിലും മറ്റുംകാണാം എന്നല്ലാതെ നിത്യജീവിതത്തിൽ ഉദ്യോഗസ്ഥയായ ഒരു സ്ത്രീക്ക് അവൾക്കു ഇഷ്ടപ്പെട്ട വസ്ത്രം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമൊക്കെ കൊടുക്കുന്നുണ്ടോ എന്ന് സംശയമാണ്.

സ്വതന്ത്രമായി വസ്ത്രം ധരിക്കുന്നവരിൽ പുതിയതലമുറ മുന്നിലാണെങ്കിലും അത് കേരളത്തിന് പുറത്തുള്ള സ്വകാര്യമേഖലയിൽ ഒതുങ്ങുന്നു. ഇപ്പോൾ ഉദ്യോഗസ്ഥരായ സ്ത്രീകൾ സാരി മാത്രമേ ധരിക്കൂ അല്ലെങ്കിൽ ധരിക്കാവൂ എന്ന അലിഖിതനിയമമൊക്കെ പോയി ചുരിദാർ വരെ എത്തി നിൽക്കുന്നു എന്നുണ്ടെങ്കിലും ജീൻസും ഷർട്ടും ഇട്ടു കേരളത്തിലെ ഒരു സ്ഥാപനത്തിൽ നിത്യവും ജോലിക്കു പോകാൻ ഇന്നും സ്ത്രീകൾക്ക് മടിയാണ്. എന്തിന് ഒരു ജാക്കറ്റ് കൈവശം കരുതാൻ പോലും നാണക്കേടാണ്. സോഷ്യൽ മീഡിയയിലും ടിവി ചാനലുകളിലും സിനിമകളിലും കാണുന്ന വിധം കേരളത്തിലെ സാധാരണ സ്ത്രീകൾ മാറിയിട്ടില്ല എന്ന് മനസിലാക്കാൻ തീവണ്ടികളിലും

ബസുകളിലും നിത്യേന യാത്ര ചെയ്തു ജോലിക്കും പഠനത്തിനുമായി പോകുന്ന ഉദ്യോഗസ്ഥരെയും വിദ്യാർത്ഥിനികളെയും കാണുമ്പോഴാണ് മനസിലാകുന്നത്.

പലർക്കും സ്റ്റൈൽ ആയി നടക്കണമെന്നൊക്കെ ആഗ്രഹമുണ്ട്. പക്ഷേ മറ്റുള്ളവർ എന്ത് കരുതും എന്നുള്ള ചിന്ത കാരണം പൊതു ട്രെൻഡ് എന്താണോ അത് പിന്തുടരുന്നു. എല്ലാത്തിനുമുപരി അവരുടെ വേഷം എന്തായിരിക്കണം എന്ന് നിശ്ചയിക്കുന്നത് കുടുംബാംഗങ്ങൾ ആയിരിക്കില്ല പലപ്പോഴും. സഹപ്രവർത്തകരാണ്.

എന്തിനു തയ്യൽക്കാർ പോലും നിശ്ചയിച്ചു കളയും ഒരു സ്ത്രീ എന്ത് ധരിക്കണം എന്നത്. ബ്ലൗസ് തയ്പ്പിക്കുമ്പോൾ അവർ പറയുന്ന വിധം ചെറിയ കയ്യും വെട്ടിയിറക്കിയ കഴുത്തും മുതുക് തുറന്നിരിക്കുന്ന വിധവുമായിരിക്കണം.അല്ലെങ്കിൽ നിങ്ങൾ ഫാഷനബിൾ അല്ല എന്നവർ ഉറപ്പിക്കും.

സൽവാറിന്റെ ഇറക്കം തറയിൽ മുട്ടും വിധം ആയില്ലെങ്കിൽ ശരിയാകില്ല. ചുരിദാർ ഇട്ടാൽ ഷോൾ നിർബന്ധമായിരിക്കണം. ഇങ്ങനെ ഓരോരോ നിർദേശങ്ങൾ അവിടെന്നുമിവിടെന്നും ചിലരെ വലക്കുമ്പോൾ ചിലർ സിനിമനടികളെ പോലെ വേഷം ധരിക്കാനും ശ്രമിക്കാറുണ്ട്. എന്നാൽ അത്തരം വേഷവിധാനവുമായി തൊഴിൽ സ്ഥലങ്ങളിൽ പോകാൻ 35 വയസ്സ് കഴിഞ്ഞ ഒരു സ്ത്രീ മടിക്കും.

അടുത്ത കാലത്തുണ്ടായ ജീൻസ് വിപ്ലവംപോലെ തൊഴിൽമേഖലയിൽ സ്ത്രീകളുടെ വസ്ത്രധാരണരീതിയിൽ ഒരു മാറ്റമുണ്ടാകുക ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ ബുദ്ധിമുട്ടാണ്. സ്കൂളുകളിൽ, കോളേജുകളിൽ, ഓഫിസുകളിൽ ഒക്കെ അദൃശ്യമായ ഇടപെടലുകൾ സ്ത്രീകൾ ഇന്ന് പണ്ടത്തേക്കാൾ നേരിടുന്നുണ്ട്.

ഒരു അദ്ധ്യാപിക പറഞ്ഞത് അവരുടെ സ്കൂളിൽ ടൂറിനുപോകുമ്പോൾ പെൺകുട്ടികൾ ജീൻസ് ഇടാൻ പാടില്ല എന്ന് നിർദേശം വന്നതിനെ കുറിച്ചാണ്. യാത്രകളിൽ ജീൻസ് ആണ് സൗകര്യപ്രദമെന്നു മറ്റു അധ്യാപകരെ ഒടുവിൽ വളരെ ബുദ്ധിമുട്ടി അവർ പറഞ്ഞുമനസിലാക്കി. കോളേജിൽ ആൺകുട്ടികളുടെ കളിയാക്കലുകൾ പലവിധത്തിൽ പെൺകുട്ടികൾ നേരിടുന്നുണ്ട്. കുറച്ചുകാലം മുമ്പുണ്ടായ ലെഗ്ഗിങ്സ് വിവാദം. ഈ ലെഗ്ഗിങ്സ് എന്നത് സ്ത്രീകൾ സ്വന്തമായി ഡിസൈൻ ചെയ്തുണ്ടാക്കിയ വസ്ത്രം പോലെ അതിനെ അധിക്ഷേപിച്ചു. വ്യക്തിപരമായി എനിക്ക് ലെഗിങ്സ് എന്ന ഇറുകിപിടിച്ച വസ്ത്രത്തോടു താല്പര്യമില്ല. അതിലേറെ ചുരിദാറിന്റെ ടോപ് ഇടുപ്പിൽ നിന്ന് തുടങ്ങി സ്ലിട് ചെയ്യുന്ന രീതിയോടും താല്പര്യമില്ല. പക്ഷേ ഇതൊന്നും സ്ത്രീകളുടെ സംഭാവനയല്ല എന്നതാണ് വാസ്തവം.

**പലർക്കും സ്റ്റൈൽ ആയി നടക്കണമെന്നൊക്കെ ആഗ്രഹമുണ്ട്. പക്ഷേ മറ്റുള്ളവർ എന്ത് കരുതും എന്നുള്ള ചിന്ത കാരണം പൊതു ട്രെൻഡ് എന്താണോ അത് പിന്തുടരുന്നു. എല്ലാത്തിനുമുപരി അവരുടെ വേഷം എന്തായിരിക്കണം എന്ന് നിശ്ചയിക്കുന്നത് കുടുംബാംഗങ്ങൾ ആയിരിക്കില്ല പലപ്പോഴും. സഹപ്രവർത്തകരാണ്.**

പുരുഷന് പാന്റും ഷർട്ടും മാന്യമായ രീതിയിൽ ഏതു രാജ്യത്തും ലഭിക്കുമെന്നിരിക്കെ സ്ത്രീകളുടെ വേഷവിധാനത്തിൽ മാത്രം സഭ്യത എന്നൊരു ഘടകം കടന്നു വരുന്നത് സ്ത്രീകളുടെ ശരീരവടിവുകൾ കാട്ടുന്ന വിധം പുരുഷന്മാർ വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നു എന്നത് കൊണ്ടാണ്. കേരളത്തിൽ ഒരു സ്ത്രീ തീരെ അപരിഷ്കൃതമായ രീതിയിലുള്ള വസ്ത്രങ്ങൾ തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ വിദേശരാജ്യങ്ങളിൽ സ്ത്രീകളുടെ ഫോർമൽ ഡ്രെസ്സുകൾ കൂടുതലും ഇറക്കം കുറഞ്ഞ മിഡികൾ അല്ലെങ്കിൽ വളരെ നേർത്ത ടോപ്പുകൾ ആയി വരുന്നു എന്നതാണ്. ഷർട്ടുകളിൽ പോലും സെലക്ഷൻ സ്ത്രീകൾക്ക് കുറവാണ്.

ഒരു ഇസ്ലാമിക രാജ്യത്തു സ്ത്രീകൾക്ക് അവരുടെ ഇഷ്ടപ്രകാരം വേഷവിധാനം ചെയ്തു നടക്കാൻ സാധിക്കുമ്പോൾ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ എത്തുമ്പോൾ സമൂഹം നിശ്ചയിക്കുന്ന വിധം വസ്ത്രം ധരിക്കണമെന്ന വാശി എന്തിനെന്നു മാത്രം ഈ പതിമൂന്നു വർഷങ്ങൾക്കിപ്പുറവും മനസിലാകുന്നില്ല. പഴയകാലത്തെ തുറിച്ചുനോട്ടങ്ങൾ ഇപ്പോൾ കേരളത്തിലെ ഗ്രാമങ്ങളിൽ പോലുമില്ല. എന്താണോ തങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്നത് സ്വയം സ്വീകരിക്കുക മാത്രമേ വഴിയുള്ളൂ എന്നാണു സ്ത്രീകളുടെ പൊതുവെയുള്ള ധാരണ.

തൊഴിൽരംഗത്തെ പുരുഷന്മാരുടെ ആത്മവിശ്വാസത്തിനു പ്രധാനകാരണം വസ്ത്രധാരണരീതിയിലെ സ്വാഭാവികതയാണ് എന്ന്സ്ത്രീകൾ മനസിലാക്കുന്നില്ല. അതിനു ദേശഭാഷാഭേദമില്ല. സ്ത്രീകൾക്കായി സ്ത്രീകൾ തന്നെ വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്ന ഒരു കാലം ഉണ്ടാകുമോ?

പെൺപക്ഷം



അജിത കെ.

# സിനിമാലോകത്തെ ജീർണ്ണത മുഖ്യധാരയിൽ തുറന്നുകാട്ടുന്നു!

അടുത്തകാലത്ത് സിനിമാലോകത്തുണ്ടായ അതിനീചമായ ക്രിമിനൽ പ്രവൃത്തിയായിരുന്നു പ്രമുഖനടിക്കു നേരെയുണ്ടായ അക്രമം. അത് ഇപ്പോൾ ഈ അക്രമത്തിന് ഗൂഢാലോചനചെയ്തെന്ന് പോലീസ് കണ്ടെത്തിയ സിനിമയിലെ പ്രമുഖനടൻ ദിലീപിന്റെ അറസ്റ്റിൽ എത്തിനിൽക്കുകയാണ്. ഇതിലൂടെ തുറന്നുകാട്ടപ്പെട്ടത് സിനിമാലോകത്തെ ജീർണ്ണതയും അധോലകസ്വാധീനവുമാണ്. ഈ കേസിന്റെ ശക്തവും നീതിപൂർവ്വവുമായ അന്വേഷണത്തിലൂടെ വർഷങ്ങളായി ഇത്തരം ചൂഷണങ്ങളും പീഡനങ്ങളുമനുഭവിക്കുന്ന അഭിനേത്രികൾക്കും മറ്റ് ജൂനിയർ ആർട്ടിസ്റ്റുകൾക്കുമെല്ലാം തങ്ങളുടെ ജീവിതത്തിലുണ്ടായ ഇത്തരം ചില അക്രമങ്ങളെക്കുറിച്ച് തുറന്നുപറയാനുള്ള ആത്മവിശ്വാസം കിട്ടിയിട്ടുണ്ട്. പക്ഷേ, വലിയ മഞ്ഞുകട്ടയുടെ ഒരറ്റം മാത്രമാണ് പുറത്തുവന്നതെന്ന് ഞാൻ പറയും. കാരണം സിനിമയുണ്ടായ കാലം മുതൽ തന്നെ അത് പുരുഷന്റെ കുത്തകയായിരുന്നു. പുരുഷാധിപത്യം കൊടികുത്തിവാണ ആ രംഗം എല്ലാ വിധത്തിലും സ്ത്രീകളെ ഒരു കളിപ്പാട്ടമെന്ന നിലയിലോ ഉപഭോഗവസ്തു എന്ന നിലയിലോ ഉപയോഗിച്ചിരുന്നുവെന്ന് പരക്കെ അറിയാം. പ്രൊഡ്യൂസർമാരുടേയും ഡയറക്ടർമാരുടേയും പ്രമുഖനടന്മാരുടേയും ഇഷ്ടാനിഷ്ടങ്ങളായിരുന്നു എല്ലാം തീരുമാനിച്ചിരുന്നത്. അവരുടെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിൽ സ്ത്രീ ആർട്ടിസ്റ്റുകൾക്ക് അവിടെ ഒരു സ്ഥാനമുണ്ടായിരുന്നില്ല. പലപ്പോഴും ചവുട്ടിത്തേക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ കാലം മാറിവരികയാണ്. സിനിമയിലെ ന്യൂജനറേഷൻ പ്രവണത രംഗത്തെ യുവതലമുറയുടെ കലാപമായിത്തീരുന്ന പല സിനിമകളും പുറത്തുവന്നു. '22 ഫീമെയിൽ കോട്ടയം' എന്ന സിനിമ അതിൽ എടുത്തുപറയേണ്ട ഒരു സിനിമയാണ്. സിനിമാ മേഖലയിലെ അവശ കലാകാരന്മാരേയും കലാകാരികളേയും സഹായിക്കാനും അഭിനേതാക്കളുടെ ക്ഷേമത്തിനുവേണ്ടിയും സംഘടിപ്പിക്കപ്പെട്ട 'അമ്മ' എന്ന സംഘടനയും ഇതോടൊപ്പം തുറന്നുകാട്ടപ്പെട്ടിരുന്നു. ആ സംഘടന ഒരു ഗൂഢസംഘത്തിന്റെ കൈകളിലാണെന്നും അവർ പറയുന്ന തിലപ്പുറം അവിടെ ഒന്നും സംഭവിക്കില്ലെന്നും ജനങ്ങൾ പറയുന്നുണ്ടെങ്കിൽ എങ്ങനെ തെറ്റുപറയാനാകും? ദിലീപിനെതിരായ ആരോപണം വന്നപ്പോൾ അമ്മ പ്രസിഡണ്ട് ഇന്നസെന്റും, മുകേഷ്, ഗണേഷ് തുടങ്ങിയ ഇടതുപക്ഷ എം.എൽ.ഏമാരും പെരുമാറിയതിനെതിരെ ശക്തമായ എതിർപ്പുകൾ വന്നുകഴിഞ്ഞു. തിലകൻ എന്ന മഹാനടനെ 'അമ്മ' കൈകാര്യം ചെയ്ത രീതി ലോകത്തിനറിയാം. ചില സംവിധായകരുടെ സിനിമയിൽ അഭിനയിപ്പിക്കുന്നതിനെ വിലക്കുക തുടങ്ങിയ നീചമായ നടപടികളും വിമർശിക്കപ്പെട്ടു.

ഇതിനൊക്കെ മകുടം ചാർത്തുമെന്നോണമാണ് 'വിമെൻ ഇൻ സിനിമാ കളക്റ്റീവ്' എന്ന സംഘടനയുടെ ആവിർഭാവം. അത്യന്തം സന്തോഷത്തോടെയാണ് ഇത്തൊരമൊരു സംഘടനയുടെ രൂപീകരണത്തെ കേരളത്തിലെ സ്ത്രീപ്രസ്ഥാനം സ്വാഗതം ചെയ്യുന്നത്. ഇതിന്മുമ്പ് ഭാഗ്യലക്ഷ്മി, പാർവ്വതി തുടങ്ങിയ ചില സിനിമാആർട്ടിസ്റ്റുകൾ വ്യക്തിപരമായി പല സ്ത്രീപ്രശ്നങ്ങളിലും ഇടപെട്ടിരുന്നു. അതിനേക്കാളെല്ലാം മഹത്തരമാണ് ഈ സംഘടനാരൂപീകരണം. എന്നോ നടക്കേണ്ട ഈ കാര്യം ഇനിയെങ്കിലും ശക്തമായും ഒറ്റക്കെട്ടായും മുന്നോട്ടു പോകുമെന്നുതന്നെ നമുക്ക് പ്രതീക്ഷിക്കാം. പല ചാനലുകളും അവസരം കിട്ടിയാൽ അവരെ പഴിക്കാൻ വെമ്പുന്നതു പോലെ തോന്നിയിട്ടുണ്ട്. പിച്ചവെച്ചു തുടങ്ങുന്ന ഒരു സംഘടനയെ തലയുയർത്തിപ്പിടിച്ച് നടക്കാൻ പ്രേരിപ്പിക്കുന്നതിനു പകരം കുറ്റം മാത്രം കാണുന്ന ഈ പുരുഷാധിപത്യരീതിയെ അവജ്ഞയോടെ തള്ളുക മാത്രമാണ് വഴി. സിനിമാ ലോകവും ഇത്തരത്തിൽ വളരെ ഗുണകരമായ മാറ്റങ്ങൾക്ക് വേദിയാകട്ടെ. അതിന് വിമെൻ ഇൻ സിനിമാ കളക്ടീവ് ഒരു പ്രേരകശക്തിയാകട്ടെ എന്ന ആശംസയോടെ ഇന്നത്തെ 'പെൺപക്ഷം' നിർത്തുന്നു.



സി. എച്ച്. ഉഷാ കരുൺ



# അമ്മയെന്ന വ്യക്തി - എൻ. നാരായണി ടീച്ചർ

**ഒരു പ്രൈമറി സ്കൂൾ ടീച്ചറായി ജോലിയിൽ പ്രവേശിച്ച അമ്മ 31-3-1981ൽ യു. പി. സ്കൂൾ ഹെഡ്മിസ്ട്രസ്സായി വിരമിക്കുന്നതു വരെ ഏറ്റവും ഭംഗിയായി ജോലിയിലുള്ള ഉത്തരവാദിത്ത്വങ്ങൾ നിർവ്വഹിച്ചിരുന്നു. ഒരു പാട് മൂല്യവത്തായ ചിന്താഗതികളും ആദർശങ്ങളും അവർ മുറുകെപ്പിടിച്ചിരുന്നു**

***1925 ൽ കണ്ണൂരിൽ ജനനം, 2016ൽ മരണം. സ്വാതന്ത്ര്യപൂർവകാലഘട്ടത്തിന്റെ ശക്തവും പ്രൌഢവുമായ സ്ത്രീസാന്നിധ്യം. മകൾ സി. എച്ച്. ഉഷാ കരുൺ എഴുതുന്ന ഓർമ്മക്കുറിപ്പ്.***

**അമ്മയെന്ന വ്യക്തിയെ ഓർക്കുമ്പോൾ**

അമ്മയെക്കുറിച്ചുള്ള ഓർമ്മകൾക്ക് അവസാനമില്ല. അവ കുറിച്ചിടാൻ തുടങ്ങിയപ്പോൾ തന്നെ എവിടെ തുടങ്ങണം എവിടെ നിർത്തണം എന്ന ആശയക്കുഴപ്പത്തിലായി ഞാൻ. 19-8-2016 ന് തന്റെ തൊണ്ണൂറാമത്തെ വയസ്സിലാണ് അമ്മ ഈ ലോകത്തോട് വിട പറഞ്ഞത്. ഒരു പക്ഷേ അതിനു ശേഷമാണ് അമ്മ എന്നതിലുപരി ശ്രീമതി. എൻ. നാരായണി ടീച്ചർ എന്ന വ്യക്തിയെപ്പറ്റി, ജീവിതത്തിലും ഉദ്യോഗത്തിലുമെല്ലാം അവർ അനുഭവിച്ച ക്ളേശങ്ങളെപ്പറ്റി കൂടുതലായി ഞാൻ ചിന്തിക്കാൻ തുടങ്ങിയതും. ആരും - ഞങ്ങൾ മക്കൾ പോലും - ശരിയായ രീതിയിൽ അവരെ മനസ്സിലാക്കിയില്ല എന്ന കുറ്റബോധം ഇപ്പോഴും ബാക്കിയാണ്.

ഒരു പ്രൈമറി സ്കൂൾ ടീച്ചറായി ജോലിയിൽ പ്രവേശിച്ച അമ്മ 31-3-1981ൽ യു. പി. സ്കൂൾ ഹെഡ്മിസ്ട്രസ്സായി വിരമിക്കുന്നതു വരെ ഏറ്റവും ഭംഗിയായി ജോലിയിലുള്ള ഉത്തരവാദിത്തങ്ങൾ

നിർവ്വഹിച്ചിരുന്നു. ഒരു പാട് മൂല്യവത്തായ ചിന്താഗതികളും ആദർശങ്ങളും അവർ മുറുകെപ്പിടിച്ചിരുന്നു. ഒരു ഉദ്യോഗസ്ഥന് / ഉദ്യോഗസ്ഥയ്ക്ക് മറ്റെന്തിനേക്കാളും വലുതായിരിക്കണം ജോലിയിലുള്ള ആത്മാർത്ഥതയും സത്യസന്ധതയും എന്ന് അമ്മ കൂടെക്കൂടെ പറയുമായിരുന്നു. ഒരു പക്ഷേ അതിന് പ്രേരകമായത് അവരുടെ ജീവിത പശ്ചാത്തലമായിരിക്കാം.

29-10-1925 ന് കണ്ണൂർ ജില്ലയിലെ ഏഴോം എന്ന കുഗ്രാമത്തിൽ ഒരു ഹരിജൻ കുടുംബത്തിൽ ജനനം. അച്ഛനമ്മമാർ കർഷകത്തൊഴിലാളികളായിരുന്നു. ഗ്രാമത്തിലെ സ്കൂളിൽ ഒന്നു രണ്ടു കൊല്ലം പഠിച്ചു. ആ സമയത്ത് അമ്മ മരിച്ചു. അമ്മയുടെ വേർപാട് ഒരുപാട് വേദനിപ്പിച്ചെങ്കിലും പഠിത്തം തുടർന്നു. ആയിടക്കാണ് ശ്രീ നാരായണ ഗുരുവിന്റെ അവസാന ശിഷ്യനും ഹരിജനോദ്ധാരകനുമായ സ്വാമി ആനന്ദതീർത്ഥൻ 1931 ൽ പയ്യന്നൂരിൽ ആരംഭിച്ച വിദ്യാലയത്തിലേക്ക് കുട്ടികളെ തേടിയെത്തിയത്. അന്നദ്ദേഹം തോളത്തെടുത്തും കൈ പിടിച്ചു നടത്തിയും കൂടെ കൊണ്ടുപോയ കുരുന്നുകളിലൊരാൾ എന്റെ അമ്മയായിരുന്നു. അതായിരുന്നു അമ്മയുടെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവ്. ആശ്രമത്തിലെ രീതികൾ കഠിനമായി തോന്നിയതിനാലാവണം സതീർത്ഥ്യരിൽ പലരും പാതിവഴിയിൽ പഠനം ഉപേക്ഷിച്ചു. അമ്മയുടെ മരണവും അച്ഛന്റെ പുനർവിവാഹവും അനാഥമാക്കിയ ബാല്യം ഒരു കണക്കിന് അനുഗ്രഹമായെന്ന്, അതുകൊണ്ടാണ് തനിക്ക് പഠിക്കാനും ഉദ്യോഗം നേടാനുമൊക്കെ കഴിഞ്ഞതെന്ന് അമ്മ പിൽക്കാലത്ത് ചിരിച്ചു കൊണ്ട് പറയുന്നത് കേട്ടിട്ടുണ്ട്. അമ്മ അങ്ങനെയായിരുന്നു. പ്രതിസന്ധികളെ അനുകൂലമാക്കി മുന്നേറാനുള്ള അസാധാരണമായ കഴിവുള്ള സ്ത്രീ.

നാലാം ക്ലാസ്സിനു ശേഷം ഒറ്റപ്പാലത്ത് ശബരി ആശ്രമത്തിലും പിന്നീട് കോഴിക്കോട് നായനാർ ബാലികാസദനത്തിലുമായിരുന്നു പഠനകാലത്തെ ജീവിതം. പഠനം തീരുംമുമ്പേ അച്ഛനും മരിച്ചു. അതോടെ തീർത്തും അനാഥയായി നാരായണി എന്ന പെൺകുട്ടി. (പാർവ്വതി എന്നായിരുന്നത്രേ അമ്മയുടെ യഥാർത്ഥ പേര്. ലക്ഷ്മീഭക്തനായ സ്വാമി ആനന്ദ തീർത്ഥനാണ് നാരായണി എന്ന പേര് സമ്മാനിച്ചത്). എസ്എസ്എൽസി യും ടീച്ചേഴ്സ് ട്രെയിനിംഗും കഴിഞ്ഞ ശേഷം ആശ്രമത്തിലെ താമസം സാധ്യമല്ലാതെയായി. അമ്മയുമച്ഛനുമില്ലാത്ത നാട്ടിലേക്ക് തിരിച്ചു പോകാൻ മനസ്സുമില്ലായിരുന്നു. കോഴിക്കോട്ടെ അക്കാലത്തെ പ്രമുഖ കോൺഗ്രസ് പ്രവർത്തകയും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ സജീവമായി

**കോഴിക്കോട്ടെ അക്കാലത്തെ പ്രമുഖ കോൺഗ്രസ് പ്രവർത്തകയും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടിരുന്ന വ്യക്തിയുമായിരുന്ന മെറ്റിൽഡ എന്ന വനിതയുടെ വീടായി അഭയം. അവരെ മെറ്റിയമ്മ എന്നാണ് അമ്മ വിളിച്ചിരുന്നത്. ഞങ്ങൾ – ഞാനും ചേച്ചിയും –കുട്ടികളായിരുന്നപ്പോൾ ആ വീട് സന്ദർശിച്ചതും സ്നേഹനിധിയായ ആ അമ്മയെ കണ്ടതും ഓർക്കുന്നു.**

ഏർപ്പെട്ടിരുന്ന വ്യക്തിയുമായിരുന്ന മെറ്റിൽഡ എന്ന വനിതയുടെ വീടായി അഭയം. അവരെ 'മെറ്റിയമ്മ' എന്നാണ് അമ്മ വിളിച്ചിരുന്നത്. ഞങ്ങൾ - ഞാനും ചേച്ചിയും -കുട്ടികളായിരുന്നപ്പോൾ ആ വീട് സന്ദർശിച്ചതും സ്നേഹനിധിയായ ആ അമ്മയെ കണ്ടതും ഓർക്കുന്നു.

TTC ക്കു ശേഷം കുറച്ചു കാലം ഒരു മാനേജ്മെന്റ് സ്കൂളിൽ തുച്ഛമായ ശമ്പളത്തിൽ അമ്മ ജോലി ചെയ്തു. അക്കാലത്ത് മാനേജ്മെന്റ് സ്കൂളുകളിൽ ജോലി ലഭിക്കാൻ ഇന്നത്തെപ്പോലെ പണം കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. ശമ്പളം മാനേജർക്ക് തോന്നുന്ന തുകയാകും എന്നു മാത്രം. അത് പലപ്പോഴും തീരെ അപര്യാപ്തവുമായിരിക്കും. പിന്നീട് താൻ പഠിച്ച സ്കൂളിൽ തന്നെ പഠിപ്പിക്കാനുള്ള ഭാഗ്യമുണ്ടായി അമ്മയ്ക്ക്. അമ്മയുടെ പ്രിയപ്പെട്ട വിദ്യാലയവും അതു തന്നെ - ഗവ. അച്യുതൻ ഗേൾസ് ഹൈസ്കൂൾ, കോഴിക്കോട്. അതിനു ശേഷമായിരുന്നു വിവാഹം. അമ്മയ്ക്ക് നേരത്തേ പരിചയമുള്ളയാളും ഒരേ നാട്ടുകാരനുമായിരുന്നു എന്റെ അച്ഛൻ സി. എച്ച്. കരുണൻ. മാത്രമല്ല, അദ്ദേഹവും ശ്രീനാരായണ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി ആയിരുന്നു. അച്ഛന് ആ സമയത്ത് സിവിൽ സപ്ലൈസിൽ താൽക്കാലിക ജോലിയുണ്ടായിരുന്നു. രണ്ടുപേർക്കും ജോലിയുണ്ടായിരുന്നുവെങ്കിലും തുച്ഛമായ ശമ്പളം പങ്കപ്പാടുകൾക്ക് ഒരു കുറവും വരുത്തിയില്ല. മാത്രമല്ല, കുടുംബത്തിലെ മൂത്തയാളും സർവ്വോപരി വിദ്യാഭ്യാസവും ജോലിയും ഉള്ളയാളും എന്ന നിലയിൽ തന്റെ വലിയ കുടുംബത്തിന്റെ ഉത്തരവാദിത്തം അച്ഛന്റെ ചുമലിലായിരുന്നു. ജോലിയും വിവാഹവുമൊക്കെ ആയതോടെ അമ്മയ്ക്കും ബന്ധുക്കളുണ്ടായി.

ഞാനും ചേച്ചിയും ജനിച്ചു വളർന്നതും പ്രാഥമിക വിദ്യാഭ്യാസം നേടിയതുമൊക്കെ കോഴിക്കോട് തന്നെയായിരുന്നു.

1956ൽ കേരള സംസ്ഥാനം നിലവിൽ വരികയും 1957ൽ പുതിയ സംസ്ഥാന ഗവൺമെന്റ് ചാർജ്ജെടുക്കുകയും ചെയ്തതോടെ അച്ഛന് ജോലി നഷ്ടമായി. രണ്ടുപേരുടെ വരുമാനം കൊണ്ടുതന്നെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെട്ടിരുന്ന ആ സമയത്ത് അതൊരു വലിയ തിരിച്ചടിയായിരുന്നു. അച്ഛന് ഹോമിയോപ്പതിയിൽ താല്പര്യമുണ്ടായിരുന്നു. അച്ഛൻ മംഗലാപുരത്ത് പോയി ഹോമിയോ പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ അച്ഛന് ഉറച്ച പിന്തുണ നൽകി കൂടെ നിന്നു അമ്മ. അച്ഛന്റെ പഠനം തീരും വരെയുള്ള കാലമത്രയും അമ്മയും അച്ഛമ്മയും ഞങ്ങൾ രണ്ടു ചെറിയ പെൺകുട്ടികളും മാത്രമായിരുന്നു കോഴിക്കോട് താമസിച്ചിരുന്നത്. ബുദ്ധിമുട്ടുകളൊന്നും മറ്റാരും അറിയരുതെന്ന് നിർബന്ധമായിരുന്നു അമ്മയ്ക്ക്. സ്കൂളുള്ള ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും ഒഴിവു ദിവസങ്ങളിലും അടുത്തുള്ള വലിയ വീടുകളിലെ കുട്ടികൾക്ക് ട്യൂഷനെടുത്തും മറ്റും രാപ്പകൽ വിശ്രമമില്ലാതെ ജോലിചെയ്താണ് അച്ഛന്റെ പഠനം തീരും വരെ അമ്മ പിടിച്ചു നിന്നത്. അച്ഛന്റെ വിദ്യാഭ്യാസച്ചെലവുകളും വീട്ടിലെ ചെലവുകളും ഒരുപോലെ ഏറ്റെടുത്ത് ഭംഗിയായി തന്റെ ഉത്തരവാദിത്ത്വങ്ങൾ നിർവ്വഹിച്ച അമ്മ ഇന്നും എനിക്കത്ഭുതമാണ്. ബാല്യത്തിലേ അനുഭവിക്കേണ്ടി വന്ന അനാഥത്വം അമ്മയെ സ്വന്തം കാര്യങ്ങൾ നോക്കാനുള്ള പ്രാപ്തിയും തന്റേടവും ഉള്ളവളാക്കിയിരിക്കാം.

പഠനം പൂർത്തിയാക്കി നാട്ടിൽ ഒരു ക്ലിനിക്ക് തുടങ്ങി അച്ഛൻ. പഴയങ്ങാടിയിലെ ആദ്യത്തെ ഹോമിയോ ഡോക്ടറായിരുന്ന അദ്ദേഹം ചുരുങ്ങിയ കാലം കൊണ്ടു തന്നെ നാട്ടുകാരുടെ പ്രിയപ്പെട്ട ഡോക്ടറായി. ദൂരദേശങ്ങളിൽ നിന്ന് പോലും അച്ഛന്റെ ചികിത്സ തേടി ആളുകൾ എത്തിയിരുന്നു. അച്ഛൻ പേരെടുത്ത ഡോക്ടറായിട്ടും അമ്മയുടെ കഷ്ടപ്പാടുകൾ തീർന്നില്ല. അച്ഛന്റെ രോഗികളിൽ തൊണ്ണൂറു ശതമാനവും പരമ ദരിദ്രരായിരുന്നു. തന്നെ കാണാൻ വരുന്ന രോഗികൾക്ക് മരുന്നും ഭക്ഷണവും ചിലപ്പോഴൊക്കെ തിരിച്ചു പോകാനുള്ള കടത്തു യാത്രാച്ചെലവ് പോലും കൊടുക്കുമായിരുന്നു അച്ഛൻ. 'നിങ്ങളുടെ അമ്മ ഇത്രയേറെ സപ്പോർട്ട് ചെയ്തില്ലായിരുന്നെങ്കിൽ ഞാനീ നിലയിലൊന്നും എത്തുമായിരുന്നില്ല' എന്ന് അച്ഛൻ മരണം വരെ ഞങ്ങളോട് പറയുമായിരുന്നു.

ഡോക്ടറായി പ്രാക്ടീസ് തുടങ്ങിയ ശേഷം അച്ഛൻ നാട്ടിൽ വാടക വീട്ടിലും ഞങ്ങൾ കോഴിക്കോടുമായിരുന്നു താമസിച്ചിരുന്നത്. ആയിടയ്ക്ക് രണ്ടുമാസം പ്രായമുള്ള ഒരാൺകുഞ്ഞിനെ അമ്മ ദത്തെടുത്തു. അമ്മ സ്വന്തം മുലപ്പാൽ നൽകി വളർത്തിയ, അമ്മയുടെയും അച്ഛന്റെയും ഞങ്ങൾ സഹോദരിമാരുടെയും മാത്രമല്ല, കുടുംബത്തിൽ എല്ലാവരുടെയും പ്രിയപ്പെട്ടവനായിരുന്ന അവൻ അച്ഛന്റെ മരണശേഷം തന്റെ ഇരുപത്തിയൊന്നാമത്തെ വയസ്സിൽ അമ്മയെ തീരാ ദു:ഖത്തിലാഴ്ത്തി നാടും വീടും ഉപേക്ഷിച്ചു പോയത് പിന്നീടത്തെ കഥ. വെക്കേഷനുകളിൽ ഞങ്ങൾ നാട്ടിൽ വന്ന് അച്ഛനോടൊപ്പം താമസിച്ചു. വീട്ടുടമസ്ഥൻ അക്കാലത്തെ എം എൽ എ യും അതുകൊണ്ടുതന്നെ നാട്ടിൽ പ്രമാണിയും സമ്പന്നനുമായിരുന്നു. വിദ്യാഭ്യാസമില്ലെങ്കിലും എല്ലാവരും തന്നെ ബഹുമാനിച്ചു കൊള്ളണം എന്ന ഭാവമായിരുന്നു അദ്ദേഹത്തിന്. അമ്മയാണെങ്കിൽ അത്തരക്കാരെ തീരെ വകവെക്കാത്തയാളും. വൈകാതെ അമ്മ ആ മനുഷ്യന്റെ അപ്രീതിക്ക് പാത്രമായി. കുറേക്കാലത്തിനു ശേഷം അച്ഛൻ സ്വന്തമായി വീടുവെക്കുകയും ഞങ്ങളെല്ലാവരും നാട്ടിൽ സ്ഥിര താമസമാക്കുകയും ചെയ്തു. അമ്മയോടുള്ള വിരോധം ഉള്ളിൽ വെച്ച് നടന്നിരുന്ന എം എൽ എ ആ സമയത്ത് ഒരു കള്ളക്കേസ് ഉണ്ടാക്കി. അയാളുടെ ഉടമസ്ഥതയിലുള്ള പറമ്പിൽ നിന്ന് ഞങ്ങൾ ആളെ വിട്ട് തേങ്ങ പറിപ്പിച്ചു എന്നതായിരുന്നു കേസ്. പോലീസുകാർ പരിശോധനയ്ക്ക് വന്നപ്പോൾ കൂസലില്ലാതെ നിന്ന അമ്മയെ എനിക്കോർമ്മയുണ്ട്. വെറും കയ്യോടെ പോലീസുകാർ തിരിച്ചു പോയ ശേഷം വീടിനോട്

**വിദ്യാഭ്യാസമില്ലെങ്കിലും എല്ലാവരും തന്നെ ബഹുമാനിച്ചു കൊള്ളണം എന്ന ഭാവമായിരുന്നു അദ്ദേഹത്തിന്. അമ്മയാണെങ്കിൽ അത്തരക്കാരെ തീരെ വകവെക്കാത്തയാളും. വൈകാതെ അമ്മ ആ മനുഷ്യന്റെ അപ്രീതിക്ക് പാത്രമായി. കുറേക്കാലത്തിനു ശേഷം അച്ഛൻ സ്വന്തമായി വീടുവെക്കുകയും ഞങ്ങളെല്ലാവരും നാട്ടിൽ സ്ഥിര താമസമാക്കുകയും ചെയ്തു.**

ചേർന്നുള്ള ഞങ്ങളുടെ നെൽവയലിൽ നിന്ന് ഞങ്ങൾ തന്നെ 'തൊണ്ടിമുതൽ' കണ്ടെടുത്തു.

പക്ഷേ, അതുകൊണ്ടും തീർന്നില്ല. ആയിടെ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിച്ച അച്ഛനു വേണ്ടി ഗവണ്മെന്റ് സർവ്വീസിലിരിക്കെ അമ്മ ഇലക്ഷൻ പ്രചരണവുമായി നടക്കുകയാണ് എന്നതായിരുന്നു അടുത്ത കേസ്. അതേക്കുറിച്ച് തലശ്ശേരിയിൽ നിന്ന് ഡി ഇ ഓ യും മറ്റും വന്നു അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ അമ്മയുടെ മനോധൈര്യം എല്ലാറ്റിനും മീതെയായിരുന്നു. ജോലിയെ ബാധിക്കാതെ തന്നെ ആ പ്രശ്നങ്ങൾ തീർന്നു. 1969 ൽ അമ്മ ഹെഡ്മിസ്ട്രസ്സായി പുതിയങ്ങാടി GMUP സ്കൂളിൽ ചാർജ്ജെടുത്തു. അവിടെ ഭൂരിഭാഗം സഹപ്രവർത്തകരും കുഴപ്പക്കാരായിരുന്നില്ലെങ്കിലും ഒരു സ്ത്രീ തങ്ങളെ ഭരിക്കുന്നത് ഇഷ്ടപ്പെടാത്ത ചിലരൊക്കെ ഉണ്ടായിരുന്നു. അത് സംബന്ധിച്ച ചില്ലറ അസ്വാരസ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ സ്വതേ കർക്കശക്കാരിയും കൂസലില്ലാത്തവളുമായ അമ്മ അതിനെയൊക്കെ അവഗണിച്ചു.

1972 ജൂലായ് 2 ന് അൻപത്തിരണ്ടാമത്തെ വയസ്സിൽ അച്ഛൻ ഞങ്ങളോട് വിടപറഞ്ഞു. ക്ലിനിക്കിൽ നിന്നും വീട്ടിലെത്തി ഉച്ചഭക്ഷണവും കഴിഞ്ഞു ചാരുകസേരയിൽ മയങ്ങാൻ കിടന്ന അച്ഛൻ പിന്നെ ഉണർന്നില്ല. വീട്ടിലെ സ്ഥിതിഗതികൾ പെട്ടെന്ന് മാറി. എന്റെ ചേച്ചി ഹോമിയോ പഠനം പൂർത്തിയാക്കി തിരിച്ചെത്തിയതേ ഉണ്ടായിരുന്നുള്ളൂ. അച്ഛന്റെ മരണം ഏൽപ്പിച്ച ആഘാതത്തിൽ തളർന്നിരിക്കാനൊന്നും സമയമുണ്ടായിരുന്നില്ല അമ്മയ്ക്ക്. വീടിന്റെ ഉത്തരവാദിത്ത്വം പൂർണ്ണമായും അമ്മയുടെ ചുമലിലായി. ഞങ്ങളെക്കൂടാതെ അമ്മയുടെയും അച്ഛന്റെയും ബന്ധത്തിൽപ്പെട്ട ഏകദേശം ഞങ്ങളുടെ സമപ്രായക്കാരായ കുട്ടികളെയും (അച്ഛന്റെ മരുമക്കളും അമ്മയുടെ അനുജത്തിമാരുമൊക്കെ അതിൽ പെടും) കൂടെ നിർത്തി പഠിപ്പിച്ചിരുന്നു അമ്മ. ഇന്നാലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്ന ഇന്നത്തെ ആളുകൾക്ക് ചിന്തിക്കാൻ പോലുമാവാത്തതാണ് അതൊക്കെ.

1973 ലെ അധ്യാപക-എൻജിഒ സമര കാലഘട്ടത്തിലാണ് ചില സഹപ്രവർത്തകരുടെ അമ്മയോടുള്ള അസ്വാരസ്യം ശരിക്കും പ്രകടമായത്. സമരത്തിൽ പങ്കെടുത്ത അമ്മയെ ഒറ്റുകൊടുക്കാനും എതിരായി പരാതിപ്പെടാനും ആൾക്കാരുണ്ടായി. അതിൻ ഫലമായി അമ്മയ്ക്ക് കിഴക്കൻ മലയോരത്തുള്ള കാർത്തികപുരം ഗവ. യു പി സ്കൂളിലേക്ക് പണിഷ്മെന്റ് ട്രാൻസ്ഫർ കിട്ടിയതിൽ അത്തരക്കാർ ഉള്ളാലെ സന്തോഷിച്ചു.

**അച്ഛന്റെ മരണം ഏൽപ്പിച്ച ആഘാതത്തിൽ തളർന്നിരിക്കാനൊന്നും സമയമുണ്ടായിരുന്നില്ല അമ്മയ്ക്ക്. വീടിന്റെ ഉത്തരവാദിത്ത്വം പൂർണ്ണമായും അമ്മയുടെ ചുമലിലായി. ഞങ്ങളെക്കൂടാതെ അമ്മയുടെയും അച്ഛന്റെയും ബന്ധത്തിൽപ്പെട്ട ഏകദേശം ഞങ്ങളുടെ സമപ്രായക്കാരായ കുട്ടികളെയും (അച്ഛന്റെ മരുമക്കളും അമ്മയുടെ അനുജത്തിമാരുമൊക്കെ അതിൽ പെടും) കൂടെ നിർത്തി പഠിപ്പിച്ചിരുന്നു അമ്മ. ഇന്നാലോചിക്കുമ്പോൾ അത്ഭുതം തോന്നുന്നു. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്ന ഇന്നത്തെ ആളുകൾക്ക് ചിന്തിക്കാൻ പോലുമാവാത്തതാണ് അതൊക്കെ.**

ദിവസങ്ങളോളം നീണ്ടുനിന്ന സമരം, ശമ്പളമില്ലാത്ത ദിവസങ്ങൾ, അതിനു ശേഷം പണിഷ്മെന്റ് ട്രാൻസ്ഫറും. പക്ഷേ, അമ്മ അതുകൊണ്ടൊന്നും തളർന്നില്ല. ഇഷ്ടം പോലെ വാഹന സൗകര്യമുള്ള ഇക്കാലത്ത് ഒന്നര മണിക്കൂർ ദൂരം യാത്രയെന്നത് ഒരു വിഷയമേയല്ല. എന്നാൽ തളിപ്പറമ്പിലേക്ക് വല്ലപ്പോഴും ഒന്നോ രണ്ടോ ബസ്സുകളും അവിടന്നങ്ങോട്ട് ജീപ്പും ട്രക്കും മാത്രം ഓടിയിരുന്ന ആ കാലത്ത് അതത്രമേൽ ദുരിതപൂർണ്ണമായിരുന്നു. ആ സമയത്താണ് എനിക്ക് കഠിനമായ പനി ബാധിച്ച് കണ്ണൂർ ജില്ലാ ആശുപത്രിയിൽ അഡ്മിറ്റാകേണ്ടി വന്നത്. ഗവണ്മെന്റ് ആശുപത്രിയാണെങ്കിലും കൂടെക്കൂടെ ഡോക്ടറെ കണ്ട് പണം നല്കുന്നവർക്കു മാത്രം നല്ല പരിചരണം എന്നതായിരുന്നു അവിടത്തെ രീതി. അമ്മയ്ക്കാണെങ്കിൽ ലീവെടുക്കാനോ കൂടെ നിൽക്കാനോ പറ്റാത്ത അവസ്ഥയും. ഒരു ദിവസം ഡോക്ടറുടെ നിർദ്ദേശപ്രകാരം എന്നെ സിസ്റ്റർമാർ നിലത്തിറക്കി കിടത്തി. പനിച്ചു വിറയ്ക്കുന്നതു കൂടാതെ തണുപ്പടിച്ച് കടുത്ത ശ്വാസം മുട്ടലും തുടങ്ങി. കൂട്ടിരുന്ന ഇളയമ്മ (അച്ഛന്റെ അനുജന്റെ

ഭാര്യ) വാവിട്ടു നിലവിളിച്ചു. അമ്മ വന്ന് ഡോക്ടർക്ക് പണം കൊടുത്തയച്ചു. ചികിത്സ പൂർവ്വാധികം ഭംഗിയായി നടന്നു. അത്തരം സന്ദർഭങ്ങളിലൊക്കെ എന്തുമാത്രം മനോവേദനയായിരിക്കാം അമ്മ സ്വയം അനുഭവിച്ചിട്ടുണ്ടാവുക! അധിക കാലമൊന്നും കാർത്തികപുരത്ത് ജോലി ചെയ്തില്ലെങ്കിലും അവിടത്തെ നല്ലവരായ നാട്ടുകാരെയും സഹപ്രവർത്തകരെയും അമ്മ മരണം വരെ മറന്നില്ല. സ്വന്തം നാട്ടിൽ ഇല്ലാതിരുന്ന സ്നേഹവും സഹകരണവും അന്യനാട്ടിൽ ലഭിച്ചതിനെക്കുറിച്ച് എപ്പോഴും പറയുമായിരുന്നു.

അച്ഛന്റെ മരണശേഷം ചേച്ചി ക്ലിനിക്കിൽ പോയിത്തുടങ്ങി. അവളെ നല്ല രീതിയിൽ തന്നെ വിവാഹം കഴിച്ചയയ്ക്കാനും അമ്മയ്ക്കു കഴിഞ്ഞു. അന്യജാതിയിൽപ്പെട്ട ഒരാളുമായുള്ള (അമ്മയുടെ പ്രിയ ശിഷ്യനായിരുന്നു അദ്ദേഹം) എന്റെ പ്രണയം ജാതിയിലോ മതത്തിലോ വിശ്വാസമില്ലായിരുന്ന അമ്മയ്ക്ക് വലിയ പ്രശ്നമൊന്നുമായില്ല. കുടുംബത്തിലുള്ളവർ വിവാഹം നടത്തിത്തരാൻ തയ്യാറാവാതിരുന്നപ്പോൾ രജിസ്റ്റർ മാര്യേജിന് മൗനാനുവാദം തന്നതും അമ്മ തന്നെ. ജോലികിട്ടി സ്വന്തം കാലിൽ നിന്ന ശേഷമാകാം വിവാഹം എന്നും നിർദ്ദേശിച്ചു അമ്മ. അതുപോലെ തന്നെ അത് നടന്നു. അച്ഛന്റെ അമ്മമാരെയും (അച്ഛന്റെ അമ്മയും വല്യമ്മയും - അമ്മ രണ്ടു പേരെയും അമ്മ എന്ന് തന്നെ വിളിച്ചു. ഞങ്ങൾ വല്യച്ഛമ്മയെന്നും ചെറിയച്ഛമ്മയെന്നും) അവരുടെ മരണം വരെ അമ്മ ശുശ്രൂഷിച്ചു. മരുമകളെക്കുറിച്ച് പറയുമ്പോൾ നൂറു നാവായിരുന്നു ആ അമ്മമാർക്ക്.

1981 മാർച്ച് 31ന് വെങ്ങര ഗവ.വെൽഫെയർ സ്കൂളിൽ നിന്നാണ് അമ്മ റിട്ടയർ ചെയ്തത്. റിട്ടയർമെന്റ് പാർട്ടി ഉണ്ടാകരുതെന്ന് നിർബന്ധമായിരുന്നു അമ്മയ്ക്ക്. 'ഉള്ളിൽ വിരോധമുള്ളോർക്കു പോലും നമ്മളെപ്പറ്റി നല്ലതു പറയേണ്ടിവരും, വെറുതെ അവരെ ബുദ്ധിമുട്ടിക്കുന്നതെന്തിനാ?' എന്ന് ചിരിക്കും, അതേക്കുറിച്ചു ചോദിച്ചാൽ. റിട്ടയർമെന്റിനു ശേഷവും അമ്മ സ്വന്തം കാര്യങ്ങൾക്കായി ഞങ്ങളെയൊന്നും ബുദ്ധിമുട്ടിച്ചില്ല. ഒരുപാടുപേർ ഒരുമിച്ചു താമസിച്ചിരുന്ന ആ വലിയ വീട്ടിൽ പിന്നീടമ്മ തനിച്ചായി. ഞങ്ങൾ ഞങ്ങളുടെ ജീവിത പ്രാരാബ്ധങ്ങളുമായി ഓടിത്തുടങ്ങിയിരുന്നു അപ്പോഴേക്കും. ജോലിക്കായി എല്ലായ്പ്പോഴും ഏതെങ്കിലും സ്ത്രീകളെ നിർത്തി. കൂടെ വരാൻ നിർബന്ധിച്ചപ്പോഴൊക്കെ 'എനിക്കെന്റെ വീട്ടിൽ കിടന്നു മരിക്കണം' എന്നുറക്കെ പ്രഖ്യാപിച്ചു. നിർബന്ധബുദ്ധിയെന്നും ദുശ്ശാഠ്യമെന്നും എല്ലാവരും കുറ്റപ്പെടുത്തിയെങ്കിലും അതൊന്നും അമ്മയെ ബാധിച്ചില്ല.

മൂന്നുവർഷം മുൻപുണ്ടായ എന്റെ ചേച്ചിയുടെ മരണം ആ മനസ്സിനെ പാടെ തളർത്തിയെങ്കിലും കുറച്ചു ദിവസങ്ങൾ കൊണ്ടു തന്നെ പഴയ പ്രസരിപ്പും ഊർജ്ജസ്വലതയും വീണ്ടെടുത്ത് ഞങ്ങളെയൊക്കെ അമ്പരപ്പിച്ചു അമ്മ. മരിക്കുന്നതിന് ഏതാണ്ട് മൂന്നു മാസങ്ങൾക്കു മുൻപ് മാത്രമാണ് അമ്മ എന്നോടൊപ്പം എന്റെ വീട്ടിലേക്ക് വന്നത്. അപ്പോഴേക്കും 'ഡിമെൻഷ്യ' എന്ന് ഡോക്ടർമാർ പറഞ്ഞ മറവിരോഗം അമ്മയെ കീഴടക്കിത്തുടങ്ങിയിരുന്നു. ആശുപത്രിക്കിടക്കയിൽ അവസാനത്തെ ഒരു മാസത്തോളം അമ്മ പൂർണ്ണമായും ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കിടന്നു. ഇടയ്ക്കിടെ ഓർമ്മ വരുന്ന ഇടവേളകളിൽ ഞങ്ങളെ ചീത്ത പറയുകയും ഒടുവിൽ പൊട്ടിക്കരയുകയും ചെയ്തു. സർവ്വ സ്വാതന്ത്ര്യത്തോടെയും മഹാറാണിയെപ്പോലെ ജീവിച്ച, ഇടപെടുന്ന എല്ലാവരെയും വല്ലാത്തൊരാജ്ഞാശക്തിയോടെ തന്റെ വരുതിയിലാക്കിയിരുന്ന സാധാരണക്കാരിയെങ്കിലും അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയെ മരണം കൊണ്ടുപോകുന്നതും നോക്കി നിസ്സഹായരായി നിന്നു ഞങ്ങൾ. അമ്മയുടെ പ്രിയപ്പെട്ട പേരക്കുട്ടി - എന്റെ ചേച്ചിയുടെ മകൻ - തിരുവനന്തപുരത്തുനിന്നും എത്തും വരെ ആ ജീവൻ പിടിച്ചുനിന്നു. അവൻ വന്ന് അമ്മയുടെ തലയെടുത്ത് മടിയിൽ വെച്ചതും ആ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു.

മരണം വരെയും ഉറച്ച കമ്മ്യൂണിസ്റ്റുകാരിയായിരുന്ന അമ്മ തെറ്റ് ആരു ചെയ്താലും മുഖം നോക്കാതെ വിമർശിച്ചിരുന്നു. നാരായണി ടീച്ചർ എന്ന വ്യക്തിയെ അടുത്തറിഞ്ഞ ആരും ആ വിമർശനങ്ങൾക്കെതിരെ അസഹിഷ്ണുത കാണിച്ചിരുന്നില്ല. എങ്കിലും ചിലരെയൊക്കെ അത് ചൊടിപ്പിക്കുകയും ചെയ്തു. ഉദ്യോഗസ്ഥയായ ഒരു സ്ത്രീയെ സംബന്ധിച്ച്, കുടുംബജീവിതവും ജോലിയും ഒരുപോലെ ഭംഗിയായി മുന്നോട്ട് കൊണ്ടുപോവുകയെന്നത് ദുഷ്കരം തന്നെയാണെന്ന് അമ്മ പറയാറുണ്ടായിരുന്നു. എങ്കിലും പെൺകുട്ടികൾ പഠിച്ച് സ്വന്തം കാലിൽ നിൽക്കാൻ ത്രാണിയുള്ളവരാകണം എന്നമ്മ ശഠിച്ചു. ആരുടേയും ആശ്രയത്തിൽ ജീവിക്കേണ്ടി വരരുത് എന്ന് കൂടെക്കൂടെ ഓർമ്മിപ്പിച്ചു. വെറും സാധാരണക്കാരിയായ ഒരു സ്ത്രീ പ്രതികൂല സാഹചര്യങ്ങളെപ്പോലും അനുകൂലമാക്കി ജീവിതവിജയം നേടിയതെങ്ങനെയെന്ന് അമ്മ ഞങ്ങൾക്ക് കാണിച്ചു തന്നു.



സലീല രാധാകൃഷ്ണൻ

# തിരുവാതിരയുടെ മാലതി

***1935 ൽ ജനനം. അദ്ധ്യാപികയായി സർക്കാർ സർവീസിൽ നിന്ന് വിരമിച്ച ശേഷം തിരുവാതിര എന്ന കലാരൂപത്തിനായി സമർപ്പിച്ച ജീവിതം. എൺപത്തിരണ്ടാം വയസ്സിൽ തിരുവാതിരയുടെ വിശേഷാൽ അവതരണത്തിന് ഗിന്നസ് ബുക്കിൽ പേര് ചേർക്കപ്പെട്ടു.***

അമ്മ കാർത്യായനിയമ്മയിൽ നിന്നും പകർന്നുകിട്ടിയ കലാപാരമ്പര്യം, ഒന്നരവയസ്സിൽ തിരുവാതിരച്ചുവടുവച്ച മാലതിടീച്ചർക്ക് എൺപത്തിരണ്ടാം വയസ്സിൽ സമ്മാനിച്ചത് ഒരു ഗിന്നസ് റെക്കോർഡ് – മെഗാ തിരുവാതിരക്കളിക്ക്. അതാണ് മാലതി ജി. മേനോൻ എന്ന മാലതിടീച്ചർ. പിച്ചവച്ചു തുടങ്ങിയപ്പോൾത്തന്നെ മാലതിടീച്ചർക്ക് തിരുവാതിരച്ചുവട് ജന്മസഹജമായി കിട്ടിയിരുന്നു. തിരുവാതിര പഠിച്ചതും, പഠിപ്പിച്ചതും അതിനുള്ള പ്രേരണ കിട്ടിയതും എല്ലാം ഗുരുകൂടിയായ അമ്മയിൽനിന്നുതന്നെ.

തീരെ ചെറിയ കുട്ടിയായിരുന്നപ്പോൾത്തന്നെ മാലതിടീച്ചർക്ക് ആടാനും പാടാനും മടിയില്ലായിരുന്നു. ജന്മനാടായ കുമ്പളത്തെ ജന്മിയും, പ്രബലനുമായിരുന്ന മുത്തച്ഛന്റെ അനുഗ്രഹം എന്നുമവർക്ക് പിൻബലമായിരുന്നു. ടീച്ചർ ഓർക്കുന്നു, ഒരിക്കൽ മുത്തച്ഛന്റെ സുഹൃത്തും, എൻ.എസ്.എസിന്റെ നേതൃത്വനിരയിലുള്ളയാളും, കരപ്പുറം എം.എൽ.എ.യുമായ ശ്രീ. കട്ടിയാട്ടു ശിവരാമപ്പണിക്കർ വീട്ടിൽ വന്നപ്പോൾ മൂന്നുവയസ്സുള്ള മാലതിയുടെ സാമർത്ഥ്യം കണ്ട് ഒരു പാട്ടുപാടാമോ എന്നു ചേദിച്ചത്രേ. ഒരു മടിയും കൂടാതെ കൃഷ്ണസ്തുതിയായ ഒരു കീർത്തനം പാടി. ആശ്ചര്യപ്പെട്ട അദ്ദേഹം സമ്മാനമായി ടീച്ചറാവശ്യപ്പെട്ട ഉടുപ്പ് മേടിച്ചുകൊടുത്തു. പിന്നീട് പന്ത്രണ്ടു വർഷങ്ങൾക്കുശേഷം പഠിച്ച സ്കൂളിൽ തിരുവാതിര കളിച്ച മാലതിയെ അദ്ധ്യക്ഷനായി




ടീച്ചർ അവകാശപ്പെടുന്നു. പിന്നെ സ്വന്തം അമ്മയെക്കാൾ എല്ലാ കാര്യത്തിനും അമ്മായിയമ്മ പിന്തുണയും, താങ്ങും തണലുമായിരുന്നു. ഇത് പറയുമ്പോൾ മാലതിടീച്ചറുടെ കണ്ണുകളിൽ ആനന്ദക്കണ്ണീർ നിറയുന്നു.

വന്ന അദ്ദേഹം തിരിച്ചറിഞ്ഞ് ആശ്ലേഷിച്ചു. ടീച്ചർക്ക് മറക്കാനാവാത്ത സംഭവമാണത്.

വീട്ടിലേക്ക് വൈദ്യുതി എത്താത്ത കാലമാണത്. മണ്ണെണ്ണവിളക്കിന്റെയും, നിലവിളക്കിന്റെയും വെളിച്ചത്തിലായിരുന്നു പഠനം. ബിന്നി ആന്റ് കമ്പനിയിലെ അക്കൗണ്ടൻറ് കട്ടാഴത്ത് ഗോവിന്ദൻകുട്ടിമേനോനുമായുള്ള വിവാഹം നടക്കുമ്പോൾ മാലതിടീച്ചർ എട്ടാംക്ലാസ് വിദ്യാർത്ഥിനിയായിരുന്നു. അച്ഛന്റെയും അമ്മയുടെയും ഒറ്റമകളായ മാലതിടീച്ചർക്ക് ഭർത്താവിന്റെ അമ്മയും സഹോദരന്മാരും നല്ല സ്വീകരണമാണ് നൽകിയത്. അന്നത്തെ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ പെൺകുട്ടികളുടെ പഠിപ്പൊക്കെ അത്യാവശ്യത്തിൽ മാത്രം നിന്നിരുന്നു. പക്ഷേ, ടീച്ചർ തുടർന്നുപഠിക്കാൻ ഭർത്താവും വീട്ടുകാരും നിർബന്ധിച്ചു. അവരുടെ പ്രോത്സാഹനമാണ് ഗിന്നസ് റെക്കോർഡുവരെയെത്തിയ ജീവിതവിജയമെന്ന് ടീച്ചർ സാക്ഷ്യപ്പെടുത്തുന്നു. ടീച്ചറുടെ തിരുവാതിര കണ്ട് ഇഷ്ടപ്പെട്ടാണ് ഗോവിന്ദമേനോൻ അവരെ വിവാഹം കഴിച്ചത്.

വിവാഹശേഷം പഠിച്ച് പത്താംക്ലാസ് പാസ്സാകുകയും, 1955, 56 കാലയളവിൽ എറണാകുളം മഹാരാജാസ് കോളേജിൽ ഇൻറർമീഡിയറ്റിനു ചേരുകയും ചെയ്തു. മഹാരാജാസിലെ ഇൻറർമീഡിയറ്റ് അവസാന ബാച്ചായിരുന്നു അവർ. നേരത്തേതന്നെ ഹിന്ദി പഠിച്ചിരുന്നു. രാഷ്ട്രഭാഷ, പ്രവേശിക, ഹിന്ദി വിദ്വാൻ എന്നീ പരീക്ഷകൾ പാസ്സായി. അന്ന് വിദ്വാൻ പാസ്സാകുന്നത് ഡിഗ്രിക്കു തുല്യമാണ്. ബി.എഡ്. നു തുല്യമായ എൽ.ടി.ടി.സി.യും പാസ്സായി. കുമ്പളം ഹൈസ്കൂളിൽ (പഠിച്ച സ്കൂളാണത്) അദ്ധ്യാപികയായി. ഇതെല്ലാം സാധിച്ചത് ഭർത്താവിന്റെ പൂർണ്ണ പിന്തുണ കൊണ്ടാണെന്ന്

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ കല്യാണം കഴിഞ്ഞ ടീച്ചറെ, ഇന്ന് എൺപത്തിരണ്ടാം വയസ്സിലെ കലാസപര്യയിൽ പൂർണ്ണ പിന്തുണയോടെ കൈപിടിച്ചുനടത്താൻ ഭർത്താവ് കൂടെയുണ്ട്. അല്പം നാണം കലർന്ന അഭിമാനത്തോടെ ആ 82കാരി പറയുന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഭർത്താവിനെ കിട്ടി. എൺപത്തിരണ്ടിൽ ഗിന്നസ് റെക്കോർഡും കിട്ടി. ഇത് ജന്മസാഫല്യം.

ഉദ്യോഗസ്ഥ കലാജീവിതത്തിനിടയിലും കുടുംബജീവിതത്തിനും, കുട്ടികൾക്കും ടീച്ചർ ഏറെ പ്രാധാന്യം നൽകിയിരുന്നു. മൂന്നു മക്കളുടെ പഠനസൗകര്യാർത്ഥം 1972-ൽ എറണാകുളത്ത് താമസമാക്കി. അപ്പോഴേക്കും ടെസ്റ്റെഴുതി

**എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ കല്യാണം കഴിഞ്ഞ ടീച്ചറെ, ഇന്ന് എൺപത്തിരണ്ടാം വയസ്സിലെ കലാസപര്യയിൽ പൂർണ്ണ പിന്തുണയോടെ കൈപിടിച്ചുനടത്താൻ ഭർത്താവ് കൂടെയുണ്ട്. അല്പം നാണം കലർന്ന അഭിമാനത്തോടെ ആ 82കാരി പറയുന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഭർത്താവിനെ കിട്ടി. എൺപത്തിരണ്ടിൽ ഗിന്നസ് റെക്കോർഡും കിട്ടി. ഇത് ജന്മസാഫല്യം.**

ഗവണ്മെൻറു സ്കൂളിൽ നിയമനം കിട്ടിയിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസവും കല്യാണവുമൊക്കെ കഴിഞ്ഞ് ഉദ്യോഗത്തിൽ നിന്നും വിരമിച്ചശേഷമാണ് ടീച്ചർ ആധികാരികമായി തിരുവാതിരക്കളിയിലേക്കു തിരിഞ്ഞത്. റിട്ടയർ മെന്റിനുശേഷമുള്ള ജീവിതം അരങ്ങിൽ ആടിത്തകർക്കുന്നു. നിരവധി അവാർഡുകളും ബഹുമതികളും ടീച്ചറെ തേടിയെത്തിയിട്ടുണ്ട്. ഇപ്പോൾ നിരവധി സിനിമകളിലും അഭിനയിക്കുന്നു. തിരുവാതിരയിൽ പിന്നൽ തിരുവാതിര എന്ന ഇനം ടീച്ചർതന്നെ ചിട്ടപ്പെടുത്തിയതാണ് എന്ന് അവർ അവകാശപ്പെടുന്നു. തിരുവാതിരയ്ക്കു പുറമെ വാദ്യകലകളായ ചെണ്ട, ഇടയ്ക്ക, കഥകളി തുടങ്ങിയവയും അഭ്യസിച്ച് അരങ്ങേറി.



ഇന്നും കലാജീവിതത്തിൽ സജീവസാന്നിദ്ധ്യമായ മാലതിടീച്ചർ സ്ത്രീവിജയ ത്തിന്റെ മകുടോദാഹരണമാണ്. എൺപത്തിരണ്ടിലും ഇരുപത്തെട്ടിന്റെ ചെറുപ്പം കാത്തുസൂക്ഷിക്കാനുള്ള മനസ്സ്. നമ്മുടെ മനസ്സിനെ നമ്മൾ പാകപ്പെടുത്തിയെടുക്കണം. ടീച്ചർ പറയുന്നു. അക്ഷരാർത്ഥത്തിൽ ഈ പ്രായത്തിൽ ഒരു അടിച്ചുപൊളിജീവിതം. വാദ്യോപകരണങ്ങൾ കണികണ്ടുണരുന്ന ടീച്ചറുടെ ഒരു ദിവസം വെളുപ്പിനു നാലരയ്ക്ക് തുടങ്ങുന്നു. അത്യാവശ്യം വീട്ടുജോലികൾക്കുശേഷം ആറുമണിക്കു തുടങ്ങുന്ന സാധകം ഇന്നും ഒരു തപസ്യയാണ്. ചിട്ടയായ രാഗതാളമേളങ്ങൾ കൊണ്ട് ചിട്ടപ്പെടുത്തുന്ന ജീവിതം. ഇപ്പോൾ ടീച്ചർ പാശ്ചാത്യസംഗീതവും പഠിക്കുന്നു (പ്രായത്തെ വെല്ലുന്ന മനക്കരുത്ത്. ജാസ് - ആഫ്രോ അമേരിക്കക്കാരുടെ ഗ്രാമീണ സംഗീതം.)



വെളുത്തു മെലിഞ്ഞ തലനരച്ച ഈ അമ്മൂമ്മയാണോ സകലകലാവല്ലഭയായി അരങ്ങത്ത് നിറഞ്ഞുനിൽക്കുന്നതെന്ന് തോന്നിപ്പോകുന്നുവെന്ന് പറയുമ്പോൾ ടീച്ചറിന്റെ വിടർന്ന കണ്ണുകളിൽ അഭിമാനം...

തയ്യാറാക്കിയത്: സലീല രാധാകൃഷ്ണൻ (സ്വതന്ത്ര മാദ്ധ്യമ പ്രവർത്തക, ചേർത്തല എരമല്ലൂർ സ്വദേശി.)

ചർച്ചാവിഷയം



സുലോചന റാം മോഹൻ

# ഉദ്യോഗസ്ഥയെ മലയാളസിനിമ വിഭാവന ചെയ്യുമ്പോൾ

വിദ്യാഭ്യാസവും ഉദ്യോഗവും നേടുക എന്നത് സ്ത്രീയുടെ മൗലികാവകാശങ്ങളിൽപ്പെട്ടതാണ്. എന്നാൽ ആ സത്യം മറച്ചുവച്ചുകൊണ്ട് 'സ്ത്രീ വീട്ടിലെ വിളക്കാണ്', 'ദേവിയാണ്', 'അമ്മ പാകംചെയ്തു വിളമ്പുന്ന ഭക്ഷണം അമൃതാണ്' എന്നൊക്കെയുള്ള ഉദ്ഘോഷങ്ങളാൽ സ്ത്രീയെ വീട്ടിനുള്ളിൽ, പ്രത്യേകിച്ചും അടുക്കളയിൽ, അടക്കിയൊതുക്കി വെയ്ക്കുവാനാണ് സമൂഹം ആഗ്രഹിക്കുന്നത്. പ്രസവം, കുട്ടികളെ വളർത്തൽ, അവരെ പഠിപ്പിക്കൽ, ആരോഗ്യം ശ്രദ്ധിക്കൽ തുടങ്ങിയ ചുമതലകളിൽനിന്ന് അവൾക്ക് വിടുതലില്ലാത്തതുകൊണ്ടുതന്നെ ഉദ്യോഗം ഒരു ഭാരമായിത്തീരാറുമുണ്ട്. കാരണം, ഉദ്യോഗവും ഒരുപാടു പ്രയത്നവും ധിഷണാവ്യായാമവും ആവശ്യമുള്ള ഒരു ഉത്തരവാദിത്ത്വമാണ്. പ്രതിബദ്ധതയോടെയും പൂർണ്ണതയോടെയും അതു നിറവേറ്റിയെടുക്കണമെങ്കിൽ സ്ത്രീക്ക് സമയവും സമാധാനവും കൂടിയേ തീരൂ.

താഴേക്കിടയിലുള്ള കുടുംബങ്ങളിൽ പണ്ടുമുതലേ സ്ത്രീയും ജോലിക്കുപോവുക



എന്നതായിരുന്നു സമ്പ്രദായം. പാടത്തും കെട്ടിടം പണികളിലും പശുവളർത്തലിലും മറ്റു വീടുകളിലെ പുറംജോലികളിലും എല്ലാം സഹകരിച്ചു സ്വന്തമായി വരുമാനമുണ്ടാക്കുന്ന സ്ത്രീകളായിരുന്നു കുടുംബച്ചെലവിന്റെ നല്ലൊരു പങ്ക് കണ്ടെത്തിയിരുന്നത്. അവരുടെ കുട്ടികൾ തന്നെത്താനെ വളരുകയും ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്തിരുന്നുതാനും. എന്നാൽ സമ്പന്നകുടുംബങ്ങളിലാവട്ടെ സ്ത്രീകളുടെ കർമ്മം പെറ്റുകൂട്ടുകയും പോരടിക്കുകയുമായിരുന്നു. കുടുംബസ്വത്തു നോക്കിനടത്തുക എന്നല്ലാതെ പുരുഷന്മാർക്കും പുറത്തുള്ള ഉദ്യോഗം ഭരിക്കുക എന്ന ഏർപ്പാടുണ്ടായിരുന്നില്ല.

കാലം മാറിയപ്പോൾ ഭൂസ്വത്ത് നഷ്ടമാവുകയും കൂട്ടുകുടുംബങ്ങൾ ഇല്ലാതാവുകയും ചെയ്തു. അണുകുടുംബങ്ങൾക്ക് അന്തസ്സായി ജീവിക്കണമെങ്കിൽ ഒരാളുടെ വരുമാനം മതിയാകില്ല എന്ന സ്ഥിതി വന്നു. അങ്ങിനെ സ്ത്രീകൾ കൂടി പുറത്ത് ഉദ്യോഗത്തിനുപോവുക എന്നത് അംഗീകൃതരീതിയായി. ആദ്യകാലങ്ങളിൽ നഴ്സ്, അദ്ധ്യാപിക, ടൈപ്പിസ്റ്റ്, തുന്നൽക്കാരി, ലാബ് ടെക്നീഷ്യൻ എന്നിങ്ങനെയുള്ള ജോലികളാണ് സ്ത്രീക്ക് പ്രാഗൽഭ്യം എന്നൊരു ചിന്ത പ്രബലമായിരുന്നു. പക്ഷേ, പതുക്കെപ്പതുക്കെ പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസത്തിനുള്ള കഴിവു തെളിയിക്കുകയും ആൺകുട്ടികൾക്കൊപ്പം ജോലികൾ നേടുവാൻ തുടങ്ങുകയും ചെയ്തു. ഇന്നിപ്പോൾ ഓട്ടോ ഓടിക്കുന്നതും പെട്രോളടിക്കുന്നതും മുതൽ ശൂന്യാകാശത്തേക്കു പരീക്ഷണാർത്ഥം പറക്കുന്ന ശാസ്ത്രജ്ഞയാകുന്നതുവരെ ഏതു തൊഴിൽമേഖലയിലും സ്ത്രീസാന്നിദ്ധ്യമുണ്ട് എന്നത് പുരോഗമനചിന്തയുള്ള ഏവരെയും സന്തോഷിപ്പിക്കുന്ന കാര്യമാണ്.

എന്നാൽ സ്വതന്ത്രയായ സ്ത്രീ, സ്വന്തമായ വരുമാനമാർഗ്ഗമുള്ളവൾ, അഖിലിതനിയമങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ടതുണ്ട് എന്ന ശാഠ്യവും ഇതോടൊപ്പം വളരുകയാണ്. സമൂഹത്തെ വ്യാപകമായി സ്വാധീനിക്കുന്ന സിനിമ, സീരിയലുകൾ, മുഖ്യധാരാമാധ്യമങ്ങളിലെ ചർച്ചകൾ, എന്നിവയിലൊക്കെയും സ്ത്രീയുടെ പരമ്പരാഗത വേഷങ്ങളായ അമ്മ, ഭാര്യ, മകൾ, മരുമകൾ എന്നതെല്ലാം ത്യാഗം, സ്നേഹം, വിധേയത്വം, സ്വയം പീഡനം തുടങ്ങിയ 'മൂല്യങ്ങ'ളാൽ നിർവ്വചിക്കുന്ന ശീലം നാം ഉപേക്ഷിച്ചിട്ടില്ല എന്നു കാണാം.

ഉദ്യോഗസ്ഥകളായ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഒരിക്കലും പ്രമേയത്തിന്റെ ഫോക്കസ് ആവുന്നില്ല. അവർ വീട്ടിൽ വരുമ്പോൾ ഉണ്ടാവുന്ന ആന്തരികപ്രശ്നങ്ങളാണ് സിനിമയും സീരിയലുമൊക്കെ ഉയർത്തിക്കാട്ടുക. ഒന്നുകിൽ

**കാലം മാറിയപ്പോൾ ഭൂസ്വത്ത് നഷ്ടമാവുകയും കൂട്ടുകുടുംബങ്ങൾ ഇല്ലാതാവുകയും ചെയ്തു. അണുകുടുംബങ്ങൾക്ക് അന്തസ്സായി ജീവിക്കണമെങ്കിൽ ഒരാളുടെ വരുമാനം മതിയാകില്ല എന്ന സ്ഥിതി വന്നു. അങ്ങിനെ സ്ത്രീകൾ കൂടി പുറത്ത് ഉദ്യോഗത്തിനുപോവുക എന്നത് അംഗീകൃതരീതിയായി. ആദ്യകാലങ്ങളിൽ നഴ്സ്, അദ്ധ്യാപിക, ടൈപ്പിസ്റ്റ്, തുന്നൽക്കാരി, ലാബ് ടെക്നീഷ്യൻ എന്നിങ്ങനെയുള്ള ജോലികളാണ് സ്ത്രീക്ക് പ്രാഗൽഭ്യം എന്നൊരു ചിന്ത പ്രബലമായിരുന്നു.**



ഭർത്താവിനു വേണ്ട പരിചരണവും സമയവും നൽകപ്പെടുന്നില്ല, അല്ലെങ്കിൽ കുട്ടികൾ വഴിവിട്ടു പോകുന്നത് അമ്മമാർ അറിയുന്നില്ല, ആർക്കും ഇഷ്ടഭക്ഷണം വിളമ്പുന്നില്ല തുടങ്ങിയ ഉപരിപ്ലവകാര്യങ്ങളാണ് ചർച്ചചെയ്യപ്പെടുക. എത്ര ഉയർന്ന ഉദ്യോഗത്തിൽ വിരാജിക്കുന്ന സ്ത്രീയാണെങ്കിലും ഭക്ഷണസമയത്ത് വീട്ടിലെത്തി, പച്ചക്കറി അരിയുന്നതുമുതൽ പാത്രം കഴുകുന്നതുവരെ സ്വയം ചെയ്ത്, കുടുംബാംഗങ്ങൾക്കോരോരുത്തർക്കും വേണ്ടതു നൽകി, കുട്ടികളെ ഊട്ടിയുറക്കി പുതപ്പിച്ച്, ഭർത്താവിന്റെ കാമനകൾക്കൊത്ത് കിടപ്പറയിൽ തൃപ്തിനൽകി വേണം ദിവസമവസാനിപ്പിക്കുവാൻ എന്നത്രേ ഇവയെല്ലാം ആവർത്തിച്ചുറപ്പിക്കുന്നത്. പിറ്റേന്നത്തേക്കുള്ള ഫയലുകൾ നോക്കുക, നോട്ടുകുറിക്കുക, ആനുകാലികസംഭവങ്ങൾ അറിയുവാനായി വായിക്കുക, ചിന്തിക്കുക, പാട്ടുകേട്ടോ മറ്റോ വിശ്രമിക്കുക, നന്നായി ഉറങ്ങി ഊർജ്ജം വീണ്ടെടുക്കുക - ഇങ്ങിനെയുള്ള കാര്യങ്ങളൊന്നും തന്നെ ദൃശ്യവത്കരിക്കപ്പെടാറില്ല. സ്ത്രീയുടെ ദൈനംദിനചര്യകളിൽ ഇത്തരം സമയങ്ങൾ, സ്വകാര്യനിമിഷങ്ങൾ, ഒന്നും ഉൾപ്പെടില്ല.

അതു വിടാം. ഉദ്യോഗസ്ഥലത്തെ സ്ത്രീയെ മലയാളസിനിമ ചിത്രീകരിക്കുന്നതെങ്ങിനെ എന്നു നോക്കാം. പലപ്പോഴും തന്റെ പദവിക്കൊട്ടുമേ ഇണങ്ങാത്ത അതിവൈകാരികതയും പ്രതികാരവാഞ്ഛയും അധികാരപ്രമത്തതയുമൊക്കെയാണ് സിനിമയിലെ ഉദ്യോഗസ്ഥകൾ പ്രദർശിപ്പിക്കുക. വിജി തമ്പി സംവിധാനം ചെയ്ത 'കാശ്മീരം' എന്ന ചിത്രത്തിൽ ശാരദ ദില്ലിക്കോടതിയിലെ ജഡ്ജിയാണ്. തീവ്രവാദികൾക്കെതിരെയുള്ള കേസിന്റെ വിധി തയ്യാറാക്കുന്ന സമയത്ത് അവരുടെ മകൾ അവധിക്കെത്തുകയും ഒരു ടി.വി.ഷോ ചെയ്യുവാനായി കൂട്ടുകയും ചെയ്യുന്നു. അപരിചിതർ വീട്ടിനുള്ളിൽ പെരുമാറുന്നത് അപകടമാണെന്ന് മുന്നറിയിപ്പുനൽകുന്ന ബ്ലാക് ക്യാറ്റ് സെക്യൂരിറ്റി ജീവനക്കാരനോട് ജഡ്ജി പെരുമാറുന്നത് എത്ര അപക്വമായാണ്! മകളുടെ ജീവന് സംരക്ഷണം നൽകുവാനാണ് സെക്യൂരിറ്റിക്കാർ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കുവാനുള്ള സാമാന്യബുദ്ധി പോലും അവർക്കില്ല എന്നാണ് സിനിമ പറഞ്ഞുവെയ്ക്കുന്നത്.

സ്ത്രീകളെ ഇറുക്കമുള്ള പോലീസ് യൂണിഫോം ധരിപ്പിച്ച് വീറും വാശിയുമുള്ള ഡയലോഗ് പറയിപ്പിക്കുവാൻ സംവിധായകൻ ഉത്സാഹം കാട്ടുന്നു. പക്ഷേ, സീനിയറായ പോലീസ് ഉദ്യോഗസ്ഥനോടോ അതിലും പ്രതാപിയായ വില്ലനോടോ



**ഭർത്താവിന്റെ കാമനകൾക്കൊത്ത് കിടപ്പറയിൽ തൃപ്തിനൽകി വേണം ദിവസമവസാനിപ്പിക്കുവാൻ എന്നത്രേ ഇവയെല്ലാം ആവർത്തിച്ചുറപ്പിക്കുന്നത്. പിറ്റേന്നത്തേക്കുള്ള ഫയലുകൾ നോക്കുക, നോട്ടുകുറിക്കുക, ആനുകാലികസംഭവങ്ങൾ അറിയുവാനായി വായിക്കുക, ചിന്തിക്കുക, പാട്ടുകേട്ടോ മറ്റോ വിശ്രമിക്കുക, നന്നായി ഉറങ്ങി ഊർജ്ജം വീണ്ടെടുക്കുക – ഇങ്ങിനെയുള്ള കാര്യങ്ങളൊന്നും തന്നെ ദൃശ്യവത്കരിക്കപ്പെടാറില്ല.**

തോറ്റുകൊടുക്കുമ്പോഴാണ് പോലീസ് ഉദ്യോഗസ്ഥയിലെ 'സ്ത്രീത്വം' അംഗീകരിക്കപ്പെടുക! പുരുഷനൊപ്പം ധൈഷണികമികവ് കാട്ടി ഐ.പി.എസ്. നേടിവരുന്ന പോലീസുദ്യോഗസ്ഥ 'ബ്യൂട്ടിപാർലറിലും' 'വിമൻസ് ക്ലബ്ബി'ലും കറങ്ങിനടക്കുന്ന സോഷ്യൽ ബട്ടർഫ്ളൈ ആണെന്നും നാടിനോ നാട്ടുകാർക്കോ ഗുണം ചെയ്യുന്ന രീതിയിൽ പ്രവർത്തിക്കുവാനുള്ള 'സെൻസും സെൻസിബിലിറ്റിയും സെൻസിറ്റിവിറ്റി'യും ഇല്ലാത്തവളാണെന്നും മുദ്രകുത്തിയാണ് പുരുഷ ഐ.പി.എസ്. ഞെളിഞ്ഞ് 'കിംഗ്' ആവുന്നത്.

കെ.കെ.രാജീവിന്റെ 'ഞാനും എന്റെ ഫാമിലി'യും എന്ന ചിത്രത്തിൽ ഭാര്യയും ഭർത്താവും ഡോക്ടർമാരാണ്. ഒരേ ആശുപത്രിയിൽ ജോലിചെയ്യുന്ന പ്രഗത്ഭരായവർ. എന്നാൽ ഭർത്താവിൽനിന്നും ഗർഭിണിയായ മറ്റൊരു സ്ത്രീ കടന്നുവരുമ്പോൾ രണ്ടുപേരും വിഡ്ഢികളെപ്പോലെയാണു പെരുമാറുന്നത്. ഭാര്യയിൽനിന്നും കാമുകിയെ മറച്ചുവെയ്ക്കുവാനായി ബദ്ധപ്പെട്ട് ഓടുന്നതിനിടയിൽ കാമുകി വീൽച്ചെയറിൽനിന്നും മിറഞ്ഞുവീണ് മരിക്കുകയാണ്. ഒരു രോഗിയെ ഇത്തരം അവഗണനയോടെ ട്രീറ്റ് ചെയ്തുകൊണ്ട് സ്വന്തം മാനം രക്ഷിക്കുക എന്ന കോമാളിത്തരം കാട്ടുന്ന ഒരു വ്യക്തിയെങ്ങിനെ പേരെടുത്ത ഡോക്ടറാവും? ഭാര്യ എങ്ങിനെ അയാളെ ബഹുമാനിക്കും? ഇത്തരം ചോദ്യങ്ങളൊന്നും പ്രസക്തമാവുന്നില്ല, സിനിമയെ സംബന്ധിച്ചിടത്തോളം ഉടുത്തൊരുങ്ങി സ്വന്തം സൗന്ദര്യം പ്രദർശനവസ്തുവാക്കി പ്രേക്ഷകനെ ആകർഷിക്കുക മാത്രമാണ് ഏതൊരു സ്ത്രീ കഥാപാത്രത്തിന്റെയും ദൗത്യം എന്നു ചുരുക്കം.

മലയാളസിനിമയുടെ ആദ്യകാലങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ട 'ആദ്യകിരണങ്ങൾ' എന്ന സിനിമയിൽ കെ.ആർ.വിജയ അവതരിപ്പിക്കുന്ന ഒരു ഗ്രാമസേവികയുണ്ട്. സ്ത്രീസ്വഭാവമഹിമയായ സ്നേഹവും കരുതലുമാണ് ആ തൊഴിലിന് ആവശ്യമെന്നു ആക്ഷേപിക്കാവുന്നതാണ്. പക്ഷേ, എത്ര ഊർജ്ജസ്വലതയോടും ആർജ്ജവത്തോടെയുമാണ് അവർ തന്റെ ജോലിയിലേർപ്പെടുന്നത് എന്ന് ഇന്നു നാം അത്ഭുതപ്പെട്ടുപോകും. നിരക്ഷരരായ ഗ്രാമീണർക്കിടയിൽ ജീവിതാവബോധം വളർത്തുവാനായി അവർ ദീർഘപ്രസംഗങ്ങളല്ല നടത്തുന്നത്, അവരോടൊപ്പം ജീവിച്ചുകൊണ്ടും അവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടും അവരെ കൈപിടിച്ചുയർത്തുകയാണ്.

എന്നാൽ ഇന്ന് സ്ത്രീപക്ഷത്തു നിൽക്കുന്നു എന്നു സ്വയം പ്രഖ്യാപിക്കുന്ന സിനിമകളിൽപ്പോലും സ്ത്രീവിരുദ്ധമായ നിലപാടുകൾ കടന്നുകൂടുന്നതാണു നാം കാണുന്നത്. '22 ഫീമെയ്ൽ കോട്ടയം' ടെസ്സ എന്ന നഴ്സിന്റെ തൊഴിൽമികവിനെ 'കാരുണ്യമുള്ള പരിചാരിക' എന്ന് പുകഴ്ത്തുന്നുണ്ട്. എന്നാൽ അതേ തൊഴിലിലെ പരിശീലനമുപയോഗിച്ചാണ് അവൾ തന്റെ പ്രതികാരവാഞ്ഛ പൂർത്തീകരിക്കുന്നത്. മാത്രവുമല്ല, അവൾ പല ചതിക്കുഴികളിലും ചെന്നു ചാടുന്നത് അപക്വമായ തീരുമാനങ്ങളെടുത്തും മണ്ടത്തരങ്ങൾ ചെയ്തുമാണ് എന്ന പരിഹാസ്യമായ അവസ്ഥയിൽ, നായകനായ വില്ലൻ മിടുക്കനായിത്തീരുകയും ചെയ്യുന്നുണ്ട്.

'ഹൗ ഓൾഡ് ആർ യൂ?' എന്ന മഞ്ജുവാര്യരുടെ കം ബാക് ചിത്രത്തിലുമതേ. 35 വയസ്സുകഴിയുന്ന സ്ത്രീക്ക് സ്വന്തം സ്വപ്നങ്ങൾക്ക് എക്സ്പയറി ഡേറ്റിട്ട് മുഖ്യധാരയിൽ നിന്നു മാറിനിൽക്കേണ്ടിവരുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. സർക്കാർ ജോലിയിൽ നിരുത്തരവാദപരമായി പെരുമാറുന്ന, അലസയും പൊങ്ങച്ചക്കാരിയുമായ ഒരു സ്ത്രീ എങ്ങിനെ വീട്ടിലും പരിഹാസപാത്രമാവുന്നു എന്നു നാം മനസ്സിലാക്കുന്നു. ഭർത്താവും മകളും സഹപ്രവർത്തകരും നിരന്തരമായി ആത്മാഭിമാനത്തിനു മുറിവേൽപ്പിക്കുമ്പോഴും തീവ്രമായി പ്രതികരിക്കാതെ, മറ്റൊരു വഴിയെക്കുറിച്ചാലോചിക്കാതെ, വെറുതെയങ്ങു ജീവിച്ചുപോവുന്ന സ്ത്രീ. രണ്ടാം പകുതിയിൽ അവർ മറ്റൊരാളായി മാറുന്നു എന്നതു സത്യം. പക്ഷേ, ജീവിതത്തിൽ എത്ര സ്ത്രീകൾക്കതിനു കഴിയും എന്നതാണു നമ്മെ അലട്ടുന്ന ചോദ്യം.

ഉന്നതവിദ്യാഭ്യാസവും ഉയർന്ന ഉദ്യോഗവും നേടാനുള്ള അവസരങ്ങൾ തുറക്കപ്പെടുമ്പോഴും മാധ്യമങ്ങൾ പരസ്യപ്പെടുത്തുന്ന സൗന്ദര്യവസ്തുക്കളുടേതായ മായികലോകത്തുനിന്നും മോചനം നേടാൻ സ്ത്രീക്കു സാധിക്കുന്നില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. 'നിങ്ങളുടെ ചർമ്മം കണ്ടാൽ പ്രായം തോന്നുകയേയില്ല' എന്ന അസൂയകലർന്ന മുഖസ്തുതിയാണ് തൊഴിലിടത്തു കാട്ടുന്ന പ്രാഗത്ഭ്യത്തെക്കാൾ സ്ത്രീ കാംക്ഷിക്കുന്നത് എന്ന പുരുഷസൃഷ്ടമായ കാപ്ഷൻ വെട്ടിത്തിരുത്തേണ്ടതും സ്ത്രീതന്നെയാണ്. ജന്മസിദ്ധമായ കഴിവുകൾ സ്വയം കണ്ടെത്തുകയും അവയെ വളർത്തിയെടുക്കുകയും ചെയ്താൽ സ്ത്രീക്കു തീർച്ചയായും സ്വന്തം ആഗ്രഹപ്രകാരമുള്ള ജീവിതം തന്നെ തിരഞ്ഞെടുക്കാം, മലയാളസമൂഹമോ മലയാളസിനിമയോ അത് അംഗീകരിച്ചില്ല എന്നുവരുമെങ്കിലും.

***സുലോചന റാം മോഹൻ സിനിമാ നിരൂപകയും എഴുത്തുകാരിയുമാണ്.***

**ചർച്ചാവിഷയം**

# കുടുംബത്തിനും ഉദ്യോഗത്തിനും മദ്ധ്യേ ഇങ്ങനെ...



**ഷീല രാഹുലൻ**



***ഷീല രാഹുലൻ, 1956ൽ ജനനം. ബാങ്ക് ഉദ്യോഗസ്ഥയായി 2016ൽ വിരമിച്ചു. ഇപ്പോൾ സാമൂഹ്യ, കലാ, സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്നു.***

ഞാൻ എം. എ. പാസ്സാകുന്നതുവരെ ജോലിക്ക് അപേക്ഷ അയയ്ക്കാനോ, മത്സരപ്പരീക്ഷകളിൽ പങ്കെടുക്കാനോ അച്ഛൻ എന്നെ അനുവദിച്ചിരുന്നില്ല. പഠിത്തത്തിൽ ശ്രദ്ധിക്കുക. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനുള്ള അച്ഛന്റെ പെടാപ്പാടു മാറ്റുവാൻ ഒരു ജോലി അനിവാര്യമായിരുന്നെങ്കിലും അച്ഛന്റെ ഇഷ്ടത്തിനു വഴങ്ങാതെ നിർവ്വാഹമില്ലായിരുന്നു. എം. എ. പരീക്ഷ കഴിഞ്ഞപ്പോൾ മുതൽ കണ്ണിൽപ്പെട്ട എല്ലാ പരസ്യങ്ങൾക്കും അപേക്ഷ അയച്ചും പരീക്ഷകൾ എഴുതിയും ഏതാണ്ട് ഒരു വർഷം ആയപ്പോഴേക്കും ഒരുപിടി റാങ്കുലിസ്റ്റുകളിൽ കയറിപ്പറ്റി – കേന്ദ്രഗവണ്മെൻറ് മുതൽ ബാങ്ക്, യൂണിവേഴ്സിറ്റി, എൽ.ഐ.സി. എന്നിങ്ങനെ വിവിധ മേഖലകളിൽ. എനിക്ക് താല്പര്യം ഡൽഹിയിലെ കേന്ദ്ര സെക്രട്ടേറിയറ്റിലെ ജോലി ആയിരുന്നെങ്കിലും വീട്ടുകാരുടെ നിർബന്ധവും ആദ്യനിമയമന ഉത്തരവു ലഭിച്ചത് സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയിൽ നിന്നായതുകൊണ്ടും അതുതന്നെ തിരഞ്ഞെടുത്തു. അങ്ങിനെ 1980 ആഗസ്റ്റ് 7 ന് എസ്.ബി.ഐ.യുടെ തുമ്പ ശാഖയിൽ എന്റെ ഔദ്യോഗികജീവിതം ആരംഭിച്ചു.

വിവിധ ശാഖകളിലായി നീണ്ട മുപ്പത്തിയാറു വർഷം. 2016 മെയ് 31 നു പടിയിറങ്ങുമ്പോൾ എന്റെ ഉള്ളിൽ സമ്മിശ്രവികാരങ്ങളായിരുന്നു. ജീവിതത്തിന്റെ നല്ല ഒരു ഭാഗം ചിലവഴിച്ച സ്ഥാപനത്തിൽനിന്നും നിറഞ്ഞ മനസ്സോടെയാണ് വിടവാങ്ങിയത്. എങ്കിലും തിരിഞ്ഞുനോക്കുമ്പോൾ ഞാൻ തിരഞ്ഞെടുത്ത ജോലി ശരിയായിരുന്നോ എന്നൊരു സന്ദേഹം ഇല്ലാതില്ല. പക്ഷേ, എന്റെ ജോലിയോട് ഞാൻ നൂറുശതമാനവും നീതിപുലർത്തി എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. വളരെ ആസ്വദിച്ചു ജോലിചെയ്ത ഒരാളാണു ഞാൻ. ഇന്നു ഞാൻ അനുഭവിക്കുന്ന ഭൗതികസുഖങ്ങൾക്ക് ബാങ്കിനോട് കടപ്പെട്ടിരിക്കുന്നു. അതേസമയം ബാങ്ക് എനിക്കുതന്നതിനെക്കാൾ കൂടുതൽ ബാങ്കിനു ഞാൻ അങ്ങോട്ടു നൽകി എന്നും വിശ്വസിക്കുന്നു. സാധാരണ ബാങ്കിംഗ് ജോലിയെക്കാൾ പലവിധ പ്രശ്നങ്ങളുമായി വരുന്ന ഇടപാടുകാരെ സഹായിക്കുന്നതായിരുന്നു എനിക്കു കൂടുതൽ ഇഷ്ടം. ഒരുതരം ട്രബിൾ ഷൂട്ടിംഗ്.

കൊല്ലം റയിൽവേസ്റ്റേഷനു സമീപമുള്ള എസ്.ബി.ഐ. ബ്രാഞ്ച് ഞാൻ പഠിക്കുന്ന കാലത്ത് പലപ്പോഴും കൗതുകത്തോടെ നോക്കിനിന്നിട്ടുണ്ട്. അവിടേക്ക് ഒരു സ്ഥലംമാറ്റം വാങ്ങി കുറച്ചുനാൾ അച്ഛനോടും അമ്മയോടുമൊപ്പം താമസിക്കുക. ബോർഡിംഗിലും ഹോസ്റ്റലിലുമൊക്കെ താമസിച്ചുപഠിച്ചതുമൂലമുണ്ടായ വീട്ടുകാര്യങ്ങളിലെ ചെറിയ ചെറിയ അജ്ഞതകൾ പരിഹരിക്കുക

എന്നൊക്കെ സ്വപ്നം കണ്ടിരുന്ന എനിക്ക് അടുത്ത പണികിട്ടി - വിവാഹം. കുറച്ചുകഴിയട്ടെ എന്ന് പറഞ്ഞുനോക്കിയിട്ടും അച്ഛന്റെ ആരോഗ്യപ്രശ്നങ്ങൾ ഉയർത്തി, വീണ്ടും വീട്ടുകാർ മേൽക്കൈ നേടി. അങ്ങിനെ പ്രൊബേഷൻ അവസാനിച്ചദിവസം തന്നെ എന്റെ വിവാഹവും നടന്നു. കേന്ദ്രീയവിദ്യാലയത്തിലെ അദ്ധ്യാപകനായ എന്റെ ഭർത്താവ്, സാധാരണ പുരുഷന്മാരെപ്പോലെ വീട്ടുകാര്യങ്ങൾ, കുട്ടികളുടെ കാര്യങ്ങൾ എല്ലാം സ്ത്രീകളുടെ ചുമതലയാണ് എന്ന് വിശ്വസിക്കുന്ന ഒരാളായിരുന്നു.

അങ്ങിനെ വീട്ടുജോലി, ബാങ്കിലെ ജോലി, രണ്ട് ആൺകുട്ടികൾ, അദ്ദേഹത്തിന്റെ അമ്മ, എന്റെ അച്ഛനമ്മമാർ, ബാക്കി ബന്ധുക്കൾ..... തിരിക്കേറിയതായിരുന്നു എന്റെ ജീവിതം. അതിനിടയിൽ പലപ്പോഴായി രണ്ട് അമ്മമാരെയും അച്ഛനെയും ഭർത്താവിനെയും എനിക്കു നഷ്ടമായി. ഓരോ നഷ്ടത്തിലും പിടിച്ചുനില്ക്കാൻ എന്റെ സ്ഥാപനവും സഹപ്രവർത്തകരും ഏറെ സഹായിച്ചു. ഇന്ന്, മക്കൾ രണ്ടുപേരും നല്ല ജോലികളിൽ പ്രവേശിച്ച് അവർക്ക് ഇഷ്ടപ്പെട്ട കുട്ടികളെ വിവാഹം കഴിച്ച് സന്തോഷമായി ജീവിക്കുന്നു.

പക്ഷേ, വീട്-ബാങ്ക്, ബാങ്ക്-വീട് എന്നുജീവിച്ച 36 വർഷങ്ങൾ... എന്റെ ജീവിതത്തിന്റെ ഏറ്റവും നല്ലകാലം ഞാനറിയാതെ അടർന്നുവീണിരിക്കുന്നു. വായനയും യാത്രകളും ഇഷ്ടപ്പെട്ടിരുന്ന ഞാൻ ആ കാലയളവിൽ അതൊക്കെ മറന്നുപോയിരുന്നു. തിരുവനന്തപുരത്ത് താമസിച്ച് കൊല്ലത്ത് ജോലിക്കുപോയ നാളുകൾ, വളരെ പ്രയാസപ്പെട്ടു നേടിയെടുത്ത ട്രാൻസ്ഫർ ഓർഡർ പൂഴ്ത്തിയ മാനേജർ. അവസാനം പെരുമൺദുരന്തം കഴിഞ്ഞപ്പോൾ ലീവ് എടുക്കും എന്ന് ഭീഷണിപ്പെടുത്തി സ്ഥലംമാറ്റ ഉത്തരവും വാങ്ങി തിരുവനന്തപുരത്തിന്. പട്ടം, കൊല്ലം, ആൽത്തറ, ശ്രീകാര്യം, കായംകുളം, തിരുവനന്തപുരം ട്രഷറി ബ്രാഞ്ച്, അവസാനം തിരുവനന്തപുരം സ്പെഷ്യൽ പി.ബി.ബ്രാഞ്ച് - അങ്ങിനെപോയി എന്റെ ഔദ്യോഗികയാത്ര.

പ്രിൻസിപ്പാളായി പ്രൊമോഷനും സ്ഥലം മാറ്റങ്ങളുമായി ഭർത്താവ് വിവിധ സ്ഥലങ്ങളിൽ പോയപ്പോഴും, മക്കൾക്ക് തിരുവനന്തപുരത്തെ പട്ടം കേന്ദ്രീയവിദ്യാലയത്തിൽനിന്നും പോകാൻ താല്പര്യമില്ലാത്തതുകൊണ്ട് ഞങ്ങൾ ഇവിടെത്തന്നെ തുടർന്നു. സ്ഥലംമാറ്റങ്ങൾ ഉണ്ടാകും എന്നതുകൊണ്ട് പ്രൊമോഷനുകൾ വേണ്ട എന്നും ഞാൻ തീരുമാനിച്ചു. പിൽക്കാലത്ത് കുട്ടികളുടെ സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞ് അവർ വീടുവിട്ട് പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയപ്പോൾ ഓഫീസറാകാനുള്ള പരീക്ഷ എഴുതിനോക്കി. അന്നൊക്കെ ആയിരത്തോളം പേർ പരീക്ഷ എഴുതിയാൽ എഴുപതോ എഴുപത്തഞ്ചോ പേരെ ആയിരിക്കും എടുക്കുക. രണ്ടുപ്രാവശ്യം എന്റെ പേരും ലിസ്റ്റിലുണ്ടെന്ന് വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നും അറിഞ്ഞെങ്കിലും ലിസ്റ്റുവന്നപ്പോൾ എന്റെ പേരു കണ്ടില്ല. രണ്ടാമത്തെ പ്രാവശ്യവും അങ്ങിനെയൊരു അനുഭവം ഉണ്ടായപ്പോൾ ഇനി എഴുതില്ല എന്നു തീരുമാനിച്ചു. എഴുതുന്നവരെല്ലാം ജയിച്ച് ഓഫീസറാകുന്ന ഒരു സാഹചര്യം വന്നപ്പോൾ പലരും സ്നേഹപൂർവ്വം നിർബന്ധിച്ചെങ്കിലും ആ ഓൾപ്രൊമോഷന്റെ ഭാഗമാകാൻ തോന്നിയില്ല.

ദൈനംദിന ബാങ്കിംഗിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ച കാലഘട്ടത്തിലാണ് ഞാൻ ജോലിചെയ്തത്. തടിയൻ ലഡ്ജറുകളിൽ അക്കൗണ്ടുകൾ തുടങ്ങിയിരുന്ന കാലത്താണ് ഞാൻ ബാങ്കിൽ ജോലിക്കു കയറുന്നത്. എല്ലാം മനുഷ്യന്റെ ബുദ്ധിയും അദ്ധ്വാനവും കൊണ്ടു സാധിച്ചിരുന്ന ദിവസങ്ങൾ. നോട്ടുകൾ കൈകൊണ്ട് എണ്ണി തിട്ടപ്പെടുത്തണം. കള്ളനോട്ടുകൾ കണ്ണും വിരലുംകൊണ്ട് കണ്ടുപിടിക്കണം. ഉച്ചയ്ക്ക് രണ്ടുമണിവരെയാണ് ബാങ്കിന്റെ പ്രവർത്തിസമയം. അതുകഴിഞ്ഞാൽ വരവുചിലവുകൾ കൂട്ടിമുട്ടിക്കാനുള്ള പ്രയത്നമാണ്. പക്ഷേ അന്നു ജീവനക്കാർ തമ്മിൽ തമ്മിലും ബാങ്കിൽവരുന്ന ഇടപാടുകാരുമായും നല്ല ആരോഗ്യപരമായ ഒരു ബന്ധമുണ്ടായിരുന്നു. പിന്നീട് കമ്പ്യൂട്ടറൈസേഷൻ വന്നു. ആദ്യം അത് ഒരു ബാങ്ക് ഓഫീസ് സംവിധാനമായിരുന്നു. അതുകഴിഞ്ഞ് മാറ്റങ്ങളുടെ ഒരു മലവെള്ളപ്പാച്ചിലായിരുന്നു.

കോർബാങ്കിംഗ്, എ.ടി.എം., എസ്.എം.എസ്. സന്ദേശങ്ങൾ, നെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ബാങ്കിംഗ് സേവനങ്ങൾ ലഭ്യമായി എന്നുമാത്രമല്ല, ഉപഭോക്താവ് ബാങ്കിൽ വരുന്നതിനെ നിയന്ത്രിക്കാനുമായി. മ്യൂച്ചൽ ഫണ്ട്, ഇൻഷ്വറൻസ്, ഷെയർമാർക്കറ്റ് എല്ലാം ബാങ്കിംഗിന്റെ ഭാഗമായി. നോട്ടെണ്ണാനും കള്ളനോട്ടു കണ്ടുപിടിക്കാനും മെഷീനുകളായി. ജീവനക്കാർക്കു തമ്മിൽ തമ്മിലോ ഇടപാടുകാരുമായോ സംസാരിക്കാൻ പറ്റാതായി. കമ്പ്യൂട്ടറിൽ അടിക്കുമ്പോൾ ഒരക്കം തെറ്റിയാൽ എന്താ സംഭവിക്കുക എന്നു പറയാൻ പറ്റില്ലല്ലോ. അതുകൊണ്ട് എല്ലാവരുടെയും കണ്ണുകൾ കീബോർഡിലും മോണിട്ടറിലുമായി ഓടിനടന്നു. ബന്ധങ്ങളിലെ ഊഷ്മളത പതിയെ അപ്രത്യക്ഷമായി. ബാങ്കുതന്നെ സേവനത്തിൽ നിന്നും ലാഭത്തിലേക്ക് കാൽ മാറ്റിച്ചവിട്ടി. കമ്മീഷനും അതുവഴി ലാഭവും കൂട്ടാനായി; ആളുകളെ മ്യൂച്ചൽഫണ്ടിലേക്കും ഇൻഷ്വറൻസിലേക്കും മാറ്റുന്ന ഒരു ഏജൻറായി. അങ്ങിനെ ചെയ്യുന്ന ജീവനക്കാർക്ക് കാശായും സാധനങ്ങളായും വിദേശയാത്രകളായും

പ്രോത്സാഹനസമ്മാനങ്ങൾ നൽകാൻ തുടങ്ങി. താഴെത്തട്ടുമുതൽ മുകൾത്തട്ടുവരെ എല്ലാവർക്കും സമ്മാനങ്ങൾ കിട്ടാൻ തുടങ്ങിയപ്പോൾ അധികം പേരുടെയും ശ്രദ്ധ അതിലേക്കു തിരിഞ്ഞു. സാധാരണ ബാങ്കിംഗ് ജോലികൾ ചെയ്യാൻ ആളുകൾ കുറവായി. കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കാൻവേണ്ടി ജീവനക്കാർതമ്മിൽ മത്സരമായി. പരസ്പരം സംസാരിക്കുന്നതുപോലും വല്ലപ്പോഴുമായി. ഇടപാടുകാരെ കഴിയുന്നതും ബാങ്കിനകത്തേക്കു വരുത്താതെ നോക്കി.

എന്നെപ്പോലുള്ള പഴമക്കാർ ഈ മാറിയസാഹചര്യങ്ങളിൽ എങ്ങിനെയെങ്കിലും പുറത്തുചാടിയാൽ മതി എന്ന മാനസികാവസ്ഥയിലെത്തി. എഴുപതുകളിലും എൺപതുകളിലും ബാങ്കിലെ ജോലി എന്നുപറഞ്ഞാൽ സമൂഹത്തിൽ ഉയർന്ന പരിഗണന ലഭിച്ചിരുന്നു. നല്ല ശമ്പളം, വിദ്യാഭ്യാസയോഗ്യത, കുറഞ്ഞ ജോലിഭാരം..... കോളജിലെ അദ്ധ്യാപകവൃത്തി രാജിവെച്ച് ബാങ്കിൽ ക്ലാർക്കായിപ്പോലും ജോലിചെയ്യുന്നവർ എന്നോടൊപ്പം ഉണ്ടായിരുന്നു. ഇന്നോ? ജോലിഭാരം കൂടി. അതിന് ആനുപാതികമായി ശമ്പളം വർദ്ധിച്ചില്ല. സ്റ്റേറ്റ് ഗവണ്മെൻറിൽ ഒരു ക്ലാസ്ഫോർ ജീവനക്കാരനു കിട്ടുന്ന ശമ്പളത്തെക്കാൾ കുറവാണ് ബാങ്കിലെ ക്ലാർക്കിനു കിട്ടുന്ന തുടക്കശമ്പളം. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ ബാങ്ക് ജീവനക്കാർ വളരെ കുറവാണ്. ജീവനക്കാരുടെ മാനസിക ഉല്ലാസത്തിനുവേണ്ട പ്രവർത്തനങ്ങളൊന്നും ബാങ്കുകൾ ചെയ്യാറില്ല. ജീവനക്കാരും അങ്ങിനെതന്നെ. ചുറ്റും നടക്കുന്ന കാര്യങ്ങളൊന്നും അവർ അറിയാറില്ല. വായനാശീലം വളരെ കുറവ്. ദിനപ്പത്രം പോലും വായിക്കാത്തവർ ആ കൂട്ടത്തിലുണ്ട്. സാമൂഹികപ്രതിബദ്ധത, ജോലിയോടുള്ള ആത്മാർത്ഥത എല്ലാം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ലാഭം മാത്രമാണ് ഇന്ന് എല്ലാത്തിന്റെയും അളവുകോൽ. ഇതിൽ ബാങ്കുകളെമാത്രം കുറ്റംപറഞ്ഞിട്ടു കാര്യമില്ല. എല്ലാ മേഖലകളിലും നിലനിൽക്കുന്ന പണാധിപത്യം ഇവിടെയും. അത്രേയുള്ളൂ. 'ഒരു ഉപഭോക്താവാണ് നമ്മുടെ സ്ഥാപനത്തിലേക്കു വരുന്ന ഏറ്റവും പ്രധാനപ്പെട്ട ആൾ.....' എന്നുതുടങ്ങുന്ന മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായ ഉദ്ധരണി എല്ലാ ബ്രാഞ്ചുകളിലും തൂങ്ങിക്കിടക്കുന്നു - ഒരു വിരോധാഭാസം പോലെ.

**ദൈനംദിന ബാങ്കിംഗിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ച കാലഘട്ടത്തിലാണ് ഞാൻ ജോലിചെയ്തത്. തടിയൻ ലഡ്ജറുകളിൽ അക്കൗണ്ടുകൾ തുടങ്ങിയിരുന്ന കാലത്താണ് ഞാൻ ബാങ്കിൽ ജോലിക്കു കയറുന്നത്. എല്ലാം മനുഷ്യന്റെ ബുദ്ധിയും അദ്ധ്വാനവും കൊണ്ടു സാധിച്ചിരുന്ന ദിവസങ്ങൾ. നോട്ടുകൾ കൈകൊണ്ട് എണ്ണി തിട്ടപ്പെടുത്തണം. കള്ളനോട്ടുകൾ കണ്ണും വിരലുംകൊണ്ട് കണ്ടുപിടിക്കണം.**

ഒരു സ്ത്രീക്ക് ജോലികിട്ടുക, സ്ത്രീ ജോലിക്കുപോകുക എന്നുപറഞ്ഞാൽ അവൾക്ക് സാമ്പത്തികസ്വാതന്ത്ര്യം ലഭിക്കുക എന്നാണ്. പൊതു ഇടങ്ങളിലേക്ക് ഇറങ്ങി, പുരുഷനോടൊപ്പം തുല്യജോലിക്ക് തുല്യവേതനം വാങ്ങി, കുടുംബത്തിന്റെ അഭിവൃദ്ധിക്ക് സഹായിക്കുക. അങ്ങിനെയുള്ള കുടുംബങ്ങൾ സാമ്പത്തികമായി മാത്രമല്ല, സാംസ്കാരികമായും ആശയപരമായും ഉന്നതനിലവാരം പുലർത്തും. എന്നാൽ പുരുഷാധിപത്യം നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ഇത് ഇന്നും ഒരു സ്വപ്നം മാത്രമാണ്. വൈകിട്ട് അഞ്ചുമണിക്ക് ഓഫീസ് വിടുമ്പോൾ വീടണയാനായി ബസ്സിനും ട്രെയിനിനുമൊക്കെ സ്ത്രീകൾ തത്രപ്പെട്ട് ഓടുന്നതുകാണാം. വൈകിട്ട് വീട്ടിൽ എത്തിയിട്ട് ഒരു നൂറുകൂട്ടം ജോലികൾ കാണും. രാവിലെയും അങ്ങിനെതന്നെ. എന്നാൽ അവൾക്കൊപ്പം ജോലിചെയ്യുന്ന പുരുഷന്റെ അവസ്ഥ വളരെ വ്യത്യസ്തമാണ്. തുല്യ ജോലിയും തുല്യ വേതനവും ഓഫീസിൽ മാത്രം..... ജോലിചെയ്യുന്ന സ്ത്രീകളിൽ ഏറിയപങ്കും ശമ്പളം കിട്ടിയാൽ അത് കൃത്യമായി ഭർത്താവിനെ ഏൽപ്പിക്കാൻ കടപ്പെട്ടവരാണ്. കുടുംബത്തിന്റെ മുന്നോട്ടുള്ള സുഗമമായ പ്രയാണത്തിന് ജോലിസ്ഥലങ്ങളിൽ മാത്രമല്ല, വീടിനകത്തും ഒരു തുല്യതവേണം. വീട്ടുകാര്യങ്ങളും കുട്ടികളുടെ കാര്യങ്ങളുമെല്ലാം ഒരുമിച്ചു ചെയ്തുതീർക്കുന്ന ഒരു ചുറ്റുപാട് ഉണ്ടാകണം. വളർന്നുവരുന്ന തലമുറയെയെങ്കിലും ഈ മാർഗ്ഗത്തിലേക്കു വഴിതെളിച്ചുവിടണം. ഇല്ലെങ്കിൽ സ്ത്രീകളുടെ ജീവിതം അവരുടെ ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും ഒരു ശവപ്പറമ്പായി തുടരും. സ്ത്രീയും പുരുഷനെപ്പോലെ ഒരു പൂർണ്ണ വ്യക്തിയാണ് എന്ന് അംഗീകരിക്കപ്പെടണം; രണ്ടും പരസ്പരപൂരകങ്ങളാണെന്നും.

മുപ്പത്തിയാറു വർഷം വായിക്കാതെ വിട്ട പുസ്തകങ്ങൾ, ചെയ്യാതെപോയ യാത്രകൾ, കാണാതെപോയ സിനിമകൾ, ഇല്ലാതെപോയ സൗഹൃദങ്ങൾ....എല്ലാം തിരിച്ചുപിടിക്കാനുള്ള തിരക്കിലാണു ഞാൻ. ദിവസങ്ങൾക്കു ദൈർഘ്യം കുറവാണെന്ന തോന്നൽ. എന്റെ സമയമാകട്ടെ, തീർന്നുകൊണ്ടുമിരിക്കുന്നു.....



# വാസ്തവം



ഡോ.ജാൻസി ജോസ്

സാധാരണക്കാരനെ വിരുന്നൂട്ടാൻ വന്ന കേന്ദ്രസർക്കാർ പാവപ്പെട്ടവന്റെ അടുപ്പിൽ വെള്ളമൊഴിക്കുന്ന ഏർപ്പാടല്ലേ ഒപ്പിച്ചു വെച്ചിരിക്കുന്നത്?സീറോ ബാലൻസിൽ അക്കൗണ്ട് തുടങ്ങി സീറോയിലെത്തിക്കുന്ന തന്ത്രം ഈ സർക്കാറിനേ അറിയൂ .ആധാർ ലിങ്കുചെയ്യാത്ത ഏതെങ്കിലും ഒരു സ്ഥലമോ സാധനമോ ഉണ്ടോ എന്നും തോന്നുന്നില്ല.നോട്ടു നിരോധനവും പുകിലുകളും ഉണ്ടാക്കിയ മുറിവുണങ്ങുന്നതിനു മുമ്പാണ് ഈ ആഘാതം എന്നോർക്കണം.

പശുവിന്റെ പേരിൽ നരഹത്യ തുടർന്നു കൊണ്ടിരിക്കുമ്പോഴും യുഎസ്ജി എന്ന മുഴുവൻതേങ്ങ മുന്നിലിരിക്കുമ്പോഴും വിലക്കയറ്റവും സ്വകാര്യ വലക്കരണവും മറ്റും സാധാരണക്കാരന്റെ ജീവിതം സ്തംഭിപ്പിക്കുന്നുണ്ടെന്ന് ആരറിയാൻ?

ഹർത്താൽ മാമാങ്കം കൃത്യമായി കൊണ്ടാടുന്ന നാടായിത്തീർന്നിരിക്കുന്നു കേരളം. കൊന്നു തിന്നുക, ഹർത്താൽ നടത്തുക - എന്നതൊരു ആവേശമായിത്തീർന്നിരിക്കുന്നു. ജനങ്ങൾക്കു വേണ്ടതു കൊടുക്കുന്ന ഒരു സർക്കാറിനെയാണ് ജനം പ്രതീക്ഷിക്കുന്നത്. കൂടെ നിന്നാൽ മാത്രം പോരാ എന്നർത്ഥം.

കൊട്ടാരം പോലും വിറ്റുതിന്നുന്ന നാട്ടിൽ പരസ്പരം ചെളി വാരിയെറിയുന്നതിൽ വീഴ്ചയൊന്നും കാണിക്കാത്ത രാഷ്ട്രീയപ്പാർട്ടികളെ കാണുമ്പോൾ ആശങ്കപ്പെടാതിരിക്കാനാവുന്നില്ല. നോക്കുകൂലിക്കാരുടെ അഹങ്കാരത്തിനും വിനായകനെപ്പോലുള്ളവരെ കൊന്നുതള്ളുന്ന പോലീസ് വാഴ്ചക്കും തടയിടാൻ കഴിഞ്ഞില്ലെങ്കിൽ ഭരണം പരാജയമായിത്തീരാനിടയുണ്ട്. ഇതിനിടയിൽ പ്രമുഖ നടിയെ പീഡിപ്പിച്ച കേസിന്റെ പുരോഗതിയും മാതൃഭൂമിക്കാരനെതിരെ പരാതി കൊടുത്ത പെൺകുട്ടിയുടെ മനോഭാവവും ആശ്വാസമേകുന്നുണ്ട്. ഗുരുവായൂരിൽ താലിയൂരിക്കൊടുത്ത് ഇഷ്ടപ്പെട്ട പുരുഷന്റെ കൂടെപ്പോയ പെൺകുട്ടിയുടെ ചങ്കൂറ്റത്തിൽ അഭിമാനവും തോന്നുന്നുണ്ട്.

# അങ്ങവിടെ ഒരു ടെക്കി

***ലണ്ടനിലെ ഒരു കമ്പനിയിൽ പോർട്ട്ഫോളിയോ മാനേജ്മെന്റ് ചെയ്യുന്ന വിനയ 2002 മുതൽ ഐ ടി മേഖലയിൽ ജോലി ചെയ്തു വരുന്നു.***



**വിനയ രാഘവൻ**

വളരെ ചെറിയ കുട്ടി ആയി ഇരിക്കുമ്പോൾ തന്നെ ചുറ്റുമുള്ള ലോകത്തെ ശാസ്ത്രദൃഷ്ട്യാ കാണാൻ എന്റെ വീട്ടുകാർ പറയുമായിരുന്നു. ബുദ്ധിപരമായ സത്യസന്ധത ജീവിതത്തിൽ പുലർത്തണം എന്നത് ജീവിതലക്ഷ്യം തന്നെ ആയിരുന്നു അന്നും ഇന്നും. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഈ ലോകവുമായി സംവദിക്കുമ്പോൾ പ്രകൃതി എന്ന ചുറ്റുമുള്ള ലോകത്തിന്റെ ഉപയോക്താവാണ്. അതിനാൽ ഓരോ വ്യക്തിയും തന്നാൽ കഴിയും വിധം ലോകത്തിന് തിരിച്ചു കൊടുക്കണം എന്ന് എപ്പോഴും വിശ്വസിക്കുന്നു. അതുകൊണ്ട് ജീവിതത്തിനു ലക്ഷ്യം അല്ല ഉദ്ദേശ്യം ആണ് വേണ്ടത് എന്ന് എപ്പോഴോ തീരുമാനിച്ചുറച്ചിരുന്നു. അങ്ങനെ ആണ് സ്വന്തം കാലിൽ നിൽക്കണം എന്ന് ശക്തമായി ആഗ്രഹിച്ചത് . എന്റെ മാതാപിതാക്കളും അമ്മമ്മയും ഓടി നടന്ന് ജോലി ചെയ്യുമ്പോഴും മറ്റു സാമൂഹ്യ കാര്യങ്ങളിൽ ഇടപെടുമ്പോഴും അവരെ വളരെ ആരാധനയോടെ നോക്കി നിന്നിട്ടുണ്ട് . ഞാനും അനുജത്തിയും സ്വന്തം കാലിൽ നിൽക്കണം എന്നും അറിവ് നേടണം എന്നും അറിവിലൂടെ ലോകത്തെയും ചുറ്റുമുള്ള മനുഷ്യരെയും  അറിയണം എന്നും പറഞ്ഞു തന്ന എന്റെ മാതാപിതാക്കളോട് എന്നും കടപ്പെട്ടിരിക്കും.

എസ്.എസ്.എൽ.സി കഴിഞ്ഞ് എന്ത് കരിയർ എന്ന് എല്ലാവരെയും പോലെ ഞാനും ആശയക്കുഴപ്പത്തിലായിരുന്നു. ഭാവിയിൽ എന്താകണമെന്ന് ഒരു പതിനാറുകാരിക്ക് തീരുമാനിക്കാൻ പറ്റുന്ന ഒന്നല്ലെങ്കിലും പതിനാറും പതിനേഴും വയസ്സുകളിൽ മുന്നോട്ടുള്ള ജീവിതത്തിനു വേണ്ടി സ്വയം പര്യാപ്തയാകണം എന്ന ചിന്തയുടെ ആദ്യത്തെ മുകുളങ്ങൾ ഉയർന്നു വരണം എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ജീവിതത്തിനെപ്പറ്റിയും ഇനിയുള്ള അഞ്ച് വർഷങ്ങൾ  ജീവിതത്തിൽ എന്തുചെയ്യണം എന്ന ഒരു ഉപരിപ്ളവ പദ്ധതി. അഞ്ചു കൊല്ലത്തിനപ്പുറം ജീവിതം പ്ലാൻ ചെയ്യുന്നതിൽ മെറിറ്റ് ഉണ്ടെന്ന് എനിക്ക് തോന്നിയിട്ടില്ല.  അങ്ങനെ ആണ് കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിഗ്രി ചെയ്യാൻ തീരുമാനിക്കുന്നത്.

കംപ്യൂട്ടർ ഒരു വിസ്മയം ആയിരുന്നു അന്ന്. ഉയർന്നു വരുന്ന ഒരു വ്യവസായം. മാത്രമല്ല നൂതനമായ ഒരു realm. കൗതുകകരമായ പലതും വായിക്കുകയും ചെയ്തിരുന്നു കമ്പ്യൂട്ടർ ലോകത്തെപ്പറ്റി . നിസ്സാരം എന്ന് നമ്മൾ കരുതുന്ന വീഡിയോ ഗെയിംസ് കംപ്യൂട്ടറിൽ മനുഷ്യരാൽ നിർമിക്കപെട്ടതാണെന്നുള്ള അറിവ്  എന്നെ ആ ലോകം അറിയാൻ ആകർഷിച്ചിരുന്നു. വിഡിയോ ഗെയിമുകൾ കളിച്ചിരുന്നു അന്ന് ഒരുപാട്. ഗെയിമുകൾ ആണ് കൗതുകത്തിന്റെ ആദ്യത്തെ മൊട്ടുകൾ വളർത്തിയത് എന്ന് പറയാം.  അങ്ങനെ എഞ്ചിനീയറിംഗിന് ചേരുകയും ബിരുദപഠനം പൂർത്തിയാക്കുകയും ചെയ്തു .

വേൾഡ് ട്രേഡ് സെന്റർ ആക്രമണം കാരണം ക്യാമ്പസ് പ്ലേസ്മെന്റിൽ ലഭിച്ച ജോലിയുടെ ജോയ്നിങ് തീയതി നീട്ടിയപ്പോൾ, വെറുതെ ഇരിക്കേണ്ട എന്ന് തീരുമാനിച്ചു. സ്വന്തം കാലിൽ നിക്കാൻ ഉള്ള ഒരു യുവ ഫെമിനിസ്റ്റിന്റെ പ്രചോദനം. ഒരു സ്വന്തം സ്വത്വവും ജീവിതത്തിന് ഒരു ഉദ്ദേശ്യവും വേണം എന്ന ഉറച്ച തീരുമാനം . അങ്ങനെ തലശ്ശേരിയിലെ ഒരു കമ്പ്യൂട്ടർ സെന്ററിൽ പഠിപ്പിക്കാൻ തീരുമാനിച്ചു. എന്റെ ആദ്യത്തെ സാലറിയായ 1500 രൂപ കിട്ടിയ ദിവസം ഇന്നും വ്യക്തമായി ഓർക്കുന്നു. പിന്നെ അരവർഷത്തോളം എഞ്ചിനീറിങ് കോളേജിൽ ലെക്ചറർ ആയി. ഒരു പാട് കുട്ടികളെ പരിചയപ്പെട്ടു . ഐ.ടി. ഉയർന്നു വരുന്ന കാലം. പഠിപ്പിച്ചപ്പോൾ കുട്ടികൾ എന്നെയും പലതും പഠിപ്പിച്ചു . ലോകം കാണാനുള്ള അനുഭവിക്കാനുള്ള എന്റെ ആഗ്രഹം ഞാൻ അവരുമായി പങ്കുവച്ചു. ഇന്നവരെന്റെ പ്രിയപ്പെട്ട കൂട്ടുകാർ , ചിലർക്ക് ഞാൻ ഇന്നും മെന്റർ , ചിലർ എനിക്കും. പഠിപ്പിച്ചപ്പോഴാണ് പ്രായമോ പദവിയോ അല്ല  നമ്മുടെ ചിന്തയും പ്രവർത്തിയുമാണ് ഒരു വ്യക്തിയെ ആദരപൂർവ്വം നോക്കിക്കാണാൻ നമുക്ക്

ചുറ്റുമുള്ളവരെ പ്രേരിപ്പിക്കുന്നത് എന്ന് ഞാൻ പഠിച്ചത് . അതിനു ഞാൻ എന്റെ വിദ്യാർത്ഥികളോട് എന്നും കടപ്പെട്ടിരിക്കും. ഞാൻ ഇന്ന് ഞാനായി ഇരിക്കുന്നതിനു ഞാൻ പഠിപ്പിച്ച എന്റെ വിദ്യാർത്ഥികൾക്ക് വലിയ സ്വാധീനം ഉണ്ടായിട്ടുണ്ട്. ലോകവും ജീവിതവും കുറച്ചു കൂടി അനുഭവിച്ചിട്ട് അദ്ധ്യാപനം ഇനിയും ചെയ്യണം എന്നത് ഒരു സ്വപ്നമാണ് . കുട്ടികളും യുവാക്കളും ആണ് ഒരു സമൂഹത്തിന്റെ ഭാവി.



ലോക സാമ്പത്തിക മാന്ദ്യം ഒന്ന് തണുത്തപ്പോൾ 2002 ൽ ഐ.ടി.ലോകത്തിലേക്ക് കാൽവച്ചു. ആദ്യമായി കേരളം വിടുന്നു, എല്ലാവരും പറഞ്ഞു കേട്ടിട്ടുള്ള സംഭവബഹുലമായ ബാംഗ്ളൂരിലേക്ക്. എല്ലാവരും ഉപദേശിച്ചു താമസം പിജി യിൽ ആയിരിക്കണം എന്ന് . പെണ്ണായതോണ്ട് അതാണ് നല്ലത് എന്ന്. മാത്രമല്ല മലയാളികളുടെ കൂടെ താമസിക്കണം, നോർത്ത് ഇന്ത്യക്കാരൊക്കെ നല്ലതല്ല എന്ന് മുന്നറിയിപ്പും. വിവിധ സംസ്കാരങ്ങളും ആളുകളും ഭാഷയും വ്യക്തിത്വവും എന്നും എന്നെ ആകർഷിച്ചിരുന്നതിലാൽ ഞാൻ സഹപ്രവർത്തകരുടെ കൂടെ ഫ്ളാറ്റിൽ താമസിക്കാൻ തീരുമാനിച്ചു. എന്റെ കൂടെ താമസിച്ച കൂട്ടുകാർ ഒറീസ, ഡൽഹി, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നായിരുന്നു . ഞാൻ മാതാപിതാക്കളുടെ സുരക്ഷിതമായ ചിറകിനടിയിൽ നിന്നും എന്റെ സ്വന്തം വ്യക്തിത്വം വളർത്തി എടുക്കാനുള്ള ബാലപാഠങ്ങൾ തുടങ്ങി. ഉത്തരവാദിത്വത്തോടെ എങ്ങനെ മദ്യം കഴിക്കണം എന്നും എങ്ങനെ സ്വയം സംരക്ഷിക്കണം എന്നും എങ്ങനെ പുരുഷാധിപത്യം നിറഞ്ഞു നിക്കുന്ന ജോലി പരിസ്ഥിതികൾ നേരിടണമെന്നും പടി പടിയായി പഠിച്ചു. വിവിധ തരം ഭക്ഷണങ്ങൾ ഉണ്ടാക്കാനും ആസ്വദിക്കാനും പഠിച്ചു. പല സംസ്കാരവും ചിന്താഗതിയും ഭാഷയും ആണെങ്കിലും എല്ലാവരും ചോരയും മാംസവും ഉള്ള മനുഷ്യരാണെന്ന് പഠിച്ചു . അപമര്യാദയോടെ പെരുമാറിയ സഹപ്രവർത്തകർക്കെതിരെ സ്വരം

**ലോകം കാണാനുള്ള അനുഭവിക്കാനുള്ള എന്റെ ആഗ്രഹം ഞാൻ അവരുമായി പങ്കുവച്ചു. ഇന്നവരെന്റെ പ്രിയപ്പെട്ട കൂട്ടുകാർ , ചിലർക്ക് ഞാൻ ഇന്നും മെന്റർ , ചിലർ എനിക്കും. പഠിപ്പിച്ചപ്പോഴാണ് പ്രായമോ പദവിയോ അല്ല നമ്മുടെ ചിന്തയും പ്രവർത്തിയുമാണ് ഒരു വ്യക്തിയെ ആദരപൂർവ്വം നോക്കിക്കാണാൻ നമുക്ക് ചുറ്റുമുള്ളവരെ പ്രേരിപ്പിക്കുന്നത് എന്ന് ഞാൻ പഠിച്ചത് .**

ഉയർത്താൻ എന്റെ അവകാശങ്ങൾ എന്താണെന്ന് പഠിച്ചു. അതിനേക്കാളുപരി ഞാൻ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ ആണെന്നും അത് എന്റെ പ്രത്യയശാസ്ത്രത്തെ ബാധിക്കരുത് എന്നും എല്ലാ മനുഷ്യരെയും ഒരേ പോലെ കാണാൻ എന്നെ ഞാൻ ചിന്തകൾ കൊണ്ട് പരിശീലിപ്പിച്ചു .

ആദ്യമായി അമേരിക്കയിലേക്ക് പോയത് ഐ.ടി.എഞ്ചിനീയർ ആയിട്ടാണ് . അന്ന് ഒറ്റയ്ക്ക് ലോകം കാണാനുള്ള സാമ്പത്തികശേഷി ഇല്ല. ആദ്യമായി പ്ലെയിനിൽ കയറുമ്പോൾ ഞാൻ

എന്നോട് പറഞ്ഞത് ആകാശം ആണ് എന്റെ പരിധി എന്നാണ്. കുറച്ചു കാലം അവിടെ ജോലി ചെയ്തു, സ്ഥലങ്ങൾ കണ്ടു. ഓരോ പ്രോജക്റ്റും എന്നെ ടെക്നിക്കൽ അറിവും അതിനേക്കാൾ ഉപരി വിവിധ തരത്തിലുള്ള മനുഷ്യരുമായി ജോലി ചെയ്യാൻ പഠിപ്പിച്ചു. ജോലിയോട് കൂറ് കാണിക്കുക മനുഷ്യരോടല്ല എന്നാണ് ഞാൻ എന്നെ പഠിപ്പിച്ചിട്ടുള്ളത്. ജീവിക്കാനുള്ള ആത്മവിശ്വാസം ഉണ്ടെങ്കിൽ ഒരു സ്ത്രീയ്ക്ക് പുരുഷാധിപത്യ മേഖലയിൽ തല ഉയർത്തി തന്നെ ജോലി ചെയ്യാൻ ആവും. അതാണ് നമ്മൾ നമ്മുടെ പെൺകുട്ടികളെ പറഞ്ഞു പഠിപ്പിക്കേണ്ടത് . ആത്മാർത്ഥമായി ജോലി ചെയ്യുക മറ്റുള്ളവരെ ബഹുമാനിക്കുക. ടീം പ്ലേയർ ആയിരിക്കുക . ജീവിതത്തിന്റെ എത്രയോ മണിക്കൂറുകൾ ജോലിയിൽ ചിലവിടുന്ന നമ്മൾ ആസ്വദിച്ച് ജോലി ചെയ്യാൻ തയ്യാറാകുക.

ഒരു സ്ത്രീ ഐ.ടി.മേഖലയിൽ പതിനഞ്ചു വർഷം ജോലി ചെയ്യുമ്പോൾ അവൾ ഭാര്യ ആയോ 'അമ്മ ആയോ എന്ന് ചോദിക്കുന്ന സമൂഹത്തോട് ഞാൻ സ്വതന്ത്രയായ ഒരു ടെക്കി സ്ത്രീയാണ് എന്ന് ആത്മവിശ്വാസത്തോടെ പറയാനും വിശ്വസിക്കാനും സാധിക്കണം. സ്ത്രീ'അമ്മ ആകാം ഭാര്യ ആകാം കാമുകി ആകാം പലതും ആകാം . ജോലി എടുത്ത് യാത്ര ചെയ്യുകയും കായിക അഭ്യാസവും അഭിനയവും എഴുത്തും വരയും എല്ലാം ചെയ്യുന്ന ഒരു വ്യക്തിയുമാകാം . സ്ത്രീ ആയി ജനിക്കുന്നത് ജീവശാസ്ത്രപരമായ ഒരു പ്രതിഭാസമാണ്. അതിനു പരിമിതികൾ ഇല്ല സമൂഹം സൃഷ്ടിച്ച നിയമങ്ങൾ മാത്രമേ ഉള്ളു. എന്റെ ഐ.ടി. ജീവിതം എന്നെ ഞാൻ അല്ലാതാക്കിയിട്ടില്ല. പക്ഷെ എന്നെ ഞാൻ ആകാൻ അത് സഹായിച്ചു. എനിക്ക് ഉയരങ്ങളിൽ അല്ല മനുഷ്യർക്കൊപ്പം ആണ് ജീവിതം അനുഭവിക്കേണ്ടത്. അതിനാണ് ഞാൻ പഠിച്ച ജോലി ആയുസ്സ് അനുവദിക്കും കാലം വരെ ചെയ്യുന്നത് .

വൈകാരികമായി അല്ലെങ്കിൽ ബുദ്ധിപരമായി ഇടപഴകുന്ന ഒരു കലാസൃഷ്ടി സൃഷ്ടിക്കുന്നത് നവീകരണത്തിനും സൃഷ്ടിപരതയ്ക്കും ഭാവനയ്ക്കും ആവശ്യമാണ്. ഒരു കലാകാരനുള്ള ഗുണങ്ങൾ കമ്പ്യൂട്ടർ എഞ്ചിനിയറിനും ഉണ്ടാകണം. കാര്യങ്ങൾ ചെയ്യുന്നതിനുള്ള പുതിയ വഴികൾ അല്ലെങ്കിൽ പുതിയ കാര്യങ്ങൾ ചെയ്യാൻ കമ്പ്യൂട്ടർ ഞങ്ങളെ സഹായിക്കുന്നു. ഒരു കലാകാരനെപ്പോലെ ചിന്തിക്കുന്നത് കമ്പ്യൂട്ടറുകൾക്കും മനുഷ്യർക്കുമിടയിൽ പോലും പുതിയ ആശയവിനിമയങ്ങളിലേക്ക് നയിക്കും. എഞ്ചിനീയറിംഗ് കമ്പ്യൂട്ടർ സയന്റിഫിക് തീയറികൾ ഉപയോഗിച്ചു മനുഷ്യന്റെ ദൈനംദിന ജീവിതം മെച്ചപ്പെടുത്താൻ സഹായിക്കുന്നു . വേൾഡ് വൈഡ് വെബ്ബും അതുണ്ടാക്കിയ ആശയ

**സ്ത്രീ ആയി ജനിക്കുന്നത് ഒരു ജീവശാസ്ത്രപരമായ ഒരു പ്രതിഭാസമാണ്. അതിനു പരിമിതികൾ ഇല്ല സമൂഹം സൃഷ്ടിച്ച നിയമങ്ങൾ മാത്രമേ ഉള്ളു. എന്റെ കഥ ജീവിതം എന്നെ ഞാൻ അല്ലാതാകിട്ടില്ല. പക്ഷെ എന്നെ ഞാൻ ആകാൻ അത് സഹായിച്ചു. എനിക്ക് ഉയരങ്ങളിൽ അല്ല മനുഷ്യർക്കൊപ്പം ആണ് ജീവിതം അനുഭവിക്കേണ്ടത്. അതിനാണ് ഞാൻ പഠിച്ച ജോലി ആയുസ്സ് അനുവദിക്കും കാലം വരെ ചെയ്യുന്നത് .**

വിനിമയ വിപ്ലവവും ലോകത്തെ എന്നെന്നേക്കുമായി മാറ്റിയിരിക്കുന്നു . ഞാൻ ഒരു ആർടിസ്റ്റ് ആണെന്ന് പറയില്ലെങ്കിലും ആർട്ട് ഇഷ്ടമുള്ള ഒരാളാണ് . കമ്പ്യൂട്ടർ സയൻസ് ഒരു കല ആണ് . അങ്ങനെയാണ് ഞാൻ എന്റെ ജോലിയെ എപ്പോഴും കണ്ടിട്ടുള്ളത് .

ജോലിയുടെ ആദ്യകാലങ്ങളിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആയിട്ട് ജോലി ചെയ്തിരുന്നപ്പോൾ വല്ലാത്ത ഒറ്റപ്പെടൽ തോന്നിയിട്ടുണ്ട് . എഞ്ചിനീയറിങ്ങും കോഡിങ്ങും ഒക്കെ പെൺകുട്ടികൾക്ക് ചെയ്യാൻ ബുദ്ധിമുട്ടാണ് എന്ന ലിംഗവ്യത്യാസ ചിന്ത പലരുടെയും മനസ്സിൽ ഉണ്ടായിരുന്നു. വളരെ കാലത്തെ കഠിനാധ്വാനവും ജോലി ആത്മാർത്ഥമായി ചെയ്യാൻ സാധിക്കും എന്ന ഓർമപ്പെടുത്തലും ആണ് എന്നെ മുന്നോട്ട് പോകാൻ പ്രേരിപ്പിച്ചത്. ഷിഫ്റ്റുകളിൽ ജോലി ചെയ്യാനും രാത്രികളിൽ വൈകി ജോലി ചെയ്യാനും ഒരു സ്ത്രീ എന്ന നിലയിൽ പുരുഷനെപ്പോലെ ഒപ്പത്തിനൊപ്പം ചെയ്യാൻ ശക്തി തന്നത് ജോലിയോടുള്ള ആത്മാർത്ഥതയും ജോലി ചെയ്യാൻ സ്ത്രീക്കും പുരുഷനും ഒരുപോലെ സാധിക്കും എന്ന തിരിച്ചറിവാണ്. ഓരോ വർഷം കഴിയുന്തോറും ജോലിയുടെ സമ്മർദ്ദവും ഉത്തരവാദിത്വവും കൂടിയെങ്കിലും ജോലി ജീവിതത്തിന്റെ ഒരു പ്രധാന ഭാഗം ആയി മാറി. കൂടെ ജോലി ചെയ്യുന്ന യുവതലമുറയ്ക്ക് മാർഗ്ഗദർശി ആയി സുഹൃത്തായി മാനേജറായി നീണ്ട പതിനഞ്ചു വർഷങ്ങൾ കടന്നു പോയി.

അതുകൊണ്ട്, എന്റെ കാഴ്ചപ്പാടിൽ സ്ത്രീകൾക്ക് ഒറ്റപ്പെടൽ ശീലം ആക്കേണ്ട കാര്യം ഇല്ല. നമ്മുടെ സ്വന്തം അനുഭവങ്ങളെ മെച്ചപ്പെടുത്തുന്നതിന് നമ്മൾ നമ്മളെത്തന്നെ പഠിപ്പിക്കണം. എന്റെ സ്വന്തം ജീവിതത്തിൽ, എനിക്ക് സന്തോഷം തോന്നി തുടങ്ങിയത് ഞാൻ എന്ന വ്യക്തിത്വത്തെ നിലനിർത്താനുള്ള കരുത്തു നേടി എടുത്തതിനു ശേഷം ആണ് . ഞാൻ സ്വയം , 'എനിക്ക് പുരുഷാധിപത്യം നിറഞ്ഞു നിക്കുന്ന ഐ.ടി.മേഖലയിൽ എങ്ങനെ അലിഞ്ഞു ചേരാനാകും?' എന്നതിന് പകരം 'ഞാൻ ഞാനായി ഈ മേഖലയിൽ എങ്ങനെ തല ഉയർത്തി നിന്ന് ജോലി ചെയ്യാൻ സാധിക്കും?' എന്ന് ചോദിക്കാനാരംഭിച്ചു.

ജനസംഖ്യാശാസ്ത്രവും കോർപ്പറേറ്റ് സംസ്കാരവും എന്നും സ്ത്രീകൾക്ക് എതിരാണ്. പുരുഷന്മാരാണ് ഐ.ടി. എഞ്ചിനീയറിംഗിൽ മറ്റു പല എഞ്ചിനീയറിംഗ് മേഖലയും പോലെ കൂടുതൽ ഉള്ളത്. ഈ സാഹചര്യത്തിൽ, പുരുഷൻ സ്ത്രീകളെ ഉൾക്കൊള്ളിക്കാൻ പ്രയത്നിക്കുന്നത് പ്രായോഗികം അല്ല . അതിനാൽ അലിഞ്ഞു ചേരാൻ ഉള്ള പരിശ്രമങ്ങൾ മടുപ്പുളവാക്കുന്നു. അവ നിഷ്ഫലമായിത്തീരും. അതിനാൽ പ്രതിരോധമില്ലാതെ സംസാരിക്കുക. നിങ്ങൾ ചിന്തിക്കുന്നതും അറിയാവുന്നതും മനസ്സിലാക്കുന്നതും പൂർണ്ണമായും ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുക . നിങ്ങളുടെ ഭാവനകളും സാങ്കേതിക ഉറപ്പും ബാലൻസ് ചെയ്യുക. വർഷങ്ങൾ കൊണ്ട് കരിയറിൽ പക്വത പ്രാപിക്കുകയും ചെയ്താൽ ഒരു ന്യൂനപക്ഷം ആണ് എന്ന അനുഭവപ്പെടില്ല. സംഘടനയുടെ സാംസ്കാരിക നയങ്ങളെ നിർവചിക്കുന്നതിൽ സ്ത്രീകൾക്ക് വലിയ പങ്കുണ്ട്. സാംസ്കാരികമായി പ്രവർത്തിപ്പിക്കുന്ന മുൻഗണനകൾ മാറ്റാം, പക്ഷെ സമയം എടുക്കും. പക്ഷെ മാറ്റങ്ങൾ എന്റെ പതിനഞ്ചു വർഷത്തെ കരിയറിൽ ഞാൻ കണ്ടിട്ടുണ്ട്.

ഇന്ന് ലണ്ടനിലെ ഐ.ടി.കമ്പനിയിൽ ഐ.ടി.ആൻഡ് ട്രാൻസ്പോർട് ലോജിസ്റ്റിക് പോർട്ടഫോളിയോ മാനേജ്മന്റ് എനിക്ക് പുതിയ അറിവുകളും അനുഭവങ്ങളും തരുന്നു. സ്ത്രീകൾ ബുദ്ധിപരമായി കുറഞ്ഞ ജോലികളിൽ ഏർപ്പെട്ടാൽ വീടും കുടുംബവും നന്നാവും എന്ന് പുരുഷന്മാരും സ്ത്രീകളും പറയുന്നത് ഇന്നും എന്നെ കൗതുകപ്പെടുത്താറുണ്ട് . ഐ.ടി. മേഖല കുടുംബജീവിതത്തിന് നല്ലതല്ല എന്ന് പറഞ്ഞു വിശ്വസിപ്പിച്ചു കല്യാണം കഴിഞ്ഞു ജോലി ഉപേക്ഷിച്ച എത്രയോ അഭ്യസ്തവിദ്യരായ സ്ത്രീകളെ ഞാൻ പരിചയപ്പെട്ടിട്ടുണ്ട് . അത് അവരുടെ ഇൻഫോംഡ് ചോയ്സ് ആണെന്ന് പറയുന്നത് വളരെ ബാലിശമാണ് . സാംസ്കാരിക കണ്ടീഷനിംഗ് ആണ് നമ്മുടെ സ്ത്രീകളെ പിന്നോട്ട് വലിക്കുന്നത് . അത് മാറണം . കുട്ടികളെ നമ്മൾ അത് പറഞ്ഞു പഠിപ്പിക്കണം.

ജോലി എടുക്കുക , തല ഉയർത്തി ജീവിക്കുക . ജീവിതം സുന്ദരമാണ് ഏത് മേഖല ആയാലും . ആത്മാഭിമാനത്തോടെ ജീവിക്കുക . ലോകം അറിയുക.

**ഞാൻ സ്വയം , "എനിക്ക് പുരുഷാധിപത്യം നിറഞ്ഞു നിക്കുന്ന ഐ.ടി. മേഖലയിൽ എങ്ങനെ അലിഞ്ഞു ചേരാനാകും?" എന്നതിന് പകരം "ഞാൻ ഞാനായി ഈ മേഖലയിൽ എങ്ങനെ തല ഉയർത്തി നിന്ന് ജോലി ചെയ്യാൻ സാധിക്കും?" എന്ന് ചോദിക്കാനാരംഭിച്ചു.**

**നിങ്ങളുടെ ഭാവനകളും സാങ്കേതിക ഉറപ്പും ബാലൻസ് ചെയ്യുക. വർഷങ്ങൾ കൊണ്ട് കരിയറിൽ പക്വത പ്രാപിക്കുകയും ചെയ്താൽ ഒരു ന്യൂനപക്ഷം ആണ് എന്ന അനുഭവപ്പെടില്ല. സംഘടനയുടെ സാംസ്കാരിക നയങ്ങളെ നിർവചിക്കുന്നതിൽ സ്ത്രീകൾക്ക് വലിയ പങ്കുണ്ട്. സാംസ്കാരികമായി പ്രവർത്തിപ്പിക്കുന്ന മുൻഗണനകൾ മാറ്റാം, പക്ഷെ സമയം എടുക്കും. പക്ഷെ മാറ്റങ്ങൾ എന്റെ പതിനഞ്ചു വർഷത്തെ കരിയറിൽ ഞാൻ കണ്ടിട്ടുണ്ട്.**

ചർച്ചാവിഷയം



കെ. രാധമ്മ



# എന്റെ ഉദ്യോഗപർവ്വം

**"ഈ ജോലി വേണമെന്നു നിർബന്ധമാണോ കുഞ്ഞേ? നമുക്കു മടങ്ങിപ്പോകാം. നിന്നെക്കൊണ്ട് ഇവിടെ ജീവിക്കാനൊക്കുമെന്നു എനിക്കു തോന്നുന്നില്ല." "നമുക്കു കുറച്ചുകൂടി നടന്നുനോക്കാം, അച്ഛാ." എന്റെ മറുപടി. അവസാനം ഹോസ്റ്റൽ കണ്ടുപിടിച്ചു. അവിടെ ബാഗ് എന്ന ഭാരം ഇറക്കിവച്ചിട്ട് കോളജിലേക്ക് വീണ്ടും നടത്തം.**

***1939ൽ ആലപ്പുഴ ജില്ലയിൽ ജനനം. മുപ്പത്തഞ്ചു കൊല്ലത്തെ സ്വകാര്യ മാനേജ്മന്റ് കോളേജിൽ അധ്യാപനത്തിന് ശേഷം, പതിനഞ്ചു കൊല്ലം ഒരു സ്വാശ്രയ സ്ഥാപനത്തിലും പഠിപ്പിച്ചിരുന്നു. ഇപ്പോൾ തിരുവനന്തപുരത്ത് എൻ.എസ്.എസ്.അക്കാഡമിയിൽ പ്രവർത്തിക്കുന്നു.***

ആലപ്പുഴയിലെ എരമല്ലൂർ എന്ന ഉൾഗ്രാമപ്രദേശത്തുള്ള ഒരു യാഥാസ്ഥിതിക കുടുംബത്തിൽ, ഒൻപതു മക്കളിൽ അഞ്ചാമത്തവളായി, രണ്ടാം ലോകമഹായുദ്ധം തുടങ്ങിയ വർഷം ജനിച്ച ഞാൻ എങ്ങനെ ഇവിടെവരെ എത്തി എന്നത് എനിക്കിന്നും അത്ഭുതമാണ്. അത്യാവശ്യത്തിനു പുരോഗമനചിന്താഗതിയുണ്ടായിരുന്ന എന്റെ അച്ഛന് പെൺകുട്ടികൾക്ക് പഠിപ്പും ഉദ്യോഗവും ആവശ്യമാണെന്ന ബോധം അന്നുതന്നെ ഉണ്ടായിരുന്നിരിക്കണം.

എന്റെ സ്കൂൾവിദ്യാഭ്യാസം വിലക്കുകളുടെ നടുവിലൂടെയാണ് കഴിഞ്ഞുപോയത്. ഈ വിലക്കുകൾക്കുള്ളിൽ നിന്നു പുറത്തുകടക്കാൻ കിട്ടിയ സുന്ദരദിനങ്ങളായിരുന്നു 1954-60 കാലഘട്ടത്തിൽ ഒരു ഭാഗ്യം പോലെ വീണു കിട്ടിയ തിരുവനന്തപുരത്തെ കോളേജ് വിദ്യാഭ്യാസകാലം. എം.എ.പരീക്ഷ പാസ്സായി നാലുമാസം കഴിഞ്ഞപ്പോൾ അദ്ധ്യാപികയായി നിയമന ഉത്തരവു ലഭിക്കുകയും, 1960 സെപ്തംബർ 13നു, 22-ാമത്തെ വയസ്സിൽ, ഞാൻ കോളേജ് അദ്ധ്യാപികയായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഉദ്യോഗത്തിനു ഹാജരായ ദിവസം. നാട്ടിൽനിന്നും മൂന്നു മണിക്കൂർ ബസ്സിൽ. അതുകഴിഞ്ഞ് ദുർഘടമായ വഴിയിലൂടെ ഒരു മണിക്കൂറോളം നടപ്പ്. ദാഹജലം പോലും കിട്ടാനില്ല. ആ കാലത്തൊന്നും മുക്കിനു മുക്കിനു കടകളൊന്നും ഇല്ലായിരുന്നല്ലോ. മകളുടെ ഉദ്യോഗം ഏറ്റവും ആവശ്യമായിട്ടു കരുതിയിരുന്ന അച്ഛൻപോലും ഒടുക്കം എന്നോടു ചോദിച്ചു: 'ഈ ജോലി വേണമെന്നു നിർബന്ധമാണോ കുഞ്ഞേ? നമുക്കു മടങ്ങിപ്പോകാം. നിന്നെക്കൊണ്ട് ഇവിടെ ജീവിക്കാനൊക്കുമെന്നു എനിക്കു തോന്നുന്നില്ല.' 'നമുക്കു കുറച്ചുകൂടി നടന്നുനോക്കാം, അച്ഛാ.' എന്റെ മറുപടി. അവസാനം ഹോസ്റ്റൽ കണ്ടുപിടിച്ചു. അവിടെ ബാഗ് എന്ന ഭാരം ഇറക്കിവച്ചിട്ട് കോളജിലേക്ക് വീണ്ടും നടത്തം. അച്ഛൻ അപ്പോൾത്തന്നെ മടങ്ങിപ്പോയി. പോകുന്ന വഴിക്ക് അച്ഛന്റെ ഒരു ബന്ധുവിന്റെ വീട് തേടിപ്പിടിച്ച് എന്റെ കാര്യങ്ങൾ അന്വേഷിക്കാൻ ഏൽപ്പിച്ചു.

ആദ്യത്തെ ക്ലാസ് വലിയ കുഴപ്പമില്ലാതെ കടന്നുകൂടി. ചില വിദ്യാർത്ഥികൾ, എന്നെക്കാൾ പ്രായക്കൂടുതലുണ്ടായിരുന്നവർ, എന്നെ ഒന്നു വിരട്ടാൻ ശ്രമിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. കുറേ പുരുഷ അദ്ധ്യാപകർക്കൊപ്പം ഏക വനിതാ അദ്ധ്യാപികയായത് എന്നെ എല്ലാവരുടെയും 'നോട്ടപ്പുള്ളി'യാക്കി. വിലക്കുകൾക്കൊന്നും ഒരു കുറവുമില്ലാതിരുന്ന കാലമായതുകൊണ്ട് ഞാൻ എന്തുചെയ്താലും അതു നിരീക്ഷിക്കാൻ സദാചാരസംരക്ഷണം സ്വന്തം കടമയായി കൊണ്ടുനടന്നിരുന്ന കുറേ ആളുകളുടെയിടയിൽ ശ്വാസം മുട്ടി ഒരു വർഷം കടന്നുപോയി. ഇതിനിടയിൽ രസകരമായ പല സംഭവങ്ങളും അരങ്ങേറി.

ഒരവധിദിനത്തിൽ, ഏതോ ഒരാവശ്യത്തിന്, എന്റെ ഗ്രാമത്തിനടുത്തുവരെ വരേണ്ടിവന്ന ഒരു സഹപ്രവർത്തകൻ എന്റെ വീടന്വേഷിച്ചുവന്ന സംഭവം ഒരു വലിയ വെടിമരുന്നിനു തീകൊളുത്തി. ഞങ്ങൾ വിവാഹിതരായിക്കഴിഞ്ഞു എന്നുവരെ എന്റെ കുടുംബത്തിലെ ചില അസൂയക്കാർ തട്ടിവിട്ടു. ഒരു വിശദീകരണം ചോദിച്ച് എന്റെ ഒരു

**"ഈ പ്രശസ്തി സന്തോഷമുള്ള ഒരു കാര്യമല്ലേ?" എന്ന്. ടീച്ചറിന്റെ മറുപടി: "പ്രശസ്തി എന്നാൽ എന്താണു കുട്ടീ? ഞാൻ എന്റെ മനസ്സിന്റെ സന്തോഷത്തിനുവേണ്ടി എന്തൊക്കെയോ എഴുതി. അതു പുസ്തകമായി. അതിലപ്പുറം എന്നതാ ഉള്ളത്?" എപ്പോഴും നാരായണീയ ശ്ലോകങ്ങൾ ഉരുവിടുമായിരുന്ന ടീച്ചറിന്റെ "പവനപുരപതേ കൃഷ്ണാ, കാരുണ്യസിന്ധോ" എന്ന ജപം ഇന്നും ചെവിയിൽ മുഴങ്ങുന്നു.**

അടുത്ത ബന്ധുവിന്റെ കത്തു വരുമ്പോഴാണ്, തികച്ചും നിഷ്കളങ്കമായ ഒരു സന്ദർശനം ഇത്ര ഭയാനകമായ ഒരന്തരീക്ഷം സൃഷ്ടിച്ച വിവരം ഞാനറിയുന്നത്. ന്റെ വീട്ടുകാർ എന്റൊപ്പം നിന്നു എന്നത് എനിക്കാശ്വാസം നൽകി. അന്നത്തെ സഹപ്രവർത്തകൻ, പിന്നീട് വിവാഹിതനായി, ഭാര്യയുമൊത്ത് എന്റെ വീട്ടിൽ വന്നപ്പോഴും അതൊരു വാർത്തയായി ആഘോഷിച്ചു, എന്റെ നാട്ടുകാർ. എത്ര ഇടുങ്ങിയ മനസ്ഥിതിയുള്ള ഒരു കാലത്തിലൂടെയാണ് ഞാൻ എന്റെ ഉദ്യോഗജീവിതം കടന്നുകൂടിയത് എന്ന് ഇന്നത്തെ കുട്ടികൾക്ക് ചിന്തിക്കാൻപോലും ആവില്ല.

1961 നവംബർ മാസം മറക്കാനാവാത്ത ഒരു അനുഭവം എനിക്കു തന്നു. ഒരു വെള്ളപ്പൊക്കക്കാലം. ഒരാഴ്ച കൂടി സർക്കാർ അവധി പ്രഖ്യാപിച്ചു. അങ്ങനെ ബസ്സിൽ എത്താൻ ബുദ്ധിമുട്ടില്ലാത്ത ഒരു സ്ഥലം എന്ന നിലയിൽ വേറെ ഒരു കോളജിന്റെ വനിതാഹോസ്റ്റലിൽ അഭയം കിട്ടി. അവിടത്തെ രണ്ടാഴ്ചത്തെ താമസത്തിനിടയിൽ അന്തേവാസിയായ പ്രശസ്ത എഴുത്തുകാരി രാജലക്ഷ്മി ടീച്ചറെ പരിചയപ്പെട്ടു. സൗമ്യപ്രകൃതയായ ടീച്ചർ ഇപ്പോഴും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. ആയിടയ്ക്കാണ് ടീച്ചറിന്റെ ഒരു നോവലിന് അക്കാഡമി അവാർഡ് കിട്ടുന്നത്. അവാർഡ് വാങ്ങിക്കാൻ പോകുന്നില്ലെന്നുപറഞ്ഞ ടീച്ചറിനോട് ഞാൻ ചോദിച്ചു: 'ഈ പ്രശസ്തി സന്തോഷമുള്ള ഒരു കാര്യമല്ലേ?' എന്ന്. ടീച്ചറിന്റെ മറുപടി: 'പ്രശസ്തി എന്നാൽ എന്താണു കുട്ടീ?

ഞാൻ എന്റെ മനസ്സിന്റെ സന്തോഷത്തിനുവേണ്ടി എന്തൊക്കെയോ എഴുതി. അതു പുസ്തകമായി. അതിലപ്പുറം എന്നതാ ഉള്ളത്?' എപ്പോഴും നാരായണീയ ശ്ലോകങ്ങൾ ഉരുവിടുമായിരുന്ന ടീച്ചറിന്റെ 'പവനപുരപതേ കൃഷ്ണാ, കാരുണ്യസിന്ധോ' എന്ന ജപം ഇന്നും ചെവിയിൽ മുഴങ്ങുന്നു.

പിറ്റേവർഷം തലസ്ഥാനനഗരിയിലെ വനിതാകോളജിലേക്ക് സ്ഥലം മാറ്റം കിട്ടിയ ഞാൻ സമാധാനിച്ചു. അറുപതുകളിലെ തിരുവനന്തപുരം സ്ത്രീസ്വാതന്ത്ര്യം എന്ന ആശയത്തോട് വലിയ മമത പുലർത്തിയിരുന്നില്ല. എന്റെ പരിചയത്തിലൂടെ കടന്നുപോയ ഒട്ടുമിക്ക പെൺകുട്ടികളും വീട്ടിലെ പ്രാരാബ്ദങ്ങൾ തീർക്കാൻ ഉദ്യോഗത്തിനു വരുന്നവരായിരുന്നു. സ്ത്രീയായതുകൊണ്ട് രാവിലെ കൃത്യസമയത്തു വീട്ടിൽനിന്നിറങ്ങുക, വൈകിട്ട് കൃത്യസമയത്തു വീട്ടിൽ തിരിച്ചെത്തുക, കിട്ടുന്ന ശമ്പളം അതുപോലെ അച്ഛനെ ഏല്പിക്കുക, ദിവസവും ബസ്സുകൂലിക്കുള്ള തുക കൃത്യമായി അച്ഛന്റെ കൈയിൽനിന്നു വാങ്ങിക്കുക – അവളുടെ ജോലി അവളുടെ വീട്ടുകാർക്കുവേണ്ടിയാണ്. അവൾക്ക് ആവശ്യങ്ങളൊന്നും പാടില്ല. അതേസമയം ആൺകുട്ടികൾ ഉദ്യോഗത്തിൽനിന്നു കിട്ടുന്ന വരുമാനം വീട്ടിൽ കണക്കു കേൾപ്പിക്കേണ്ടതില്ല. ആണുങ്ങൾക്കു വട്ടച്ചിലവിനു കാശുവേണമെന്നത് ഒരു അംഗീകൃത ഏർപ്പാടുമാണ്. ജോലിസ്ഥലത്തു കിട്ടിയ സൗഹൃദങ്ങളും തമാശകളും ബന്ധങ്ങളുമൊക്കെ നല്ലകാലമായിട്ട് ഞാൻ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു. അന്നത്തെ സഹപ്രവർത്തകരൊക്കെ ഇന്നും നല്ല ബന്ധങ്ങൾ പുലർത്തുന്നു.

ഉദ്യോഗം കിട്ടി രണ്ടുവർഷം കഴിഞ്ഞ് വിവാഹിതയായപ്പോളും ജീവിതരീതിയിൽ വലിയ മാറ്റങ്ങളൊന്നും തോന്നിയിരുന്നില്ല. അദ്ദേഹവും കോളേജ് അധ്യാപകനായിരുന്നു. അപ്പോഴും ഒരു സ്ത്രീയിൽനിന്ന് കുടുംബവും സമൂഹവും ഒരുപാടു പ്രതീക്ഷിച്ചിരുന്നു. പുരുഷനിൽ അത്രവലിയ പ്രതീക്ഷകളില്ലതാനും. കുടുംബം നിലനിർത്തേണ്ടത് സ്ത്രീയുടെ മാത്രം ആവശ്യം എന്നു തോന്നിക്കുംവിധമാണ് സമൂഹം സ്ത്രീയെ കണ്ടിരുന്നത്. എത്ര ഉന്നതവിദ്യാഭ്യാസം നേടിയിരുന്നാലും, എത്ര ഉന്നത സ്ഥാനത്തിരുന്നാലും പെണ്ണ് എന്നും എപ്പോഴും പെണ്ണുതന്നെ. എൺപതുകളുടെ അവസാനത്തോടെയാണ് ഈ വ്യവസ്ഥിതിയിൽ ഒരു മാറ്റം കണ്ടുതുടങ്ങിയത്. സ്ത്രീ കുറച്ചുകൂടി സ്വതന്ത്രമായി ചിന്തിക്കാനും, കുറച്ചു സ്വാർത്ഥയാകാനുമൊക്കെ തുടങ്ങിയപ്പോൾ വിമർശനങ്ങളുമായി പുരുഷമേധാവികൾ സടകുടഞ്ഞെണീറ്റു വന്നെങ്കിലും സ്ത്രീ തോൽക്കാൻ തയ്യാറായില്ല. വകുപ്പദ്ധ്യക്ഷകളായ സ്ത്രീകളെ ഒതുക്കാൻ ചില വിരുതന്മാർ പെടാപ്പാടുപെട്ടിരുന്നു. ഇതിന്റെയൊക്കെ മാനസികസമ്മർദ്ദം പലപ്പോഴും താങ്ങാവുന്നതിലുമേറെയായിരുന്നു. പക്ഷേ, താങ്ങും തണലുമായി ഭർത്താവു കൂടെയുണ്ടായിരുന്നതുകൊണ്ട് അന്നൊക്കെ പിടിച്ചുനിൽക്കാൻ കഴിഞ്ഞു.

ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്ന മറ്റൊരു അനുഭവം 1972ലെ അദ്ധ്യാപക സമരമാണ്. ഇതിനു മുൻപ് പലപ്പോഴും പല കാര്യങ്ങൾക്കായി സമരം ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും ഇത്ര രൂക്ഷമായിരുന്നില്ല. 125 രൂപ ശമ്പളത്തിൽ മൂന്നുവർഷം ജോലി ചെയ്തുകഴിഞ്ഞാണ്, യു.ജി.സി.യുടെ ഒരു പദ്ധതിയിൽ 100 രൂപ യു.ജി.സി.യും 100 രൂപ മാനേജ്മെൻറും പങ്കിട്ട് 200 രൂപ ശമ്പളക്കൂടുതൽ പ്രഖ്യാപിക്കുന്നത്. അതിൽ മാനേജ്മെന്റിന്റെ വിഹിതമായ 100 രൂപ കൈപ്പറ്റിയതായി പ്രത്യേകം രസീത് കൊടുത്താൽ അവർ യു.ജി.സി.യുടെ വിഹിതം വാങ്ങിച്ചുതരാമെന്ന ഉറപ്പിന്മേൽ എല്ലാവരും രസീത് ഒപ്പിട്ടുകൊടുത്ത് 100 രൂപ ശമ്പളക്കൂടുതൽ വാങ്ങിച്ചു. പലതരത്തിലുമുള്ള മുതലെടുപ്പുകൾക്കും ഞങ്ങൾക്ക് വിധേയരാകേണ്ടിവന്നിട്ടുണ്ട്. ദിവസത്തിലെ അഞ്ചു പീരിയഡും ക്ലാസ്സെടുക്കേണ്ടിവന്നത് ചിലപ്പോൾ മാത്രമല്ല. ഏതായാലും ഈ പ്രാവശ്യത്തെ സമരം ഒരു വഴിത്തിരിവായിരുന്നു. സ്വകാര്യ കോളജ് അദ്ധ്യാപകർക്ക് സർക്കാരിൽനിന്നും നേരിട്ട് ശമ്പളം

**ഉദ്യോഗം കിട്ടി രണ്ടുവർഷം കഴിഞ്ഞ് വിവാഹിതയായപ്പോളും ജീവിതരീതിയിൽ വലിയ മാറ്റങ്ങളൊന്നും തോന്നിയിരുന്നില്ല. അദ്ദേഹവും കോളേജ് അധ്യാപകനായിരുന്നു. അപ്പോഴും ഒരു സ്ത്രീയിൽനിന്ന് കുടുംബവും സമൂഹവും ഒരുപാടു പ്രതീക്ഷിച്ചിരുന്നു. പുരുഷനിൽ അത്രവലിയ പ്രതീക്ഷകളില്ലതാനും. കുടുംബം നിലനിർത്തേണ്ടത് സ്ത്രീയുടെ മാത്രം ആവശ്യം എന്നു തോന്നിക്കുംവിധമാണ് സമൂഹം സ്ത്രീയെ കണ്ടിരുന്നത്.**

**വീട്ടിൽനിന്നിറങ്ങാൻ താമസിച്ചാൽ ഈ ദൂരം വേഗത്തിൽ നടന്നോ ഓടിയോ താണ്ടണം. കാരണം അന്ന് ഓട്ടോകൾ നിരത്തിലിറങ്ങിയിട്ടില്ല. കണക്റ്റിംഗ് ബസ്സുകൾ വളരെ കുറവും. സ്വന്തം കാലിനെ കൂടുതൽ വിശ്വസിക്കാമല്ലോ. എട്ടുമണിയുടെ ബസ്സ് തെറ്റിയാൽപ്പിന്നെ അന്ന് അവധിയെടുക്കാനേ നിവൃത്തിയുള്ളൂ. താമസിച്ചുള്ള ഒരു ബസ്സിൽ കയറി, താമസിച്ചെത്തി, ഒരു അര അവധി കളയാനുള്ള വിഷമം അത്രയ്ക്കുണ്ടായിരുന്നു. അതുകൊണ്ട് പോക്ക് വളരെ കൃത്യനിഷ്ഠയോടെ നടത്തിയിരുന്നു.**

നല്കുക, മാനേജ്മെൻറുകളുടെ മുതലെടുപ്പ് നിർത്തലാക്കുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ. അന്ന് ഒരു സർവകലാശാലയേ ഉണ്ടായിരുന്നുള്ളൂ-കേരള സർവ്വകലാശാല. അദ്ധ്യാപകർ ഒറ്റക്കെട്ടായി സമരത്തിനിറങ്ങി. രണ്ടുമാസം കോളജുകൾ അടഞ്ഞുകിടന്നു. എന്റെ മൂന്നാമത്തെ കുട്ടിക്ക് രണ്ടുമാസം പ്രായം. രണ്ടുപേർക്കും ശമ്പളമില്ലാതെയായപ്പോൾ ആകെ വലഞ്ഞു. ഗത്യന്തരമില്ലാതെ നാട്ടിൽപ്പോകാൻ തീരുമാനിച്ചു. മകൾക്ക് സ്കൂൾ മുടങ്ങുമെങ്കിലും പട്ടിണികിടക്കേണ്ടിവരില്ലല്ലോ എന്നായിരുന്നു ചിന്ത. ടിക്കറ്റ് ബുക്ക്ചെയ്ത് വസ്ത്രങ്ങൾ പായ്ക്കുചെയ്ത് തയ്യാറായിരുന്നപ്പോൾ അറിയിപ്പ് വന്നു - സമരം തീർന്നു, ഡയറക്റ്റ് പേയ്മെൻറ് സർക്കാർ അംഗീകരിച്ചുവെന്ന്.

ഉദ്യോഗസ്മരണകളിൽ ഓർമയിൽ സജീവമായി നിൽക്കുന്ന മറ്റൊരു കാര്യം ഞങ്ങളുടെ ജീവിതത്തെ നിരന്തരം ബാധിച്ചു കൊണ്ടേയിരുന്ന സ്ഥലം മാറ്റങ്ങളാണ്. പ്രത്യേകിച്ച് രാഷ്ട്രീയ പിടിപാടില്ലാത്ത സാധാരണ കുടുംബങ്ങളിൽ ഇത് ഒരു ഭൂകമ്പം തന്നെയാണ് സൃഷ്ടിക്കുന്നത്. ഇതിൽ ആദ്യത്തേത് 1974ൽ ആണ്. പത്തുവർഷത്തെ ഒരുമിച്ചുള്ള കുടുംബജീവിതത്തിനുശേഷം അദ്ദേഹത്തിനു കേരളത്തിന്റെ വടക്കേ അതിർത്തിയിലുള്ള ഒരു കലാലയത്തിലേക്കു സ്ഥലം മാറ്റം വരുന്നു. ഒൻപതുവയസ്സുകാരി മകളും നാലും രണ്ടും വയസ്സുള്ള ഇളയ രണ്ടാൺമക്കളും സ്ഥിരമായിട്ടില്ലാത്ത ഒരു ജോലിക്കാരിയും ഞാനും കൂടി വീട്ടിൽ. ഗതാഗതസൗകര്യങ്ങൾ കുറവായിരുന്ന അക്കാലത്ത് വാരാന്ത്യത്തിൽ വീട്ടിൽ വന്നുപോകുക അദ്ദേഹത്തിനു എളുപ്പമായിരുന്നില്ല. പത്തുദിവസമെങ്കിലും ഒരുമിച്ച് അവധിയുള്ളപ്പോൾ മാത്രം വന്നുപോകുന്ന അച്ഛനെയാണ് മക്കൾ കാണുന്നത്. നടുവിലത്തെ മകന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും ഉണ്ടായിരുന്നു. ഇതിനിടയ്ക്ക് രണ്ടുദിവസം തുടർച്ചയായി അവധിയെടുത്താൽ എന്റെ സഹപ്രവർത്തകരുടെ അനിഷ്ടമുണ്ടാകും. കാരണം, ഒരാൾ അവധിയായാൽ അയാളുടെ ക്ലാസ്സുകൾ കൂടി ബാക്കിയുള്ളവർ പങ്കിട്ടെടുക്കുക എന്ന രീതിയായിരുന്നു കോളേജിൽ. സ്വാഭാവികമായും ജോലിഭാരം കൂടുമല്ലോ. അതുകാരണം അവധിയെടുക്കാൻ പൊതുവെ ഞങ്ങൾക്കെല്ലാവർക്കും വൈമുഖ്യമായിരുന്നു. ഇതിന് ഒരു മറുവശം കൂടിയുണ്ടായിരുന്നു. സ്റ്റാഫ് റൂമിൽ എല്ലാവരും കൂടിയിരുന്ന വീട്ടുകാര്യങ്ങൾ പങ്കുവയ്ക്കുമ്പോൾ മാനസികസമ്മർദ്ദം പെട്ടെന്ന് കുറയുമായിരുന്നു. ഒരു രണ്ടാം വീടായിരുന്നു സ്റ്റാഫ് റൂം. അന്നുണ്ടായ സൗഹൃദങ്ങൾ ഞങ്ങളിപ്പോഴും കാത്തുസൂക്ഷിക്കുന്നു. എല്ലാവരെയും ഒരു കുടുംബം പോലെ കൊണ്ടുപോകാൻ ഞങ്ങൾക്ക് അമ്മയെപ്പോലെ ഒരു വകുപ്പുമേധാവിയുമുണ്ടായിരുന്നു.

ഒരു വർഷം കഴിഞ്ഞ് അദ്ദേഹത്തിന് തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു കലാലയത്തിലേക്കു മാറ്റം കിട്ടി. എന്റെ ജോലിഭാരം പകുതി കുറഞ്ഞു. നാലുവർഷം വലിയ കുഴപ്പങ്ങളൊന്നുമില്ലാതെ കഴിഞ്ഞുകൂടി. അപ്പോൾ അതാ വരുന്നു, എനിക്കൊരു സ്ഥലം മാറ്റം. ഒരേയൊരു ഗുണം ഞങ്ങൾ രണ്ടുപേരും ഒരിടത്താണ് ജോലിചെയ്യുന്നത് എന്നുമാത്രം. രാവിലെ ഏഴുമണിക്ക് വീട്ടിൽനിന്നുപുറപ്പെടണം. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം ഇവരണ്ടും കൈയിൽ കരുതണം. വീട്ടിൽനിന്ന് നടന്നാൽ അൻപതു മിനിറ്റുകൊണ്ട് ബസ്സ്റ്റേഷനിലെത്താം. വീട്ടിൽനിന്നിറങ്ങാൻ താമസിച്ചാൽ ഈ ദൂരം വേഗത്തിൽ നടന്നോ ഓടിയോ താണ്ടണം. കാരണം അന്ന് ഓട്ടോകൾ നിരത്തിലിറങ്ങിയിട്ടില്ല. കണക്റ്റിംഗ് ബസ്സുകൾ വളരെ കുറവും. സ്വന്തം കാലിനെ കൂടുതൽ വിശ്വസിക്കാമല്ലോ. എട്ടുമണിയുടെ ബസ്സ് തെറ്റിയാൽപ്പിന്നെ അന്ന് അവധിയെടുക്കാനേ നിവൃത്തിയുള്ളൂ. താമസിച്ചുള്ള ഒരു ബസ്സിൽ കയറി, താമസിച്ചെത്തി, ഒരു അര അവധി കളയാനുള്ള വിഷമം അത്രയ്ക്കുണ്ടായിരുന്നു. അതുകൊണ്ട് പോക്ക് വളരെ കൃത്യനിഷ്ഠയോടെ നടത്തിയിരുന്നു.

കുന്നിൻമുകളിലുള്ള കലാലയത്തിന്റെ താഴ്വാരത്തു നിന്ന് മുകളിൽ കയറി, കരുതിയിട്ടുള്ള

പ്രഭാതഭക്ഷണവും കഴിച്ചുകഴിയുമ്പോഴേക്കും ആദ്യത്തെ പീരിയഡിന്റെ മണി മുഴങ്ങും. പിന്നെ ഒരു മണിക്കൂറത്തേക്ക് വേറെ ഓർമ്മകളൊന്നുമില്ല. മുമ്പിലിരിക്കുന്ന കുട്ടികളെ കാണുമ്പോൾ നമ്മൾ തികച്ചും വേറെ ഒരു ലോകത്തിലാകും. വല്ലപ്പോഴും കിട്ടുന്ന ഇടവേളകളിൽ സ്റ്റാഫ് റൂമിലെ തമാശപറച്ചിലുമൊക്കെയായി സമയം പോകുന്നതറിയുകയില്ല. അതുപോലെതന്നെ ആ ബസ്സ് യാത്ര നല്ല ഒരുനുഭവമായിരുന്നു. ആ ബസ്സിൽ കൂടുതലും ഉദ്യോഗസ്ഥരായിരുന്നു യാത്രികർ. പ്രത്യേകിച്ചും ഞങ്ങൾ ഒരേ സ്ഥലത്തെ തന്നെ അദ്ധ്യാപകർ. ഏതൊരു വിഷമസന്ധിയെയും തമാശയോടെ തരണംചെയ്യാൻ പ്രത്യേക വിരുതുണ്ടായിരുന്ന ചിലരെ ഞാൻ ഓർക്കുന്നു. വായിൽനിന്നു വീഴുന്ന ഓരോ വാക്കും നമ്മെ ചിരിപ്പിക്കും. യാത്രയുടെ വിരസത ഒട്ടുമേ തോന്നിയിരുന്നില്ല.

ഈ കാലഘട്ടത്തിൽ ഞങ്ങളുടെ വീട്ടിൽ ചില മാറ്റങ്ങൾ വന്നു. ഫോൺ, ഫ്രിഡ്ജ്, മിക്സി, ഗ്യാസ് അടുപ്പ് എന്നീ സൗകര്യങ്ങൾ വീട്ടിൽ കയറിപ്പറ്റി. വീട്ടുപകരണങ്ങളുടെ സഹായമില്ലാതെ ഭക്ഷണം തയ്യാറാക്കി എല്ലാവരിലും എത്തിക്കുക എന്നത് വളരെ ക്ലേശകരമായിരുന്നു. ഇതെല്ലാമായിട്ടും രാവിലെ നാലുമണിക്ക് എഴുന്നേൽക്കുന്ന ഞാൻ മുട്ടുമടക്കി ഇരിക്കുന്നത് എട്ടുമണിക്കു ബസ്സിൽ കയറുമ്പോൾ മാത്രമാണ്.
ഏഴുമണിക്കിറങ്ങിപ്പോകുന്ന അച്ഛനെയും അമ്മയെയും നോക്കിനില്ക്കുന്ന മക്കളുടെ മുഖം ഇന്നും എന്നെ സങ്കടപ്പെടുത്തുന്നു. ഒരു വർഷത്തിനുശേഷം എനിക്ക് വീണ്ടും പഴയ ലാവണത്തിലേക്കു മാറ്റം കിട്ടി.

മകളെ എട്ടുമണിക്ക് സ്കൂളിൽ വിട്ടുകഴിഞ്ഞാൽ എട്ടരയ്ക്ക് ഞാനും ഇളയ രണ്ടുകുട്ടികളും കൂടി ഇറങ്ങും. അപ്പോഴും അവരുടെ അച്ഛന് രാവിലെ ഏഴരമണിക്ക് പുറപ്പെടേണ്ടത്ര ദൂരത്തുള്ള സ്ഥലത്താണ് ജോലി. മൂത്തമകൻ ഒന്നാംക്ലാസ്സിലും ഇളയ ആൾ എൽ.കെ.ജി.യിലും. അവരുടെ സ്കൂൾ വീട്ടിനടുത്താണ്. അവരെ സ്കൂളിൽ വിട്ട്, ഒന്നാം ക്ലാസ്സുകാരന്റെ ക്ലാസ്സിൽ രണ്ടുപേരെയും ഇരുത്തി, സ്കൂൾ വാച്ചറെ ഏല്പിച്ചിട്ട് അവിടുന്ന് ഒരു ബസ്സിൽ എന്റെ യാത്ര. എൽ.കെ.ജി. ക്ലാസ് തുറക്കുമ്പോൾ അനിയനെ ക്ലാസ്സിൽ കൊണ്ടുവിടുന്ന ജോലി ഒന്നാം ക്ലാസ്സുകാരന്. അന്നും ഒരു ബസ്സു തെറ്റിയാൽ വേറെ മാർഗ്ഗമൊന്നുമില്ല, പോകാൻ. ഓട്ടോകൾ അന്ന് നിരത്തിലിറങ്ങിയിട്ടില്ല. ടാക്സികൾ പഴ്സിന്റെ വലിപ്പത്തിനനുസരിച്ച് കുറവും. അതുകൊണ്ട് എൽ.കെ.ജി.ക്കാരൻ ഒന്നാം ക്ലാസ്സുകാരന്റെ സ്ഥിരം ഉത്തരവാദിത്തമായിട്ട് മാറി. പക്ഷേ, അവർ രണ്ടുപേരും ആ ഏർപ്പാട് ആസ്വദിച്ചിരുന്നു. എനിക്ക് ഒരു ഭാഗ്യമുണ്ടായിരുന്നത്, മക്കളുടെ പഠിത്തക്കാര്യം അവരുടെ അച്ഛൻ നോക്കുമായിരുന്നു എന്നതാണ്.

**1979ലാണ് എനിക്ക് അടുത്ത സ്ഥലം മാറ്റം. പ്രൊമോഷനാണ്. വകുപ്പുമേധാവിയായാൽ സ്ഥലം മാറ്റം അനിവാര്യം എന്ന് ചിലരുടെ കാര്യത്തിലുള്ള മാനേജ്മെൻറിന്റെ വാശി എനിക്ക് പാരയായി. "ഈ മേധാവിപ്പട്ടം എനിക്കു വേണ്ട" എന്നെഴുതിക്കൊടുക്കാൻ ഞാൻ തയ്യാറായി. പക്ഷേ, മേലാളർ കനിഞ്ഞില്ല. അന്നാണ് ഞാൻ ഒരു മഹാസത്യം മനസ്സിലാക്കിയത്, സാമ്പത്തികസംവരണം എന്നാൽ അർത്ഥമാക്കുന്നത്, സമ്പത്തുള്ളവന് സംവരണം എന്നാണെന്ന്.**

1979ലാണ് എനിക്ക് അടുത്ത സ്ഥലം മാറ്റം. പ്രൊമോഷനാണ്. വകുപ്പുമേധാവിയായാൽ സ്ഥലം മാറ്റം അനിവാര്യം എന്ന് ചിലരുടെ കാര്യത്തിലുള്ള മാനേജ്മെൻറിന്റെ വാശി എനിക്ക് പാരയായി. 'ഈ മേധാവിപ്പട്ടം എനിക്കു വേണ്ട' എന്നെഴുതിക്കൊടുക്കാൻ ഞാൻ തയ്യാറായി. പക്ഷേ, മേലാളർ കനിഞ്ഞില്ല. അന്നാണ് ഞാൻ ഒരു മഹാസത്യം മനസ്സിലാക്കിയത്, സാമ്പത്തികസംവരണം എന്നാൽ അർത്ഥമാക്കുന്നത്, സമ്പത്തുള്ളവന് സംവരണം എന്നാണെന്ന്. ഏതായാലും സ്ഥലം മാറ്റം ഉത്തരവനുസരിച്ച് ഞാൻ മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ഒരു കലാലയത്തിലേക്ക് വകുപ്പുമേധാവിയായി മാറ്റപ്പെട്ടു. എന്റെ ദുരിതപർവ്വത്തിന്റെ തുടക്കവും അതായിരുന്നു.

വെള്ളിയാഴ്ച വൈകിട്ടത്തെ മലബാർ എക്സ്പ്രസ്സിൽ, പിറ്റേന്ന് വെളുപ്പിന് കോഴിക്കോട്ടെത്തി, അവിടുന്ന് ആദ്യത്തെ ബസ്സിൽ മഞ്ചേരിയിലെത്തുക പതിവാക്കി. അന്ന് ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്നു. രാവിലത്തെ ഷിഫ്റ്റിലെ ഒൻപതുമണിയുടെ ക്ലാസ്സിൽ തിരുവനന്തപുരത്തുകാർ ഹാജർ. വെള്ളിയാഴ്ചയാവാൻ കാത്തിരിപ്പായിരുന്നു അന്നൊക്കെ. രാവിലത്തെ ക്ലാസ്സുകഴിഞ്ഞാൽ ഞങ്ങൾ ഒരു പത്ത് അദ്ധ്യാപകർ – ആലപ്പുഴ തൊട്ട്

തിരുവനന്തപുരം വരെയുള്ളവർ – മഞ്ചേരിയിൽ നിന്നുള്ള ഒരു ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ കയറിപ്പറ്റും. എറണാകുളത്തെത്തുമ്പോഴേക്കും വേണാട് എക്സ്പ്രസ് തയ്യാറായിനിൽപുണ്ടാവും. ബസ്സ് എത്താൻ താമസിച്ചാൽ വേണാട് വിട്ടുപോകും. പിന്നെ വേറെ ട്രെയിനൊന്നും തിരുവനന്തപുരത്തേക്കില്ല. ടിക്കറ്റെടുക്കാനുള്ള തത്രപ്പാടും പ്ലാറ്റ്ഫോമിലേക്കുള്ള ഓട്ടവും എല്ലാം കഴിഞ്ഞ് ട്രെയിനിൽ കയറിപ്പറ്റിക്കഴിയുമ്പോൾ ഒരു യുദ്ധം ജയിച്ച പ്രതീതിയാണ്. ലേഡീസ് കംപാർട്ടുമെൻറിൽ ചിലപ്പോൾ നല്ല തിരക്കായിരിക്കും. ഇരിക്കാൻ സ്ഥലം കിട്ടിയാൽ ഭാഗ്യം. ആർത്തവം ആയിട്ടുള്ള ദിവസമാണെങ്കിൽ ബാത്ത് റൂമിൽപ്പോലും പോകാനാകാതെ രാത്രി പത്തരമണിക്ക് തിരുവനന്തപുരത്തെത്തും വരെയുള്ള കാത്തിരിപ്പ്. ആ സന്തോഷം ഞായറാഴ്ച വൈകുന്നേരം അഞ്ചരമണിവരെ മാത്രം. അപ്പോഴാണല്ലോ മടക്കയാത്ര. ശനിയാഴ്ച മുഴുവൻ ജോലിയായിരിക്കും. മക്കളുടെയും അച്ഛന്റെയും ഒരാഴ്ചത്തെ ഡ്രസ് നനച്ചോ, യൂണിഫോം തേച്ചിട്ടുണ്ടോ എന്നൊക്കെയുള്ള പരിശോധന, അവർക്കിഷ്ടപ്പെട്ട പലഹാരങ്ങളുണ്ടാക്കിവയ്ക്കൽ. ഇതിനെല്ലാം എനിക്ക് സഹായത്തിന് വീട്ടിലെ ഒരംഗത്തെപ്പോലെ ഒരു സഹായിയുണ്ടായിരുന്നു. ലളിതയെ ഞാൻ എപ്പോഴും ഓർക്കും.

എന്റെ മഞ്ചേരിവാസത്തിനിടെ വളരെ വൈരുദ്ധ്യാത്മകമായ പല സമീപനങ്ങളും അദ്ധ്യാപകവർഗ്ഗം അനുവർത്തിച്ചുവരുന്നതിനു സാക്ഷ്യം വഹിക്കേണ്ടിവന്നു. നമ്മുടെ വർഗ്ഗബോധം കക്ഷിരാഷ്ട്രീയത്തിന്റെ പിടിയിലാണ് എന്ന ഞെട്ടിക്കുന്ന കണ്ടെത്തൽ എന്നെ പലപ്പോഴും വിഷമത്തിലാക്കി. ഒരു പ്രത്യേക സംഘടനയിൽ അംഗമായിട്ടുള്ളവരെല്ലാം ഒരുവർഗ്ഗം. മറ്റു സംഘടനകളിലെ അംഗങ്ങൾ അദ്ധ്യാപകർ പോയിട്ട് മനുഷ്യർപോലുമല്ല എന്ന കാഴ്ചപ്പാട്.

മഞ്ചേരിക്കാലം കഴിഞ്ഞ് വീണ്ടും തിരുവനന്തപുരത്തേക്ക് മാറ്റം കിട്ടി. വെല്ലുവിളികൾ നേരിടേണ്ട ഘട്ടങ്ങൾ പലതുമുണ്ടായിരുന്നു ജോലിക്കിടയിൽ. വകുപ്പുമേധാവിയായി ഒരു സ്ത്രീയെ സ്വീകരിക്കാൻ വിമുഖത കാണിച്ചിരുന്ന പുരുഷാദ്ധ്യാപകർ. ആദ്യമൊക്കെ പലരും പാരവച്ചിരുന്നു. എങ്ങനെയൊക്കെയോ ആ കാലങ്ങളൊക്കെ കടന്നുപോയി. എന്റെ ഭർത്താവ് ഒപ്പം അതേ സ്ഥാപനത്തിൽ വേറെ ഒരു വകുപ്പിൽ ജോലിചെയ്തിരുന്നത് എനിക്ക് വലിയ സഹായമായിരുന്നു. അദ്ദേഹം പെൻഷനായപ്പോഴേക്കും ഞാൻ ഇവിടെ പിടിച്ചുനില്ക്കാനുള്ള ധൈര്യം നേടിയിരുന്നു. പ്രായത്തോടൊപ്പം കൈവന്ന പക്വതയും സഹസ്രനാമജപവുമാണ് വെല്ലുവിളികളെ നേരിടാൻ എന്നെ പ്രാപ്തയാക്കിയത്. നാമജപം എന്നെ ക്ഷമാശീലമുള്ളവളാക്കി. 'ടീച്ചർക്കു ദേഷ്യം വരുമോ?' എന്നുപോലും ചിലർ ചോദിച്ചിട്ടുണ്ട്. പെൻഷനായിക്കഴിഞ്ഞ് പതിനഞ്ചുവർഷം ഒരു സ്വാശ്രയകോളജിൽ അതിഥിയായി ജോലിചെയ്യാനുള്ള അവസരമുണ്ടായി. ഇപ്പോൾ, ഈ എഴുപത്തിയെട്ടാം വയസ്സിലും എന്നിലെ അദ്ധ്യാപിക പഠിപ്പിക്കാൻ തയ്യാർ.




## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മകുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

ചർച്ചാവിഷയം



എസ്. കെ. മിനി.

# അൻപതുകളുടെ ഉദ്യോഗപർവ്വം – എം. രാജമ്മ



***1929ൽ പന്തളത്ത് ജനനം. ഫിലോസഫി അദ്ധ്യാപികയായി 1984ൽ വിരമിച്ചു.***

അൻപതുകളിൽ സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസം നേടാനാവുക, ഉയർന്ന ഉദ്യോഗത്തിൽ പ്രവേശിക്കാനാവുക എന്നതൊക്കെ ഇന്നത്തെപ്പോലെ അത്രകണ്ട് എളുപ്പമായിരുന്നില്ല. വിദ്യാഭ്യാസം നേടിയാൽ തന്നെ, കുടുംബത്തിന്റെ പ്രാരാബ്ധങ്ങളിൽ തളച്ചിടപ്പെടുക എന്ന ദുര്യോഗത്തിന് പല സ്ത്രീകളും വിധേയരായിട്ടുണ്ട്. ഉയർന്നരീതിയിൽ വിദ്യാഭ്യാസം നേടുകയും അർഹമായ ജോലിക്ക് അഭിലഷിക്കുകയും ചെയ്തെങ്കിലും ഒരു മാർക്സിസ്റ്റ് കുടുംബത്തിൽ ജനിച്ചു പോയി എന്ന ഒറ്റക്കാരണം കൊണ്ട് ഔദ്യോഗിക തലത്തിൽ നിരന്തരം വേട്ടയാടപ്പെട്ട അനുഭവം പങ്കുവയ്ക്കുന്നു രാജമ്മ ടീച്ചർ. ജോലിക്ക് വേണ്ടിയുള്ള അലച്ചിലുകളും, തന്റേതല്ലാത്ത കാരണങ്ങളാൽ ഉണ്ടായ വേട്ടയാടലുകളും, പിന്നീടു അവയെ ഒക്കെ അതിജീവിച്ച് തന്റെ സ്വപ്നസാക്ഷാത്കാരമായ ഉദ്യോഗത്തിലേക്ക് നടന്നു കയറിയതും അവർ ഓർത്തെടുക്കുന്നു. പന്തളത്തെ മുളക്കൽ കുടുംബത്തിൽ വി. ആർ. പരമേശ്വരൻ നായരുടെയും ജാനകിയമ്മയുടെയും മകളായി ജനിച്ച ശ്രീമതി രാജമ്മ കേരളത്തിന്റെ മുൻ മുഖ്യ മന്ത്രി എം.എൻ. ഗോവിന്ദൻ നായരുടെ അനന്തിരവളും മാർക്സിസ്റ്റ് സൈദ്ധാന്തികൻ പി .ഗോവിന്ദപ്പിള്ളയുടെ സഹധർമ്മിണിയുമാണ്.

***രാജമ്മ ടീച്ചറുടെ വാക്കുകളിലൂടെ***

ഇപ്പോൾ എനിക്ക് എൺപത്തെട്ടു വയസ്സുണ്ട്.

എം.എ.പഠനംകഴിഞ്ഞു നിൽക്കുമ്പോൾ ആദ്യം വിമെൻസ് കോളേജിൽ ജോലി കിട്ടി. ലീവ് വേക്കൻസിയിലാ കിട്ടിയത് ; രണ്ടു വർഷത്തേക്ക്. ഗ്രേസ് ചാണ്ടി, എന്റെ കൂട്ടുകാരിയാ, ഉപരി പഠനത്തിനു പോയ ഒഴിവിലാ എന്നെ നിയമിച്ചത്.അന്ന് യുണിവേർസിറ്റി ഇൻഡിപെൻഡെന്റ് ബോഡിയാ; ഗവർമ്മെന്റ് ഏറ്റെടുത്തിട്ടില്ല. വിമൻസ് കോളേജിൽ ക്വാളിഫൈഡ് കാന്റിഡേറ്റു ആയിട്ട് ഒരു സ്ത്രീ ഉണ്ടെങ്കിൽ സ്ത്രീക്കേ നിയമനം കൊടുക്കൂ. എനിക്ക് ഫിലോസഫിയിൽ ഫസ്റ്റ്ക്ലാസ്സ് ഉണ്ടായിരുന്നു.

അതുകൊണ്ട് ഗ്രേസ് ചാണ്ടിയുടെ ലീവ് വേക്കൻസിയിൽ എന്നെ നിയമിച്ചു. രണ്ടു വർഷം കഴിഞ്ഞപ്പോൾ ഒരു റിട്ടയെർമെന്റ് വേക്കൻസി വന്നു. പക്ഷെ ആ ഒഴിവിൽ എന്നെ നിയമിച്ചില്ല എന്ന് മാത്രമല്ല പിരിച്ചുവിടുകയും ചെയ്തു. നിയമിച്ചതാകട്ടെ ഏറ്റവും ലോവെസ്റ്റ് സെക്കന്റ് ക്ലാസ്സ് മാർക്ക് ഉള്ള ഒരു കാൻഡിഡേറ്റിനെ. അങ്ങനെ എന്റെ അവസരം നഷ്ടമായി. സത്യത്തിൽ ആ നിയമനം കമ്മ്യൂണിസ്റ്റ് വിരോധം കൊണ്ടാ നടന്നത്. എന്റെ അമ്മാവൻ എം.എൻ.ഗോവിന്ദൻ നായർ കമ്മ്യൂണിസ്റ്റ് ആയിരുന്നു. ആ വിരോധമായിരുന്നു..

എന്റെ അപ്പച്ചി ,എനിക്ക് ഫസ്റ്റ് ക്ലാസ്സ് കിട്ടിയത് കൊണ്ട് ഏറെ സന്തോഷിച്ചിരുന്നു. എനിക്ക് ഉദ്യോഗം വേഗം കിട്ടുമെന്ന് അപ്പച്ചി ഉറച്ചു വിശ്വസിച്ചിരുന്നു. അപ്പച്ചിയുടെ വീട്ടിൽ നിന്നാ ഞാൻ പഠിച്ചത്. എന്റെ അച്ഛനാ അപ്പച്ചിയെയും ചിറ്റപ്പനെയുമൊക്കെ പഠിപ്പിച്ചത്. ആ സ്നേഹോം ബഹുമാനോം എന്റെ അച്ഛനോടും അവർക്ക് അങ്ങേയറ്റത്തോളം ഉണ്ടായിരുന്നു. ആയിടക്കാ അച്ഛൻ മരിച്ചത്. ഫിലോസഫി പഠനം നിലവിൽ വന്നിട്ട് കുറച്ചുവർഷങ്ങളെ ആയിട്ടുണ്ടായിരുന്നുള്ളൂ എങ്കിലും ആദ്യമായി ഫസ്റ്റ് ക്ലാസ്സ് നേടിയ സ്ത്രീ ഞാൻ ആയിരുന്നു.അത് കൊണ്ട് അടുത്തൊരു വേക്കൻസി ഉണ്ടായാൽ എനിക്ക് നിയമനമുണ്ടാകും എന്ന് അപ്പച്ചി ഉറച്ചു




വിശ്വസിച്ചു.യൂണിവേഴ്സിറ്റിയിൽ അവർ കൈ കടത്തുമെന്ന് അപ്പച്ചി സ്വപ്നത്തിൽ പോലും വിചാരിച്ചില്ല.

അപ്പച്ചി (ശ്രീ.ബോധേശ്വരന്റെ സഹധർമ്മിണി) വിമൻസ് കോളേജിൽ പ്രൊഫസ്സറായിരുന്നു, സംസ്കൃതത്തിന്റെ. എനിക്ക് അർഹതയുണ്ടായിട്ടും ജോലി കിട്ടാതെ പോയതിൽ അപ്പച്ചി വല്ലാതെ ദുഖിച്ചു. അപ്പച്ചി എന്നെയും കൂട്ടി എന്റെ പ്രൊഫസ്സറെ കാണാൻ പോയി. ഈ സാഹചര്യത്തിൽ എന്ത് ചെയ്യാനാവും എന്ന് തിരക്കാനാ പോയത്. പക്ഷെ ആപ്പോഴേക്കും അദ്ദേഹം ട്രെയിനിംഗ് കോളജിലായിക്കഴിഞ്ഞു. അദ്ദേഹം എന്നോട് ബിഎഡിനു ചേരാൻ ഉപദേശിച്ചു. അത് കഴിഞ്ഞാൽ അവസരം നഷ്ടപ്പെടാതെ നോക്കാം എന്നും പറഞ്ഞു. ഞാൻ ബിഎഡിനു പഠിക്കാൻ ചേർന്നു. ഒരു ടേം കഴിഞ്ഞു കാണും. അപ്പോൾ ചിറ്റൂരിൽ ഒരു ട്യൂട്ടറുടെ പോസ്റ്റ് ഉള്ളതായി അറിഞ്ഞു. ട്യൂട്ടറെന്നാൽ ലക്ച്ചററിനും താഴെയാ. സാധാരണ തേർഡ് ക്ലാസ്സ് കാർക്കാ ആ പോസ്റ്റ് കൊടുക്കുന്നത്. ജോലിയില്ലാതിരിക്കുവല്ലേ. അന്ന് മോൻ രാധാകൃഷ്ണൻ കൈക്കുഞ്ഞാ. ആറുമാസം പോലുമായിട്ടില്ല. ഭർത്താവ് അപ്പോൾ ജയിലിലാണെന്നു തോന്നുന്നു. ഞാൻ ചിറ്റൂരു പോയിട്ടില്ല. പെട്ടെന്നാ ഈ ഓർഡർ വന്നത്. അപ്പൊ കുഞ്ഞിനേം കൊണ്ട് ഞാൻ പെരുമ്പാവൂരിൽ താമസിക്കുവാ. എന്തോ ചെയ്യും? ജോലി വേണമല്ലോ. ഞാൻ അമ്മായിയമ്മയെയും കൂട്ടി ചിറ്റൂരിനു പുറപ്പെട്ടു. എനിക്ക് കൂട്ട് വേണമല്ലോ. കുഞ്ഞിനെ നോക്കാൻ പന്തളത്തൂന്നു ഒരു പെണ്ണിനേം കൂട്ടി. ഈ അമ്മയാണേൽ സ്വന്തംവീടു വിട്ടു ഒരമ്പലത്തിൽപോലും തനിയെ പോയിട്ടില്ല. മാത്രവുമല്ല മനപ്രയാസം വന്നാൽ അമ്മക്ക് ഉടനെ തല കറങ്ങും. ചിറ്റൂര് എനിക്കും ഒട്ടും പരിചയമല്ല. ഒരു വീട് കിട്ടാൻ നന്നേ ബുദ്ധിമുട്ടി. കമ്യൂണിസ്റ്റുകാർക്ക് വീട് കിട്ടാൻ വല്യ പ്രയാസമാ. അത്രയ്ക്ക് വിരോധമുണ്ട് . ഭാഗ്യവശാൽ ഒരു നല്ല വീട് കിട്ടി. അവിടെ ഞാനും കുഞ്ഞും കുഞ്ഞിനെനോക്കാൻ വന്ന പെങ്കൊച്ചും, വെളിയിൽ ഇറങ്ങിയിട്ടില്ലാത്ത അമ്മായിയമ്മയും താമസമായി.

വീട്ടിൽ നിന്ന് കോളജിലേക്ക് ബസിൽ പോകണം. ട്യൂട്ടർ ആയതുകൊണ്ട് 11മണിയാവുമ്പോ എത്തിയാൽ മതി. 3 മണിക്ക് പോരുകേം ചെയ്യാം. നല്ല വെയിലുള്ള സമയമാ. അങ്ങനെ രണ്ടോ മൂന്നോ വർഷം കഴിഞ്ഞു. ട്യൂട്ടർക്ക് ലക്ച്ചററിന്റെ പാതി ശമ്പളമേ ഉള്ളൂ. ഭർത്താവ് കമ്മ്യൂണിസ്റ്റ്കാരനായതുകൊണ്ട് അദ്ദേഹത്തിനും വലുതായൊന്നും സാമ്പത്തികമായി സഹായിക്കാൻ കഴിയുകേല. വളരെ കഷ്ടപ്പെട്ട് അഡ്ജസ്റ്റ് ചെയ്തു ജീവിച്ചു. വീടുകൾ പലതും മാറേണ്ടി വന്നു.

ജോലിക്കാരി പോയി വേറെ സഹായികൾ മാറി മാറി വന്നു. പലരും ശരിയായില്ല. ഇതിനിടക്ക് അമ്മ തിരിച്ചു പോയി. അമ്മേക്ക് എപ്പോഴും അസുഖമാ എപ്പോഴും കിടപ്പാ. ഒടുവിൽ അമ്മയെ അമ്മയുടെ വീട്ടിലാക്കി. അങ്ങനെ ഇരിക്കുമ്പോൾ പത്തു പതിനാറു വയസ്സുള്ള ഒരു ആൺ കുട്ടിയെ കുഞ്ഞിനെ നോക്കാനായി കിട്ടി. ഭർത്താവിന്റെ വീട്ടുകാരുടെ പരിചയത്തിലുള്ള കുട്ടിയായിരുന്നു. പയ്യനെ ഏൽപ്പിച്ചു ഞാൻ കോളേജിൽ പോകും.

വീട്ടുടമസ്ഥരു അടുത്ത് തന്നാ താമസം. നല്ല ആൾക്കാരായിരുന്നു. ഒരു ദിവസം ഉടമസ്ഥൻ എന്നെ വിളിച്ചു പറഞ്ഞു; ടീച്ചർ വിഷമം വിചാരിക്കരുത്, ടീച്ചർ കുഞ്ഞിനെ ഈ പയ്യനെ ഏൽപ്പിച്ചു പോയാൽ ഞങ്ങൾക്ക് ഉത്തരവാദിത്ത്വമെടുക്കാൻ പറ്റില്ല. അവൻ കുഞ്ഞിനെ കിണറ്റിനടുത്തൊക്കെ കൊണ്ടുപോയി കളിപ്പിക്കുവാ. ഇത് കേട്ട് ഞാൻ സങ്കടപ്പെട്ടു. എന്തെല്ലാം കഷ്ടപ്പാടുകൾ. ഒന്നു മിണ്ടാനും ഗൈഡ് ചെയ്യാനും ആരുണ്ട്! അങ്ങനെ ഇരിക്കുമ്പോൾ ഞാൻ അവിടെ വച്ച് പരിചയപ്പെട്ട ഒരു കൂട്ടുകാരിയുടെ കുടുംബം തുണയായി. ഞങ്ങൾ താമസിക്കുന്നതിനടുത്താ  അവരുടെ വീട്. ഞങ്ങൾ വൈകിട്ട് അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പോകും. കൂട്ടുകാരിയുടെ അമ്മക്ക് എന്തോ ചില മാനസിക ബുദ്ധിമുട്ടുകൾ ഉള്ളത് കൊണ്ട് അവർ അവരുടെ വീട്ടിലാ താമസം. അവിടെ അമ്മേടെ ബന്ധുക്കൾ അവരെ നോക്കുന്നു. കൂട്ടുകാരിക്ക് മൂന്നു സഹോദരിമാർ. ഈ നാല് പെൺകുട്ടികളെയും നോക്കാൻ അവരുടെ അച്ഛനാണ് കൂടെ താമസിക്കുന്നത്. ആ പ്രായമായ അച്ഛൻ പറഞ്ഞു ടീച്ചർ വിഷമിക്കേണ്ട. കോളേജിൽ പോകുന്നതുവരെ കുഞ്ഞിനെ ടീച്ചർ തന്നെ നോക്കുക, പോകുമ്പോൾ കുഞ്ഞിനെ ഇവിടെ വിട്ടേച്ചു പോകുക. ജോലിക്കാരൻ പയ്യൻ വീട്ടിൽ നിന്നോട്ടെ. കുഞ്ഞിനെ അവനെ ഏൽപ്പിക്കേണ്ട. എനിക്ക് ആശ്വാസമായി. ഞാൻ കോളേജിൽ നിന്നെത്തുന്നത് വരെ മോനെ ആ അച്ഛൻ നോക്കും. അവനു അപ്പോൾ ഒരു  മൂന്നു നാല് വയസ്സായിട്ടുണ്ടാവും. അങ്ങനെ ഇരിക്കുമ്പോൾ ഒരു ദിവസം ഞങ്ങളുടെ ബസ് കടന്നു വരുന്ന വഴിയിലെ പാലം പൊളിഞ്ഞു പോയി. നടക്കുകയല്ലാതെ മാർഗ്ഗമില്ല. പതിനൊന്നു മണിക്ക് കോളേജിലെത്താൻ  ഒരുമണിക്കൂറോളം ആ വെയിലത്ത് നടക്കും. തിരിച്ചു കൃത്യം മൂന്നുമണിക്ക് തന്നെ ഇറങ്ങി വീട്ടിലേക്കു വീണ്ടും മടക്കയാത്ര. കുഞ്ഞിന്റെ അടുക്കലെത്താനുള്ള വെമ്പലിലാണ് നടത്തം. അങ്ങനെ ദിവസങ്ങൾ കടന്നു. കോളേജിനു അവധിയായി. അടക്കുന്നതിനു തലേന്ന് ഭർത്താവിന്റെ അനിയൻ വീട്ടിലെത്തി. കാറിലാ വന്നത്. കോഴിക്കോട് എന്തോ ആവശ്യത്തിനു വന്നിട്ട് തിരിച്ചു പോരുന്ന വഴിയാ. സ്വന്തം  സ്കൂളിന്റെ ഹെഡ്മാസ്ടരും, രാഷ്ട്രീയ പ്രവർത്തകനുമൊക്കെയാ അനിയൻ. എപ്പോഴും




തിരക്കിലാ. എനിക്ക് സൗകര്യമായിക്കോട്ടേ എന്ന് കരുതി എന്നെ കൂട്ടാൻ  വന്നതാ.

'ചേച്ചീ എന്തായാലും നാളെ കോളേജു അടക്കുവല്ലേ. നമുക്ക് വീട്ടിലേക്ക് പോകാം. കുറച്ചു ദിവസം അവിടെ നിൽക്കാം.' എന്ന് അവൻ പറഞ്ഞു.

ഞാനും സമ്മതിച്ചു. പിറ്റേന്ന് കോളേജിൽ എത്തി. അവിടെ എന്നെ ഒരു ഓർഡർ കാത്തിരിപ്പുണ്ടായിരുന്നു. പിരിച്ചു വിടൽ ഓർഡർ! നിലവിലുണ്ടായിരുന്ന പോസ്റ്റ് നിർത്തലാക്കിയിരിക്കുന്നു. കരച്ചിലടക്കി ഞാൻ പിടിച്ചു നിന്ന്. എല്ലാവർക്കും വലിയ ഷോക്ക് ആയിപ്പോയി അത്. അന്ന് എനിക്ക് ഒരു സ്റ്റുഡന്റ് ഉണ്ടായിരുന്നു. പഠിക്കാൻ ഒക്കുകേലെന്നു കരുതിയിട്ടു, പിന്നീടു വൈകി വന്നു ചേർന്ന ഒരു വിദ്യാർഥി. ചന്ദ്രശേഖരൻ. അവനു മറ്റുള്ളവരേക്കാൾ അൽപ്പം പ്രായക്കൂടുതൽ ഉണ്ടായിരുന്നു. അവനാണ് ഏറ്റവും സങ്കടം. അവനെ ഞാൻ നോക്കിയില്ല. എങ്കിൽ അവൻ കരയും. ഞാനും കരഞ്ഞു പോകും. ഞാൻ പഠിപ്പിക്കും എന്നോർത്ത് ഇരിക്കയായിരുന്നു

അവൻ. ഒന്ന് രണ്ടു വർഷം ഞാൻ അവനെ പഠിപ്പിച്ചിരുന്നു. അവൻ പറഞ്ഞു. 'ടീച്ചർ വിഷമിക്കേണ്ട. ടീച്ചറിന്റെ സാധനങ്ങൾ ഒക്കെ അവിടെ കിടന്നോട്ടെ. ടീച്ചർ അനിയന്റെ കൂടെ പോയാട്ടെ. എല്ലാ സാധനവും സേഫ് ആയി ഞാൻ എത്തിച്ചു കൊള്ളാം.' പറഞ്ഞതുപോലെ ചന്ദ്രശേഖരൻ എല്ലാ സാധനവും സേഫ് ആയി എത്തിച്ചു, കൂടെ ഒരു ചാക്ക് അരിയും! അങ്ങനെ ജോലി ഇല്ലാതായ ഞാൻ തിരികെ കുഞ്ഞിനേയും കൊണ്ട് എന്റെ അമ്മയുടെ വീട്ടിൽ പന്തളത്ത് എത്തി.

എന്റെ അമ്മ അമ്മായിയമ്മയെ പോലെ അല്ല. അസുഖങ്ങൾ ഇല്ല. കുറച്ചുകൂടെ കാര്യങ്ങളൊക്കെ അറിയാം. അച്ഛന്റെ കൂടെ ജോലിസ്ഥലത്തൊക്കെ യാത്ര ചെയ്തിട്ടുണ്ട്. അമ്മാവൻ ഗോവിന്ദൻ നായർ പാർട്ടി പ്രവർത്തകൻ ആയതു കൊണ്ട് വരാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചൊക്കെ അമ്മക്ക് ധാരണ ഉണ്ടായിരുന്നു. പത്രമൊക്കെ വായിച്ചു നല്ല അറിവും ഉണ്ടായിരുന്നു. അസാമാന്യമായ ധൈര്യമുണ്ട് അമ്മക്ക്. അമ്മ വിഷമമൊന്നും കാണിച്ചില്ല. കുറച്ചു നാൾ അമ്മയോടൊപ്പം താമസിച്ചു. പെരുമ്പാവൂരിൽ ഞങ്ങൾക്കൊരു സ്കൂൾ ഉണ്ട്. ഭർത്താവിന്റെ അനിയനാ ഹെഡ്മാസ്റ്ററും, മാനേജരും. അവിടെ ഒരാറുമാസത്തേക്ക് ജോലി നൽകാം എന്ന് അനിയൻ പറഞ്ഞു. തല്ക്കാലം. അതുകഴിഞ്ഞാൽ ഗവമേന്റിന്റെ അനുമതിവാങ്ങണം. അങ്ങനെ മോനേം കൊണ്ട് പെരുമ്പാവൂരിൽ താമസമായി. ആറേഴുമാസം സ്കൂളിൽ ജോലിചെയ്തു.അവിടെ വച്ച് മകൾ പാർവ്വതിയെ ഗർഭം ധരിച്ചു. പ്രസവ സമയമായപ്പോൾ പന്തളത്തേക്ക്പോയി. പാർവതി ജനിച്ചു കഴിഞ്ഞു അവളുടെ അച്ഛന് ഡൽഹിയിലേക്കു പോകേണ്ടതായി വന്നു. അവിടെ ഇ.എം.എസിന്റെ കൂടെ അസിസ്റ്റന്റ് ആയി. ബുക്ക് സ്‌റ്റാളിന്റെ ചുമതലയും അദ്ദേഹത്തിനായിരുന്നു. ഞാനും മക്കളും ഒപ്പം പോയി. ഏതായാലും നാട്ടിൽ ഇങ്ങനെ ശല്യം ചെയ്തു കൊണ്ടിരിക്കുവല്ലേ ഡൽഹിയിൽ ജീവിത മാർഗ്ഗം കണ്ടെത്താം എന്ന ചിന്തയായിരുന്നു.

ഏതാണ്ട് ഒരു വർഷംകഴിഞ്ഞുകാണണം. മോനെ ഒന്നാം ക്ലാസ്സിലും ചേർത്തു. എന്തിനു പറയുന്നു അപ്പോഴാണ് പാർട്ടി പിളരുന്നത്. അറുപത്തി നാലിൽ ചൈന ചാരന്മാരെന്ന് പറഞ്ഞു ഓരോരുത്തരെ അറസ്റ്റ് ചെയ്തു തുടങ്ങി. പി.ജി. ജയിലിലായി. ഡൽഹിയിൽ വേരുറപ്പിക്കാം എന്ന് കരുതിപ്പോയ ഞങ്ങൾ അങ്ങനെ വീണ്ടും നാട്ടിലേക്ക് തിരിച്ചു. ഞാനും കുട്ടികളും മാത്രം. മോനെ പന്തളത്തെ സ്കൂളിൽ ചേർത്തു. പാർവ്വതി കൈക്കുഞ്ഞ്. എന്റെ അമ്മ ഇതൊന്നും ഒരു പ്രശ്നമാക്കുകേ ഇല്ല. അമ്മക്ക് എല്ലാം ഒരു തമാശ പോലെ. അവിടങ്ങനെ കുട്ടികളുമായി കഴിയുമ്പോൾ ഒരു ദിവസം അനിയൻ വന്നു. അവൻ അന്ന് നിയമ വിദ്യാർഥി ആയിരുന്നു. ഗവർണരുടെ ഭരണം നടക്കുന്നു. സർക്കാരിനോട് എന്തെങ്കിലും പരാതി പറയാനുണ്ടെങ്കിൽ അത് ഗവർണരോട് അവതരിപ്പിക്കാനുള്ള ഒരു ഓർഡിനൻസ് ഗവർണർ പുറപ്പെടുവിച്ചു. നേരിട്ട് കാണണമെന്നില്ല. പരാതി സ്വീകരിക്കാൻ സെക്രട്ടേറിയറ്റിൽ ഒരു വിഭാഗം ഉണ്ട്. അവിടെ സ്വീകരിച്ചു തീർപ്പുണ്ടാക്കും. ഒരപേക്ഷ എഴുതി ഒപ്പിട്ടു കൊടുക്കാൻ അനിയൻ ആവശ്യപ്പെട്ടു, പരാതി ഗവർണറുടെ ശ്രദ്ധയിൽപ്പെടുത്താമെന്നു അവൻ പറഞ്ഞു. മുൻപ് ജോലി ചെയ്ത സ്ഥലത്ത് അതേ തസ്തികയിൽ ജോലി തരാമെന്നു ഗവർണർ വാക്ക് തന്നു, അദ്ദേഹം അത് പോലെ ചെയ്യുകയും ചെയ്തു.

വീണ്ടും ചിറ്റൂരിലേക്ക് കുട്ടികളെയും കൊണ്ട്.



എന്റെ ജൂനിയർ ആയിരുന്നവരും ഞാൻ പഠിപ്പിച്ചിരുന്നവരും എന്നേക്കാൾ ശമ്പളത്തിൽ ലക്ച്ചറന്മാരായി ജോലി നോക്കുന്നതാണ് ഞാൻ കണ്ടത്. എങ്കിലും എനിക്ക് ജോലി വളരെ പ്രധാനമായിരുന്നു. താമസിയാതെ ഇഎംഎസിന്റെ ഭരണം വന്നു. പഴയ ഉദ്യോഗസ്ഥരൊക്കെ മാറി. അപ്പോൾ എനിക്ക് ലക്ച്ചററായി പ്രമോഷനോടെ തിരുവനന്തപുരത്ത് നിയമനമായി. അത് അറുപത്തേഴിലാണ്. ജൂനിയർ ആയിരുന്ന ചിലർ എനിക്ക് യോഗ്യത ഇല്ല എന്ന് പറഞ്ഞു എനിക്കെതിരെ കേസ് കൊടുത്തു. ഗവൺമെന്റ് ഇത്തരത്തിൽ കാര്യങ്ങൾ ശരിയാക്കി മുന്നോട്ടു പോയാൽ ഞാൻ അവർക്ക് മുകളിൽ ആകും എന്ന ഭയമായിരുന്നു കാരണം. അവസാനം റിട്ടയർ ചെയ്യുന്നത് വരെ ആ കേസ് നിലനിന്നു. കേസ് ആരും ഏറ്റെടുത്തില്ല. അത് അങ്ങനെ അവസാനിച്ചു. യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് എൺപത്തിനാലിൽ ഫിലോസഫി വിഭാഗം മേധാവിയായി ഞാൻ റിട്ടയർ ചെയ്തു.

*രാജമ്മ ടീച്ചറിനെ നേരിൽ കണ്ടു സംഭാഷണ രീതിയിലുള്ള അഭിമുഖം രേഖപ്പെടുത്തിയത് സ്വതന്ത്ര മാധ്യമപ്രവർത്തകയായ എസ്. കെ. മിനി.*



# ചരിത്രത്തിലേക്ക് വിമാനമേറിയവർ



ശില്പ മുരളി

***1960കളിൽ പഴയകാല വെസ്റ്റ് ജർമ്മനിയിൽ നേഴ്സ് ആയി ഔദ്യോഗിക ജീവിതം ആരംഭിച്ച ഫ്രഡീനാ നസ്രത്ത് അര നൂറ്റാണ്ടിനിപ്പുറം ഉദ്യോഗത്തിൽ നിന്നും വിരമിച്ച് കുടുംബസമേതം കൊല്ലം കാവനാട്ടു താമസിക്കുന്നു. അഭിമുഖം തയ്യാറാക്കിയത് ശില്പ മുരളി***

**ലോ**കചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പെൺകുടിയേറ്റം നടന്നത് കേരളത്തിൽ നിന്ന് വെസ്റ്റ്-ജർമ്മനിയിലേക്ക് 1960കളിലാണ്. കത്തോലിക്ക സഭ വഴി അന്ന് അയ്യായിരത്തോളം പെൺകുട്ടികൾ നേഴ്സിംഗ് പരിശീലനത്തിനും തുടർന്ന് ഉദ്യോഗത്തിനുമായി ആയിടെ വെസ്റ്റ് ജർമ്മനിയിലേക്ക് പോയി. അന്നത്തെ കുടിയേറ്റക്കാരിൽ ഒരാളായ ഫ്രഡീന ചേച്ചിയുടെ അനുഭവങ്ങൾ കേൾക്കുക.

"ഞാൻ ജർമ്മനിയില്ലേക്ക് പോകുന്ന കാലം നാട്ടിലും സ്ത്രീകൾ ജോലിക്ക് പോയി തുടങ്ങിയിരുന്ന സമയമാണ്. എന്നാൽ ഇത്രയും ദൂരെ ആരും അതുവരെ പോയിട്ടില്ല. എന്റെ അച്ഛനും അമ്മയും മത്സ്യബന്ധന തൊഴിലാളികളായിരുന്നു. അവരെക്കൊണ്ട് ആകുന്ന വിധത്തിൽ അവർ ഞങ്ങളെ പഠിപ്പിച്ചു. എന്റെ ചേച്ചിയൊരു ടീച്ചർ ആയിരുന്നു. കേരളത്തിലെ പല പള്ളികളിലും എസ്.എസ്.എൽ.സി കഴിഞ്ഞ പെൺകുട്ടികളെ ജർമ്മനിയിലേക്ക് നഴ്സിങ്ങിനായി അയക്കാൻ സാധിക്കും എന്ന അറിയിപ്പ് വന്നു. എനിക്ക് ചെറുതിലെ തന്നെ ആശുപത്രികളിൽ പോകുമ്പോ നഴ്സുമാരെ കാണാൻ ഒത്തിരി ഇഷ്ടമാണ്, വെള്ളയും വെള്ളയും വേഷമൊക്കെ ധരിച്ച അവരെ കാണുമ്പോൾ എന്നെങ്കിലും എനിക്കും ഇതുപോലെ ആകണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. അപ്പോഴാണ് ഞങ്ങളുടെ ബിഷപ്പ് ജർമ്മനിയിലേക്ക് നഴ്സുമാരെ ആവശ്യമുണ്ടെന്ന അറിയിപ്പ് വിളിച്ചു പറയുന്നത്. ഞാൻ മനസ്സിൽ

തീരുമാനിച്ചു. എനിക്കും പോകണം. ജർമ്മനി ഒത്തിരി ദുരെയുള്ള രാജ്യമാണെന്നൊക്കെ ഓർത്തു, എന്നാലും ഒരു ചാൻസ് കിട്ടിയതല്ലേ പോകാമെന്ന് വെച്ചു. ഞാൻ പള്ളിയിൽ അപേക്ഷ നൽകി.

അന്നത്തെ കാലത്ത് നഴ്സിംഗ് ജോലിയോട് നമ്മുടെ സമൂഹത്തിനു നല്ലോരഭിപ്രായം ഇല്ലായിരുന്നു. അതിന്റെ കാരണം എനിക്കറിയില്ല. പക്ഷെ എന്ത് പ്രതിസന്ധി ഉണ്ടായാലും ജർമ്മനിയിലേക്ക് പോകണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. ഞാൻ ഇഷ്ടപ്പെടുന്നൊരു ഉദ്യോഗം അത് ആത്മാർത്ഥമായി ചെയ്യണം എന്ന് മാത്രമായിരുന്നു എന്റെ ലക്ഷ്യം. പള്ളികളിലേക്ക് അപേക്ഷ നൽകിയ പല പെൺകുട്ടികളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബത്തിലായിരുന്നു. അവരെ സംബന്ധിച്ച് ഈ അവസരം ഒരേ സമയം മറ്റൊരു നാട്ടിലേക്കുള്ള യാത്രയും, കുടുംബത്തെ സാമ്പത്തികമായി മുന്നോട്ടെത്തിക്കാനുമുള്ള ഏക മാർഗവുമായിരുന്നു. മിക്ക പെൺകുട്ടികളും കൂട്ടുകുടുംബ സമ്പ്രദായത്തിൽ വളർന്നവരായതുകൊണ്ട് തന്നെ, വീട്ടുകാരെ പിരിഞ്ഞു പോകുക എന്നത് വലിയൊരു കടമ്പയായിരുന്നു. എന്റെ യാത്രയിൽ ഏറ്റവുമധികം വിഷമിച്ചത് എന്റെ ചേച്ചിയായിരുന്നു. ചെറുപ്പത്തിലെ ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നു. വിഷമം കൊണ്ട് ചേച്ചി നിലവിളിച്ചു നടക്കുമായിരുന്നു. പലവട്ടം എന്നോട് ആലോചിക്കാനും തീരുമാനം മാറ്റാനും ചേച്ചി പറഞ്ഞു. അതുപോലെത്തന്നെ വിഷമമായിരുന്നു അപ്പുപ്പനും അമ്മുമ്മയ്ക്കും. സായിപ്പന്മാരുടെ നാടാണെന്നും, ഇഷ്ടമുള്ളപോലെ ഭക്ഷണം കിട്ടൂല എന്നുമൊക്കെ എന്നോടവരു പറഞ്ഞുനോക്കി. പക്ഷെ ഞാൻ ആകെ ഓർത്തത് എന്റെ മാതാപിതാക്കളെ സഹായിക്കാൻ എനിക്ക് കിട്ടുന്നൊരു അവസരമാണ് ഇത്, ഞാൻ ആഗ്രഹിച്ചൊരു ജോലിയുമാണ്. അത് ഞാൻ പാഴാക്കാൻ പാടില്ല എന്നതാണ്. സമൂഹത്തിൽ നഴ്സിങ്ങിനോട് ഉണ്ടായിരുന്ന പോലുള്ള ഒരു ചിന്താഗതിയും അവർക്കില്ലായിരുന്നു. എന്റെ ദൃഢനിശ്ചയവും, അവർക്ക് എന്നിലുള്ള വിശ്വാസവുമാണ് എന്നെ ജർമ്മനിയിലേക്ക് എത്തിച്ചത്.



ഇംഗ്ലീഷ് ഭാഷ പോലെയേ അല്ല ജർമ്മൻ. ഗ്രാമറും ഉച്ചാരണവുമൊക്കെ നല്ല കട്ടിയാണ്. അച്ചന്മാർ പള്ളിയിൽ വച്ചു ഞങ്ങളുടെ ഇന്റർവ്യൂ നടത്തി എന്റെ നാട്ടിന്നു പത്തു പേരെ തിരഞ്ഞെടുത്തു. പിന്നെയുള്ള ആറുമാസം ജർമ്മൻ ഭാഷയും, രീതികളും അച്ചന്മാർ പഠിപ്പിച്ചു തന്നു. ഒരച്ചൻ ഗ്രാമർ പഠിപ്പിച്ചു, മറ്റൊരച്ചൻ സംസാരിക്കാനും പഠിപ്പിച്ചു. കുടുംബത്തിനു എന്നാൽ കഴിയുന്ന രീതിയിൽ സഹായമെത്തിക്കണമെന്ന ഏക ചിന്തയാണ് പിന്തിരിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളെയും അതിജീവിക്കാൻ സഹായിച്ചത്..

നാട്ടിലൊക്കെ എല്ലാർക്കും വല്യ സന്തോഷമായിരുന്നു. അവരൊക്കെ ഇതൊക്കെ വല്യ ഭാഗ്യമെന്ന നിലയിലാണ് സംസാരിച്ചത്. അച്ഛൻ നാട്ടിൽ എല്ലാരും അറിയുന്നൊരു കമ്മ്യൂണിസ്റ്റ് പ്രവർത്തകനാണ്, അതു കാരണം യാത്ര അയക്കാനും, യാത്രക്കുള്ള സാധനങ്ങൾ വാങ്ങി തരാനും എല്ലാരും ഉത്സാഹത്തോടെ കൂടെനിന്നു. ഞങ്ങൾക്കതൊരു പുതിയ ലോകമായിരുന്നു. ചുറ്റും നമ്മുടെ നാടുമായിട്ട് ഒരു ബന്ധവുമില്ലാത്ത കാഴ്ചകൾ. നമ്മുടെ നാട്ടിലെ മരങ്ങളും, പൂക്കളും, ചെടികളും ഒന്നുമില്ല. ഞങ്ങൾ അവിടെ എത്തുമ്പോൾ മഞ്ഞുകാ

ലമാണ്. മരങ്ങളിൽ ഒന്നും ഇലകളില്ല പഴങ്ങളില്ല. ഇതെന്തൊരു രാജ്യമാണ് ഒരു ഭംഗിയുമില്ല എന്നൊക്കെ അന്ന് തോന്നി. പക്ഷെ പിന്നീടു അതൊക്കെ മാറി വന്നു. ഭക്ഷണത്തിന്റെ കാര്യമായിരുന്നു കഷ്ടം. ടേബിളിൽ എന്താണോ കൊണ്ടുവയ്ക്കുന്നത് അത് കഴിക്കണമായിരുന്നു. പലപ്പോഴും നമ്മൾ കണ്ടിട്ട് പോലുമില്ലാത്ത എന്തെങ്കിലുമായിരിക്കും. അപ്പോ നമുക്കത് കഴിക്കാൻ പറ്റില്ലെങ്കിൽ കന്യാസ്ത്രീമാരുടെ ശ്രദ്ധ മാറുന്ന സമയം സെർവ് ചെയുന്നവരോട് അതെടുത്ത് മാറ്റാൻ പറയും. നമുക്ക് ഇഷ്ടമുള്ളതൊക്കെ വച്ചു തരാൻ അവർ ശ്രമിക്കുമായിരുന്നു. ചോറൊക്കെ ആണെങ്കില് സൂപ്പിനകത്തു കുറച്ച് പറ്റ് കാണും. ഞങ്ങൾ അത് കഴിക്കും.

നഴ്സിംഗ് പഠനം നല്ല കഷ്ടപ്പാടായിരുന്നു. ആഴ്ചയിൽ ഒരു മണിക്കൂർ വച്ചു ആറു മാസത്തേക്ക് ഒരു ടീച്ചർ വന്നു ജർമൻ ഭാഷ പഠിപ്പിച്ചു. അതിനു ശേഷമാ നഴ്സിംഗ് ക്ലാസ്സ് തുടങ്ങിയത്. ആദ്യമൊക്കെ അനാട്ടമി ആണ് പഠിപ്പിക്കുന്നത് അതും ജർമ്മൻ ഭാഷയും ആംഗ്യവുമൊക്കെ ഉപയോഗിച്ച്. ചില പ്രൊഫസർമാർക്ക് ഇംഗ്ലീഷ് അറിയാമായിരുന്നു. അവർക്കും ഒരു പുതുമയായിരുന്നു ഞങ്ങളെ കാണുന്നത്. അവർ ഞങ്ങളെ ബ്ലാക്ക് ഏഞ്ജൽസ് എന്നാണ് വിളിച്ചിരുന്നത്. വളരെ സ്നേഹത്തോടെയാണ് അവർ ഞങ്ങളെ പരിശീലിപ്പിച്ചത്. കന്യാസ്ത്രീകൾ ആയിരുന്നു പൊതുവേ കർക്കശക്കാർ. പെട്ടെന്ന് എല്ലാം പഠിച്ചെടുക്കണം, എല്ലാ ജോലിയും ചെയ്തിരിക്കണം. നാട്ടിൽ അമ്മയെപ്പോലും സഹായിക്കാത്ത ഞങ്ങൾ പിന്നെ എല്ലാ ജോലിയും ചെയ്യും. കക്കൂസ് ഒക്കെ കഴുകാൻ പറയുമ്പോ ആദ്യം നല്ല വിഷമം ആയിരുന്നു. ചെയ്യാതെ നിവർത്തിയില്ല. പറഞ്ഞാൽ പറഞ്ഞതാണ്.

സ്ത്രീശക്തി എന്നത് ഒരു ബലമാണ്. ഞങ്ങൾ ഓരോരുത്തർക്കും ഞങ്ങൾ തന്നെ കൂട്ടുണ്ടായിരുന്നു. ഒരാൾ വിഷമിച്ചു വന്നാൽ മറ്റൊരാൾ അയാളെ സമാധാനപ്പെടുത്തും. മനസ്സൊക്കെ കൈവിട്ടു പോയാൽ പ്രശ്നമാണെന്ന് ഓർമിപ്പിക്കും. അടുത്ത ദിവസം ചിലപ്പോൾ ഈ പറഞ്ഞ ആളായിരിക്കും കരയുന്നത്. അപ്പോൾ മറ്റാരെങ്കിലും സമാധാനിപ്പിക്കും. ഇഷ്ടമില്ലാത്ത ജോലിയൊക്കെ ചെയ്തിട്ട് വരുമ്പോഴും എല്ലാരും കൂടെ കൂട്ടമായിട്ട് ഇരുന്നു പ്രാർത്ഥിക്കും. ഞങ്ങളുടെ ആ കൂട്ടായ്മയാണ് ഞങ്ങളെ മുന്നോട്ട് കൊണ്ട്പോയത്".

നഴ്സിംഗ് പഠനം പൂർത്തിയായതോടെ അവരെ പല സ്ഥലങ്ങളിലായി വൃദ്ധമന്ദിരങ്ങളിലും, മനോരോഗശുപത്രികളിലും ഒക്കെയായി നിയമിച്ചു. എന്നാൽ നിയമനം ലഭിച്ച ഇടങ്ങളിലൊക്കെ രോഗികൾക്ക് ഇവരുടെ പരിചരണം വളരെ ഇഷ്ടമാവുകയും, തുടർന്നും ഇവരുടെ പരിചരണത്തിനായി അപേക്ഷിക്കുകയും ചെയ്തിരുന്നു. പലപ്പോഴും ജർമൻ നഴ്സുമാരെക്കാൾ രോഗികൾക്ക് ഇഷ്ടം ഇവരുടെ പരിചരണമായിരുന്നു എന്ന് ഫ്രെഡ്രീനച്ചേച്ചി സാക്ഷ്യപ്പെടുത്തുന്നു.

"സ്ത്രീകളെ ബഹുമാനിക്കുന്നൊരു രാജ്യമാണ് ജർമ്മനി. നഴ്സിംഗ് വിദ്യാർഥി ആയിരുന്ന കാലത്താണെങ്കിലും ജോലി നോക്കുന്ന കാലത്താണെങ്കിലും നമ്മളെ ഒരുപാട് ബഹുമാനതോടെ അവർ പരിഗണിച്ചിരുന്നു. പല വാർഡുകളിലും ജർമ്മൻകാരുടെ കൂടെ ജോലി ചെയ്യുമ്പോഴും രോഗികൾ നമ്മളോട് പരിചയമായിക്കഴിഞ്ഞാൽ നമ്മളെ വിളിക്കും. നമ്മൾ പരിചരിക്കുന്ന രീതി ജർമ്മൻകാരിൽനിന്നും വ്യത്യസ്തമാണ്. ജർമ്മൻ നഴ്സുമാർ പറയുന്ന കാര്യം മാത്രം ചെയ്തുകൊടുക്കുമ്പോൾ നമ്മൾ അവരുടെ ആവശ്യം നോക്കി അവരുടെ സൗകര്യത്തിനു അനുസരിച്ച് പരിചരിക്കും. ഇൻഷുറൻസ് ഉള്ളത് കാരണം അവർ പറയുന്ന ആളാണ് അവരെ പരിചരിക്കേണ്ടത്. കിട്ടുന്നതിനേക്കാൾ സ്നേഹം തിരിച്ച് കൊടുക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു".

ഈ സേവനം നടത്തി ലഭിക്കുന്ന തുകയിൽ നിന്നു അവരുടെ ആവശ്യങ്ങൾക്ക് എടുത്തിട്ട് ബാക്കി അവർ നാട്ടിലേക്ക് അയച്ച്, നാട്ടിലെ കുടുംബങ്ങളെ രക്ഷപ്പെടുത്തി. ചിലർക്ക് സഹോദരങ്ങളുടെ പഠനം ആണെങ്കിൽ മറ്റുചിലർക്ക് അവരുടെ വിവാഹാവശ്യങ്ങൾ ആയിരിക്കും. ഇതിനിടയിൽ സ്വന്തം ജീവിതത്തെക്കുറിച്ച് തത്കാലത്തേക്ക് അവർ ചിന്തിച്ചില്ല. പഠനം തീർന്ന് സമ്പാദിക്കാൻ തുടങ്ങിയപ്പോഴാണ് പല

**സ്ത്രീശക്തി എന്നത് ഒരു ബലമാണ്. ഞങ്ങൾ ഓരോരുത്തർക്കും ഞങ്ങൾ തന്നെ കൂട്ടുണ്ടായിരുന്നു. ഒരാൾ വിഷമിച്ചു വന്നാൽ മറ്റൊരാൾ അയാളെ സമാധാനപ്പെടുത്തും. മനസ്സൊക്കെ കൈവിട്ടു പോയാൽ പ്രശ്നമാണെന്ന് ഓർമിപ്പിക്കും. അടുത്ത ദിവസം ചിലപ്പോൾ ഈ പറഞ്ഞ ആളായിരിക്കും കരയുന്നത്. അപ്പോൾ മറ്റാരെങ്കിലും സമാധാനിപ്പിക്കും. ഇഷ്ടമില്ലാത്ത ജോലിയൊക്കെ ചെയ്തിട്ട് വരുമ്പോഴും എല്ലാരും കൂടെ കൂട്ടമായിട്ട് ഇരുന്നു പ്രാർത്ഥിക്കും. ഞങ്ങളുടെ ആ കൂട്ടായ്മയാണ് ഞങ്ങളെ മുന്നോട്ട് കൊണ്ട്പോയത്".**

രും നാട്ടിലേക്ക് ആദ്യമായി തിരികെ പോയത്. അതിനിടയിൽ നാട്ടിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചിരുന്നു.

"ഞാൻ തിരികെ നാട്ടിലോട്ടു വരുന്നത് അഞ്ച് വർഷത്തിനു ശേഷമാണ്. അതായതു ആദ്യത്തെ മൂന്ന് വർഷം നഴ്സിംഗ് പഠനം. അതുകഴിഞ്ഞു രണ്ട് വർഷം ജോലി ചെയ്തു. പഠിക്കുമ്പോൾ കിട്ടുന്നത് ചെറിയ പോക്കറ്റ് മണിയാണ്. തിരികെ പോകുമ്പോൾ അനിയത്തിയെ ഒക്കെ കെട്ടിച്ച് വിടണം, അതിനുള്ളതു സമ്പാദിച്ചു കഴിഞ്ഞപ്പോഴേക്കും അഞ്ച് വർഷമായി. തിരിച്ച് പോയി അനിയത്തിയുടെ കല്യാണമൊക്കെ നടത്തി. പക്ഷെ അമ്മുമ്മയ്ക്ക് വല്യ സങ്കടമായിരുന്നു. നീ അല്ലേ മൂത്തത്, എന്റെ മോൾക്ക് കല്യാണമൊന്നും വേണ്ടേ എന്നോക്കെ ചോദിച്ചു. അപ്പോൾ എനിക്ക് ഇനിയും സമയം ഉണ്ടല്ലോ, ആദ്യം വിചാരിച്ച കാര്യങ്ങളൊക്കെ നടക്കട്ടെയെന്നു ഞാൻ പറഞ്ഞു. നമ്മൾ ആദ്യം പഠിച്ചു തുടങ്ങുമ്പോൾ ഇത് തീർക്കാൻ തന്നെ പറ്റുമോ എന്നൊക്കെയുള്ള പേടിയായിരുന്നു മനസ്സിൽ. പക്ഷെ വിചാരിച്ചതൊക്കെ സാദ്ധ്യമായി".

ഇവർ നേരിട്ട മറ്റൊരു പ്രശ്നമായിരുന്നു സ്വന്തം കുടുംബം എന്ന സംവിധാനം. ജർമ്മനിയിലെ അന്നത്തെ നിയമനുസരിച്ച് ജോലിക്കല്ലാതെ വരുന്നൊരാൾക്ക് നാല് വർഷം കഴിഞ്ഞു മാത്രമേ അവിടെ ജോലി ലഭിക്കുകയുള്ളൂ.

"ഭർത്താക്കന്മാർ വീട്ടിലിരുന്നു കുഞ്ഞുങ്ങളെ നോക്കുന്നൊരു അവസ്ഥയൊക്കെ ഉണ്ടായിട്ടുണ്ട് അന്ന്. പ്രത്യക്ഷത്തിൽ അവർ പ്രകടിപ്പിക്കിലെങ്കിലും അവരുടെ ബുദ്ധിമുട്ട് നമുക്ക് മനസിലാകുമായിരുന്നു. നമ്മുടെ നാട്ടിലൊന്നും അങ്ങനൊന്ന് പരിചയമില്ലാത്ത കാര്യമാണല്ലോ. എന്റെ ഭർത്താവിനു ഏകദേശം രണ്ടേമുക്കാൽ വർഷത്തോളം അങ്ങനെ ഇരിക്കേണ്ടി വന്നു. കാരണം അവർ ഫാമിലി വിസ തരും പക്ഷെ ജോലി ചെയ്യാനുള്ള പെർമിറ്റ് കൊടുക്കില്ല. കിട്ടിയാലും ഇവരുടെ വിദ്യാഭ്യാസത്തിനു ഒത്ത ജോലി ലഭിക്കില്ല. അവർ പറയുന്നത്, അത്തരം ജോലി ചെയ്യാൻ ഞങ്ങൾക്ക് ഇവിടെ ആളുണ്ട്. അവർ ചെയ്യാൻ ഇഷ്ടപ്പെടാത്ത ജോലിയാണ് നമുക്കവർ തരുന്നത്. മക്കളെ നോക്കാനും, വീട്ടിലെ കാര്യങ്ങൾക്കുമായിട്ട് പല ഷിഫ്റ്റിൽ മാറി മാറി ജോലി നോക്കിയവരുണ്ട്. എന്റെ ഭർത്താവിന്റെ അമ്മ കുഞ്ഞുങ്ങളെ നോക്കുവാൻ വന്നു നിന്നിരുന്നു. പക്ഷെ അമ്മക്ക് വീട്ടിലേക്കു പോകണമെന്നൊരു അവസ്ഥ വന്നപ്പോൾ ഞങ്ങൾടെ രണ്ട് മക്കളെയും അമ്മ നാട്ടിൽ കൊണ്ട് പോയി നോക്കിക്കൊള്ളാമെന്നു പറഞ്ഞു. അന്നത്തെ സാഹചര്യത്തിൽ അമ്മ പറയുന്നതു അനുസരിക്കുന്നതാണ് നല്ലതെന്ന് തോന്നി. പക്ഷെ അതിനു ഞങ്ങൾക്ക് ഒരുപാട് വിഷമം സഹിക്കേണ്ടി വന്നു. കുട്ടികളെ കാണാത്ത വിഷമത്തിൽ എനിക്ക് ചികിത്സ വരെ തേടേണ്ട ഒരു അവസ്ഥയുണ്ടായി. പക്ഷെ കുട്ടികൾ ഇവിടെ നിന്നാൽ ജോലി നേരെ നടക്കില്ലാന്നും നമുക്കറിയാം.

എന്റെ മൂന്ന് മക്കളും വളർന്നത് ഇന്ത്യയിൽ തന്നെയാണ്. മനസ്സിൽ എന്നും ഇവിടേക്ക് തന്നെ തിരികെ വരണമെന്ന് തീരുമാനിച്ചത് കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. നമ്മളുടെ മക്കൾ എവിടെയാണോ അവിടെയാണ് നമ്മുടെ മനസ്സ്. മക്കളെ അവിടെ വളർത്തിയവർ പലരും ഇപ്പൊ ഞങ്ങളോട് പറയാറുണ്ട്, ഞങ്ങളെപ്പോലെ നാട്ടിൽ നിർത്തി മക്കളെ വളർത്തിയാൽ മതിയായിരുന്നു എന്ന്. പലർക്കും ഇന്ത്യയിലേക്ക് വരണമെന്ന് ആഗ്രഹമുണ്ടെങ്കിലും മക്കൾ അവിടെ ആയതുകാരണം അവിടെ നിൽക്കുന്നു. എവിടെയാണെങ്കിലും ആരുടേയും മുന്നിൽ കൈനീട്ടാതെ സ്വന്തമായൊരു വരുമാനം സ്ത്രീകൾക്ക് ഉണ്ടാകണം. നമ്മുടെ നാട്ടിൽ സ്ത്രീകൾക്കായിട്ടു കൊണ്ടുവരുന്ന പദ്ധതികളിൽ എല്ലാം ഈ ഒരു ലക്ഷ്യം ഉണ്ടാകുന്നതു നല്ലതാണ്. നമ്മൾ പേടിക്കുകയാണെങ്കിൽ ആകെ നമ്മുടെ നാടിനെ പേടിച്ചാൽ മതി. ഞങ്ങൾ ജീവിച്ചിരുന്ന കാലത്തും, അല്ലെങ്കിൽ ഞാൻ ജോലി ചെയ്ത ജർമ്മനി പോലുള്ള രാജ്യത്തും എനിക്ക് പേടിക്കേണ്ട ഒരവസ്ഥ വന്നിട്ടില്ല. ജർമ്മനിയിൽ ഞങ്ങൾ പാതിരാത്രിയിൽ പോലും ജോലി കഴിഞ്ഞുവരുമ്പോൾ ഞങ്ങൾക്ക് ഒന്നും പേടിക്കാനില്ല. ആ ഒരു ബഹുമാനം ഇത്രയും വർഷങ്ങൾക്ക് ശേഷവും ഇവിടത്തെ സ്ത്രീകൾക്ക് കിട്ടുന്നില്ല. അതിലെനിക്ക് അതിയായ ദുഖമുണ്ട്. ആ ഒരു കാര്യം എനിക്ക് ഉൾക്കൊള്ളാൻ പറ്റുന്നില്ല. അവർക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നൽകണം. അതാണ് അവർക്കായിട്ടു നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യം".

യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്നെ കെട്ടിപിടിച്ചുകൊണ്ട് ഫ്രഡ്രീനച്ചേച്ചി പറഞ്ഞത് ഒരു കാര്യം മാത്രം: ധൈര്യമായി, ഇഷ്ടമുള്ള ജോലി ചെയ്തു, ജീവിക്കണം.

***ശിൽപ്പ മുരളി: സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിൽ നിന്ന് താരതമ്യ സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടി; ഇപ്പോൾ ജേർണലിസം വിദ്യാർഥിനിയാണ്.***



എസ്. കെ മിനി.

# സംഘർഷത്തിന്റെ വഴികൾ

***ഡിസാസ്റ്റർ മാനേജ്മന്റ് രംഗത്തെ ഇന്ത്യയിലെ തന്നെ ആദ്യ വനിതയായ ഡോ:കെ ജി താരയുടെ ഉദ്യോഗസംഘർഷങ്ങളെക്കുറിച്ചും വിജയങ്ങളെക്കുറിച്ചും നേരിട്ട് സംസാരിച്ചു കുറിപ്പ് തയ്യാക്കിയത് സ്വതന്ത്ര മാദ്ധ്യമ പ്രവർത്തകയായ എസ് കെ മിനി.***



**കോ**ളേജ് വിദ്യാഭ്യാസത്തിന് വിഷയം തെരഞ്ഞെടുക്കുമ്പോൾ ജോലികിട്ടാൻ എളുപ്പമുള്ളതും, വ്യത്യസ്തവുമായ ഒരു വിഷയം തെരഞ്ഞെടുക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. കുടുംബത്തിന് കൈത്താങ്ങാകാൻ അന്നത്തെ സാഹചര്യത്തിൽ ഒരു ജോലി എനിക്കു വളരെ അത്യാവശ്യമായിരുന്നു. അച്ഛൻ കെ.ഗോവിന്ദപ്പിള്ള, സി.പി.ഐ.യുടെ മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകൻ. അമ്മ വി. സുഭദ്ര, എറണാകുളത്തെ പ്രോവിഡൻസ് കോളേജിൽ തർക്കശാസ്ത്രത്തിൽ അദ്ധ്യാപിക. കമ്യൂണിസ്റ്റുകാരനെ വിവാഹം കഴിച്ചെന്ന കാരണത്താൽ അമ്മയെ ആ ജോലിയിൽനിന്നും പിരിച്ചുവിട്ടു. വാടകയ്ക്കു താമസം. എന്റെയും ചേട്ടന്റെയും പഠനം. സാമ്പത്തികമായി നന്നേ ഞെരുങ്ങുന്ന കാലം. എത്രയും പെട്ടെന്ന് ജോലിനേടുക എന്ന ആവശ്യമായിരുന്നു മുന്നിൽ. പിന്നെയും എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് അമ്മയ്ക്ക് മലയാളം എൻസൈക്ലോപീഡിയായിൽ സബ് എഡിറ്ററായി വീണ്ടും ജോലികിട്ടുന്നത്.

ബി.എസ്.സി. ജിയോളജിക്ക് ഞാൻ യൂണിവേഴ്സിറ്റി കോളേജിൽ ചേർന്നു. ആ വിഷയം തുടങ്ങിയിട്ടു അധികകാലം ആയിട്ടില്ല. പെൺകുട്ടികൾ ചേരാറുമില്ല. ഞാനും വർക്കല രാധാകൃഷ്ണന്റെ മകൾ ശ്രീലതയും മാത്രമേ ഉള്ളൂ പെൺകുട്ടികളായിട്ട്. ഫീൽഡ് ഓറിയൻറഡാണ് വിഷയമെന്നും, അതിനാൽത്തന്നെ വളരെ ബുദ്ധിമുട്ടായിരിക്കുമെന്നും അറിയാമായിരുന്നു. പഠിച്ചുതുടങ്ങിയപ്പോൾ വിഷയത്തെ ഞാൻ കൂടുതൽ ഇഷ്ടപ്പെട്ടുതുടങ്ങിയിരുന്നു. അന്ന് പി.ജി. കാര്യവട്ടത്തുമാത്രമേ ഉണ്ടായിരുന്നുള്ളൂ. പി.ജി.ക്കു ചേരാനായി ഇൻറർവ്യൂവിനു ചെന്നപ്പോൾ വകുപ്പുമേധാവി നിരുത്സാഹപ്പെടുത്തി. 'കുട്ടീ, മലകേറണം, പാറപൊട്ടിക്കണം, സഞ്ചീം തോളിൽ തൂക്കി നടക്കാൻ നാണമാവില്ലേ. ജോലികിട്ടാനാണെങ്കിൽ മറ്റേതെങ്കിലും വിഷയം എടുത്തു പഠിച്ചുകൂടേ?' ഞാൻ ഉറച്ചുനിന്നു. വിദ്യാകുതുകിയും ജീവിതാഭിവാഞ്ഛയുമുള്ള ഒരു പെൺകുട്ടിക്കുനേരെ ഉയർത്തിയ ആ ചോദ്യത്തിൽ, സമൂഹം എന്നും സ്ത്രീയോട് പുലർത്തുന്ന വിലക്കിന്റെ സ്വരം മറഞ്ഞുകിടക്കുന്നത് അന്നേ ഞാൻ ശ്രദ്ധിച്ചു.

ആദ്യമായി ഉദ്യോഗം കിട്ടുന്നത് ഏറെ സന്തോഷമുള്ള കാര്യമാണെങ്കിലും, ആ കാലമൊക്കെ എങ്ങനെ കടന്നുപോയി എന്നത് ഇപ്പോൾ ഓർക്കുമ്പോൾ....കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ അദ്ധ്യാപികയായിട്ട് 84-ലാണ് നിയമനം. എനിക്ക് അന്ന് ഒരു മോപ്പഡ് ഉണ്ട്. മഴകണ്ടാൽ നിന്നുപോകുന്ന ഒരു മോപ്പഡ്. സ്ത്രീകൾ നമ്മുടെ നാട്ടിൽ മോപ്പഡ് ഓടിച്ചുതുടങ്ങിയിട്ടില്ല. ഞാനും വി.എസ്.എസ്.സി.യിൽ ജോലിചെയ്തിരുന്ന ഒരു ഉത്തരേന്ത്യക്കാരിയുമായിരുന്നു ഇരുചക്രവാഹനം ഓടിക്കുന്ന സ്ത്രീകൾ. ഇതേക്കുറിച്ച് 'വനിത' യിൽ ഒരു ഫീച്ചറും വന്നിരുന്നു. നഗരം വിചിത്രജീവിയെപ്പോലെ എന്നെ നോക്കി. ചിലരൊക്കെ

കൂക്കിവിളിച്ചു. മഴയത്ത് സാരി നനഞ്ഞൊട്ടി കാലുകൾ തണുത്തുവിറങ്ങലിക്കും. മോപ്പഡ് റെയിൽവേസ്റ്റേഷനിൽവച്ച്, കൊല്ലത്തിന് വണ്ടിപിടിക്കും. 9.30 എന്നൊരു സമയമുണ്ടെങ്കിൽ ഹാജർ വരച്ചിരിക്കും. 'ഉദ്യോഗസ്ഥ'യുടെ ബദ്ധപ്പാടിന്റെ കഥ ഹാജർബുക്കിന് അറിയേണ്ട കാര്യമില്ലല്ലോ. ഇതിനിടയിൽ 86-ൽ എന്റെ വിവാഹം കഴിഞ്ഞു. ലക്ചറർ ജോലി തുടരുമ്പോഴാണ് കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പ് ലഭിക്കുന്നത്. കോളേജ് അദ്ധ്യാപികയ്ക്കു ലഭിക്കുന്ന ശമ്പളത്തോളം തന്നെ സ്കോളർഷിപ്പ് ലഭിക്കും. ഗവേഷണമോഹവും നടക്കും. കോളേജ് ലക്ചററായി തുടർന്നുകൊണ്ടുതന്നെ ഞാൻ പാർട്ട് ടൈം റിസർച്ചിനു ജോയിൻ ചെയ്തു. റിസർച്ച് പക്ഷേ ശനിയാഴ്ചകളിൽമാത്രമേ സാധിച്ചിരുന്നുള്ളൂ. അതു മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമായിത്തീർന്നു. അങ്ങനെവന്നപ്പോൾ സി.എസ്.ഐ.ആർ.-ന്റെ സ്കോളർഷിപ്പിന് ഞാൻ അപേക്ഷിച്ചു. 3 കൊല്ലത്തെ അവധി കോളേജ് നൽകുകയും മുഴുവൻസമയ റിസർച്ചിനായി സെൻറർ ഫോർ എർത്ത് സയൻസിൽ ചേരുകയും ചെയ്തു.

'പശ്ചിമഘട്ടത്തിൽ പാലക്കാടൻ ചുരത്തിന്റെ ഉത്ഭവ'മായിരുന്നു ഞാൻ തെരഞ്ഞെടുത്ത വിഷയം. പശ്ചിമഘട്ടത്തിന്റെ ഒരു ഭാഗവും, ചുരം മുഴുവനും അടങ്ങുന്ന ഏകദേശം 100 ച.കി.മീ. പഠനത്തിനായി തെരഞ്ഞെടുത്തു. വിചാരിച്ചതിലും എത്രയോ ദുഷ്കരമാണ് ഗവേഷണമെന്ന് അനുഭവം പഠിപ്പിച്ചു. പാലക്കാടൻ ചുരം കയറിയിറങ്ങി പാറപൊട്ടിച്ചും, മണൽ ശേഖരിച്ചും...അന്ന് മകളെ ഗർഭമുണ്ടെനിക്ക്, ആറോ ഏഴോ മാസം. പക്ഷേ, ഗവേഷണം പൂർത്തിയാക്കാനുള്ള വ്യഗ്രതയിൽ നിറവയറൊന്നും ഞാൻ പ്രശ്നമാക്കിയില്ല. പാറകൾ ഏതുമർദ്ദത്തിലും താപത്തിലുമാണ് രൂപപ്പെടുന്നത് എന്നറിയേണ്ടതുണ്ട്. സാമ്പിൾ റഷ്യയിലോ ജപ്പാനിലോ അയച്ചുകൊടുത്താൽ മതിയാകും. പക്ഷേ, അതിന് ഭാരിച്ച ചെലവാണ്. എനിക്കത് താങ്ങാനാവുമായിരുന്നില്ല. ജിയോ തെർമോ ബാരോമെട്രി സംബന്ധിച്ച പഠനം ഖരഗ്പൂരിൽ മാത്രമേ ഉള്ളൂ. ആവശ്യം കൺമിഴിച്ചുനിൽക്കുന്നു. പോയി പഠിച്ചാലോ? ഗൈഡ് അനുവദിച്ചു. ഒരുമാസം ഞാൻ അവിടെ പോയിനിന്നു. അതികഠിനമായ തണുപ്പ്. ഐസ് പോലുള്ള വെള്ളത്തിൽ കുളിക്കണം. 'കണക്ക്' കീറാമുട്ടിയാണെനിക്ക്. അതും കുറേ പഠിക്കണം. ഏതായാലും ഒരുമാസം ഞാൻ അവിടെ പിടിച്ചുനിന്നു. ഒരുവയസ്സ് പ്രായമുള്ള മകളെ അമ്മയെ ഏൽപ്പിച്ചാണ് ഞാൻ പോയത്. ഇടയ്ക്കിടയ്ക്ക് അവളുടെ ഓർമ്മ എന്നെ തളർത്തും.

1993-ൽ ഈ ഗവേഷണം പൂർത്തിയാക്കിയ എനിക്ക് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ യുവ ശാസ്ത്രജ്ഞ അവാർഡും ലഭിച്ചു. ഇതിനിടെ റിമോട്ട് സെൻസിംഗ് സെൻററിൽ ഒരു സയൻറിസ്റ്റിന്റെ ഡെപ്യൂട്ടേഷൻ പോസ്റ്റ് ഉണ്ടെന്നറിഞ്ഞു; തിരുവനന്തപുരത്താണ്. കുഞ്ഞും വീടും കുടുംബവുമൊക്കെ അടുത്താണ്. രാഷ്ട്രീയ ശുപാർശയുണ്ടെങ്കിൽ നടക്കുമെന്ന് പലരും ഉപദേശിച്ചു. പക്ഷേ, അതു വേണ്ടിവന്നില്ല. എന്റെ ആപ്ലിക്കേഷൻ പരിഗണിക്കുകയും എനിക്ക് സെലക്ഷൻ കിട്ടുകയും ചെയ്തു. പക്ഷേ, റിമോട്ട് സെൻസിംഗ് എന്താണെന്ന് ഒരു പിടിയുമില്ല. സ്വന്തമായി പ്രോജക്ടുകൾ എടുത്തുചെയ്യണമെങ്കിൽ ഉപഗ്രഹചിത്രങ്ങളെക്കുറിച്ച് അറിഞ്ഞേതീരൂ. മറ്റേതെങ്കിലും പ്രോജക്ടിന്റെ ഭാഗമായിനിന്ന് ജോലിചെയ്താൽ അങ്ങനെയങ്ങ് പരിമിതപ്പെട്ടുപോകും. അതുണ്ടാകാൻ പാടില്ല എന്നുകരുതി ഐ എസ് ആർ ഓ യുടെ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സർട്ടിഫിക്കറ്റ് കോഴ്സിനു പോകാൻ ശ്രമം തുടങ്ങി.

ആ പരിശീലനത്തിന് എന്നെ വിടാതിരിക്കാൻ അണിയറയിൽ ശ്രമങ്ങൾ നടക്കുന്നുണ്ടായിരുന്നു (പിന്നീടെപ്പോഴോ പഴയ ഫയലുകൾ കാണാനിടവന്നപ്പോഴാണ് അന്നത്തെ പ്രതിരോധം എത്ര ശക്തമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കിയത്). 'ഇവർ സാക്ഷരകേരളത്തിന് അപമാനമാണ്' എന്നൊക്കെ മുഖ്യമന്ത്രിക്കും പ്രസിഡൻറിനും ഗവർണർക്കുമൊക്കെ പരാതിപോയി. ഇവിടെനിന്നും എന്നെ കോളേജിലേക്ക് പറഞ്ഞുവിടാനുള്ള തിടുക്കമായി. അന്നെനിക്ക് ഡോക്ടറേറ്റും യുവശാസ്ത്രജ്ഞയുടെ അവാർഡും ഉണ്ടെന്നോർക്കണം. ഒരുപക്ഷേ, ഈ യോഗ്യതകൾ അവരെ ഭയപ്പെടുത്തിയിട്ടുണ്ടാവണം. ഡെപ്യൂട്ടേഷനിലുള്ള ഒരാളെ ട്രെയിനിംഗിനു വിടുന്നത് ഡിപ്പാർട്ടുമെൻറിന് അധിക സാമ്പത്തികബാദ്ധ്യതയാവും എന്നായിരുന്നു മറ്റൊരു വാദം. എന്തായാലും എൻ.ആർ.എസ്.സി. എന്നെ തെരഞ്ഞെടുത്തു. പരിശീലനം തുടങ്ങി രണ്ടുമാസം കഴിയാറായതേയുള്ളൂ, ഇടിത്തീപോലെ ഒരു വാർത്ത എന്നെത്തേടിയെത്തി. ഹൃദയാഘാതം മൂലം അമ്മ മരണപ്പെട്ടിരിക്കുന്നു. ഇരുകാലുകളും മഞ്ഞുരുകുന്നതുപോലെ, കുഴഞ്ഞ് താങ്ങാനാവാത്ത ഹൃദയഭാരത്തോടെ ഞാൻ വീട്ടിലെത്തി. ഒരു മരണം, ഒരു മൃതദേഹം ഞാനതുവരെ കണ്ടിട്ടില്ല. മരണവീടുകളിൽ അച്ഛൻ

**അന്ന് മകളെ ഗർഭമുണ്ടെനിക്ക്, ആറോ ഏഴോ മാസം. പക്ഷേ, ഗവേഷണം പൂർത്തിയാക്കാനുള്ള വ്യഗ്രതയിൽ നിറവയറൊന്നും ഞാൻ പ്രശ്നമാക്കിയില്ല.**

കൊണ്ടുപോയിട്ടില്ല. എല്ലാമായിരുന്ന അമ്മയുടെ ചേതനയറ്റ ദേഹത്തിനു മുന്നിൽ ഞാൻ വിറങ്ങലിച്ചുനിന്നു. വീട്ടിലെ ഓരോ അംഗത്തിനും ശക്തിയും പ്രചോദനവുമായിരുന്നു അമ്മ. പ്രകാശം പരത്തിയവൾ. ആ ശൂന്യത മറികടക്കുന്നതെങ്ങനെയെന്നത് വല്ലാതെ സമ്മർദ്ദത്തിലാക്കിയെങ്കിലും കോഴ്സ് പൂർത്തിയാക്കുക എന്നത് അത്യന്തം അനിവാര്യമായിരുന്നു. അമ്മയും അതാഗ്രഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്തിരുന്നു. അമ്മയുടെ മരണം കഴിഞ്ഞ് മൂന്നാം ദിവസം ഞാൻ കോഴ്സ് പൂർത്തിയാക്കാൻ തിരിച്ചുപോയി. അന്നത്തെ പിരിമുറുക്കത്തെക്കുറിച്ച് പറയാൻ വാക്കുകളില്ല. കോഴ്സ് കഴിഞ്ഞ് തിരിച്ചെത്തി, സയൻറിസ്റ്റായി ജോലിതുടരുമ്പോഴും സഹപ്രവർത്തകരുടെ മുറുമുറുപ്പുകൾ അണിയറയിൽ നടക്കുന്നുണ്ടായിരുന്നു.

എന്റെ ശരീരഭാഷയിലും പെരുമാറ്റത്തിലും ഒരു 'താൻ' ഭാവം ഉണ്ടെങ്കിൽ അതിൽ ഒരു മാറ്റം വരുത്താൻ ഉള്ളിൽ ഞാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പലപ്പോഴും സ്ത്രീയുടെ സ്വന്തം വ്യക്തിത്വത്തിലുള്ള ആത്മവിശ്വാസവും, അതിനനുസരിച്ചുള്ള പെരുമാറ്റവും 'തന്റേടം' എന്ന് തെറ്റിദ്ധരിക്കപ്പെടാറുണ്ട്. 'തന്റെ ഇടം' തിരിച്ചറിയുന്ന ഏതൊരു സ്ത്രീക്കും ഇത്തരം പ്രതിസന്ധികൾ ഉണ്ടാവാം.

സുഖകരമല്ലാത്ത സാഹചര്യത്തിൽ ജോലിതുടരുമ്പോഴാണ് ഡിസാസ്റ്റർ മാനേജ്മെന്റിലെ ഡെപ്യൂട്ടേഷൻ ഒഴിവിനെക്കുറിച്ച് അറിയാനിടയായത്. കുറച്ചുകൂടി മെച്ചപ്പെട്ട അന്തരീക്ഷത്തിനായി ഞാൻ ആഗ്രഹിച്ചുതുടങ്ങിയിരുന്നു.

കേന്ദ്രഗവണ്മെൻറ് എല്ലാ സംസ്ഥാനങ്ങളിലും ഒരു ദുരന്തനിവാരണസെൽ ഉണ്ടാവണമെന്ന സർക്കുലർ പുറപ്പെടുവിച്ചു. 1999-ൽ അങ്ങനെയാണ് ഇത്തരത്തിലൊരു സെൽ എല്ലാ സംസ്ഥാനങ്ങളിലും റവന്യൂവിന്റെ കീഴിൽ വരുന്നത്. റവന്യൂ വകുപ്പിലെ ആരെയെങ്കിലും പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് ഞാൻ ചെന്നുചേരുന്നത്. എർത്ത് സയൻസ് അല്ലെങ്കിൽ ജിയോളജിയിലുള്ള യോഗ്യതയായിരുന്നു മാനദണ്ഡം. യോഗ്യതയുടെ കാര്യത്തിൽ എന്നെ തള്ളാനും വയ്യ, എന്നാൽ റവന്യൂ അല്ലാത്തതിനാൽ കൊള്ളാനും വയ്യെന്ന മനോഭാവം. ദുരന്തനിവാരണത്തിൽ ബിരുദങ്ങളൊന്നും ഇല്ലായിരുന്നതുകൊണ്ട് അതുനേടുക എന്നതായി എന്റെ അടുത്ത ലക്ഷ്യം. കേന്ദ്രഗവണ്മെൻറ് സ്പോൺസർ ചെയ്യുന്ന ബാങ്കോക്കിലെ ഏഷ്യൻ ഡിസാസ്റ്റർ പ്രീപെയേർഡ്നെസ്സ് സെൻററിലേക്കു പോകാൻ തയ്യാറാണെന്ന് ഞാൻ അധികാരികളെ അറിയിച്ചു. 8 പേർ അടങ്ങുന്ന സംഘത്തെ തെരഞ്ഞെടുത്തു. അതിൽ ഒരേ ഒരു സ്ത്രീ ഞാൻമാത്രം. ആ ഗ്രൂപ്പിൽനിന്നും 5 പേരെ വീണ്ടും തെരഞ്ഞെടുത്ത് അമേരിക്കയിലെ സെൻറർ ഓഫ് എക്സലൻസിൽ കോഴ്സിനയച്ചു. ഇതുരണ്ടും കഴിഞ്ഞപ്പോൾ ദുരന്തനിവാരണവിഷയത്തിൽ നല്ല അടിത്തറയായി.

2006-ൽ മുഖ്യമന്ത്രിയുടെ കീഴിലാണ് എട്ട് മെമ്പർമാർ അടങ്ങുന്ന അതോറിറ്റി ആദ്യം രൂപം കൊണ്ടത്. സെൻററിൽ ഞാൻ ജോലിയിൽ തിരികെ എത്തുമ്പോഴും മറ്റാരും സഹപ്രവർത്തകരായി ഉണ്ടായിരുന്നില്ല. മൂന്ന് വർഷക്കാലം ഞാൻ മാത്രമായിരുന്നു. പിന്നീടാണ് ഒരു റിസർച്ച് അസിസ്റ്റൻറ് എത്തിച്ചേർന്നത്.

പച്ചപ്പുതേടി മറുകണ്ടം ചാടുമ്പോൾ, പലപ്പോഴും അതു മരുപ്പച്ചയായിരുന്നു എന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയ എത്രയോ സന്ദർഭങ്ങളാണ് ജീവിതത്തിൽ. ദുരന്തനിവാരണ വിഭാഗത്തിൽ ആത്മാർത്ഥമായി പണിയെടുക്കുമ്പോഴും എന്റെ മുന്നിലെ കടമ്പകൾ നിരവധിയായിരുന്നു. ഒരു

**എന്റെ ശരീരഭാഷയിലും പെരുമാറ്റത്തിലും ഒരു 'താൻ' ഭാവം ഉണ്ടെങ്കിൽ അതിൽ ഒരു മാറ്റം വരുത്താൻ ഉള്ളിൽ ഞാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പലപ്പോഴും സ്ത്രീയുടെ സ്വന്തം വ്യക്തിത്വത്തിലുള്ള ആത്മവിശ്വാസവും, അതിനനുസരിച്ചുള്ള പെരുമാറ്റവും 'തന്റേടം' എന്ന് തെറ്റിദ്ധരിക്കപ്പെടാറുണ്ട്. 'തന്റെ ഇടം' തിരിച്ചറിയുന്ന ഏതൊരു സ്ത്രീക്കും ഇത്തരം പ്രതിസന്ധികൾ ഉണ്ടാവാം.**

പ്യൂൺ കൂടെയില്ല, ഒരു ഫോണോ, ടൈപ്പിസ്റ്റോ, കമ്പ്യൂട്ടറോ ഒന്നുമില്ല. തികച്ചും ഒറ്റയാൾപ്പട്ടാളം. ചാർജ്ജെടുത്ത് ഒരുമാസം ആകും മുമ്പുതന്നെ ഭാരിച്ച ഉത്തരവാദിത്വം എന്റെ തലയ്ക്കുമുകളിൽ വന്നുവീണു. കേന്ദ്ര ആഭ്യന്തരമന്ത്രാലയവും സ്റ്റേറ്റ് ഗവണ്മെൻറും എൻ.ഐ.ഡി.എമ്മും സംയുക്തമായി അഞ്ചു ദിവസം നീളുന്ന ഒരു ശില്പശാല സംഘടിപ്പിക്കുന്നു. അതു നടത്തണം. മോഡ്യൂളുകളും നിർദ്ദേശങ്ങളും കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽനിന്നും ഫോൺവഴി കിട്ടി. അതു കേട്ട്, പ്രിൻറ് ഔട്ട് എടുക്കണം. പല ഡിപ്പാർട്ടുമെൻറുകളിൽനിന്നും നാല്പതു പേരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. സഹായിക്കാൻ മറ്റാരുമില്ല. ധാരാളം ഫോൺ ചെയ്യണം. ഫാക്സ് അയയ്ക്കാൻ പുറത്തുപോകണം. കൊല്ലം കളക്ടറായിരുന്ന ശ്രീനിവാസൻ സാറിനായിരുന്നു ഡിവിഷൻ ചാർജ്ജ്. ഫോൺചെയ്യാൻ പലപ്പോഴും അദ്ദേഹത്തിന്റെ മുറിയിൽ പോകണം. അഞ്ചു മണിക്ക് ജോലി തീരാതെവരുമ്പോൾ രാത്രി എട്ടു മണിവരെയും ജോലിചെയ്യും. അതിലും

തീരില്ലെന്നുകണ്ട് ഞാൻ ഞായറാഴ്ചകളിലും പോകാൻ തുടങ്ങി. കോർഡിനേഷൻ ചെയ്യണം. റിസീവർ ചെവിയിലടുപ്പിച്ചപ്പോൾ ഒരു സംഭാഷണം കുറുകെ കടന്നുവരുന്നു. 'ഞായറാഴ്ചകളിൽ ഒറ്റയ്ക്ക് ഓഫീസിൽ വന്നിരിക്കാൻ അവർക്ക് നാണമില്ലേ? അവർ ഒരു സ്ത്രീയല്ലേ? അവർ ആരോടാണീ സംസാരിക്കുന്നത്?' ഞാൻ വിളറിപ്പോയി. എങ്കിലും പതറാതെ, 'ഹലോ, എനിക്ക് ഒരു ഫോൺചെയ്യണമായിരുന്നു. ഈ സംഭാഷണം ഒന്നവസാനിച്ചെങ്കിൽ.....' മറുതലയ്ക്കൽ ഫോൺ 'ഠപ്പ്' എന്നുവയ്ക്കുന്ന ശബ്ദം ഞാൻ കേട്ടു.

ഞാൻ സങ്കടം സഹിക്കാനാവാതെ ഉടൻ വീട്ടിലെത്തി. കരച്ചിലടക്കാൻ വയ്യാതെ പാടുപെടുന്ന എന്നോട് അച്ഛൻ കാര്യം തിരക്കി. അച്ഛന്റെ മറുപടി എന്നെ അതിലുമേറെ വിഷമിപ്പിച്ചു. 'എന്തിനാണ് ആവശ്യമില്ലാതെ ഓരോരോ ഉത്തരവാദിത്വങ്ങൾ തലയിലെടുത്ത് വയ്ക്കുന്നത്. നടന്നില്ലെങ്കിൽ വേണ്ട. മറ്റാരെങ്കിലും ചെയ്യട്ടെ'. ഞാൻ തകർന്നുപോയി. കുറേ കരഞ്ഞു. പക്ഷേ എനിക്ക് വീട്ടിലിരിക്കാനായില്ല. ഞാൻ ഓഫീസിലേക്കു പുറപ്പെടാൻ ഒരുങ്ങി. നാലാം ക്ലാസ്സിലോ മറ്റോ പഠിക്കുകയാണ് അന്ന് മകൾ. അവൾ എല്ലാം ശ്രദ്ധിച്ചിരിക്കണം. അവളെന്നോട് ചോദിക്കയാണ്, 'അമ്മ എവിടെ പോകുന്നു?' 'ഓഫീസിൽ'. ആ കുഞ്ഞിക്കൈകൾ എന്റെ നേർക്കുനീട്ടി കുലുക്കിക്കൊണ്ട് അവൾ പറഞ്ഞു: 'കൺഗ്രാചുലേഷൻസ്'. ജീവിതത്തിലൊരിക്കലും മറക്കാനാവാത്ത മുഹൂർത്തമാണത്. പഠിക്കാനിരിക്കുമ്പോഴും, റിപ്പോർട്ടുകളിൽ ശരീരവും മനസ്സുമർപ്പിച്ചിരിക്കുമ്പോഴും കൊലുസുകളിട്ട പാദങ്ങൾ ഇളക്കിയും, തരിവളയിട്ട കൈകൾ കിലുക്കിയും 'അമ്മ ഇതുകണ്ടോ' എന്ന് എന്റെ ശ്രദ്ധതിരിച്ചിരുന്ന എന്റെ കുഞ്ഞുമോൾ എന്റെ ഹൃദയത്തിലൂടെ പിച്ചവെച്ചോടിപ്പോയി അപ്പോൾ. ഞാൻ മടിക്കാതെ ആ ഞായറാഴ്ചയും ഓഫീസിൽ പോയി.

പിറ്റേന്ന് തിങ്കളാഴ്ച ശില്പശാലയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യുമ്പോൾ ഫോണിലൂടെ അപമാനകരമായി സംസാരിച്ച ആ വ്യക്തി അവിടെയെത്തി. തലേദിവസത്തെ സംഭവം എന്നെ വല്ലാതെ നീറ്റുന്നുണ്ടായിരുന്നു. 'നിങ്ങൾ ധാരാളം സ്ത്രീകളെ കണ്ടിട്ടുണ്ടാവും. അക്കൂട്ടത്തിൽ എന്നെ കൂട്ടരുത്'. അയാളുടെ മുഖത്തുനോക്കി ഞാൻ ഉറക്കെപ്പറഞ്ഞു. തുടർന്നായിരുന്നു പൂരം. ഇദ്ദേഹം വഴിയാണ് സാമ്പത്തികകാര്യങ്ങൾ കടന്നുപോകേണ്ടത്. പണം അനുവദിക്കാതെ ഫയലുകൾ വച്ചു താമസിപ്പിച്ചു. ചെലവുകൾ പലപ്പോഴും സ്വന്തം കൈയിൽനിന്ന് നിർവഹിച്ചു. എന്നെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ഒരു വർഷം കഴിഞ്ഞ് എനിക്ക് ഫോൺ അനുവദിച്ചു. വയർ മുറിച്ചുമാറ്റി പിന്നെയും പ്രശ്നങ്ങളുണ്ടാക്കി. ക്രമേണ അതടങ്ങി. ഡിപ്പാർട്ടുമെൻറിൽ ലൈബ്രറി രൂപീകരിക്കുന്ന സമയം. അതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 'കാമസൂത്ര'മൊക്കെ വാങ്ങിവെയ്ക്കണം എന്നുപദേശിച്ചു. ഉയർന്നുപൊങ്ങിയ അമർഷം ഉള്ളിലൊതുക്കി, 'വേണ്ട പുസ്തകങ്ങളുടെ പേരും എണ്ണവും സർ തന്നോളൂ, വാങ്ങിവയ്ക്കാം' എന്ന മറുപടിയിൽ അതവിടെ അവസാനിച്ചു.

ഡിപ്പാർട്ടുമെൻറിന് എന്നുപറഞ്ഞ് ഫർണിച്ചർ വാങ്ങി സ്വന്തം വീട്ടിൽ കൊണ്ടുപോയി ഇട്ടു മറ്റൊരുദ്യോഗസ്ഥൻ. ഒടുവിൽ ഒപ്പിടാനായി ഫയൽ മേശപ്പുറത്തു വന്നപ്പോൾ 'പറ്റില്ല' എന്നു ഞാൻ പറഞ്ഞു. ഒപ്പിട്ടില്ല. അതിന്റെ ഭവിഷ്യത്ത് അതികഠിനമായിപ്പോയി. ഓരോരോ കാരണം പറഞ്ഞ് ശമ്പളം നൽകാതെ മാനസികമായി പീഡിപ്പിച്ചത് ഒന്നും രണ്ടും മാസമല്ല, ഒൻപതുമാസങ്ങളാണ്. കാര്യങ്ങളുടെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്താനും, ന്യായവും അർഹവുമായ വേതനം അനുവദിച്ചുകിട്ടാനും മനുഷ്യാവകാശ കമ്മീഷനുൾപ്പെട്ട നിരവധി മേലുദ്യോഗസ്ഥരെ കാണാൻ ഞാൻ ഓഫീസുകൾ കയറിയിറങ്ങി. ഈ അലച്ചിലും മാനസികസംഘർഷങ്ങളും മുതലെടുത്ത് സഭ്യമല്ലാത്ത ലൈംഗികച്ചുവയോടെ സംസാരിച്ച
മറ്റൊരുദ്യോഗസ്ഥൻ...അയാൾക്കെതിരെ നടപടിയെടുക്കാനുള്ള എന്റെ ശ്രമങ്ങൾ.....ഇങ്ങനെ കാറും കോളും നിറഞ്ഞ ഔദ്യോഗികജീവിതം പറഞ്ഞാൽ തീരില്ല. എല്ലാത്തിനും പരിഹാരമുണ്ടായി എന്നത് ആശ്വാസം.

ആർക്കും ആക്ഷേപമുന്നയിക്കാത്ത വിധത്തിലുള്ള ദേശീയ അന്തർദ്ദേശീയ യോഗ്യതകൾ, ജോലിയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ, ഇങ്ങനെയൊക്കെയായിട്ടും ഔദ്യോഗികജീവിതം ഒരു സ്ത്രീക്കു മുന്നിൽ തുറന്നിടുന്ന ലോകം പലപ്പോഴും പ്രസാദാത്മകമല്ല. ഒട്ടേറെപ്പേർക്ക് ഇതുപോലുള്ള അനുഭവങ്ങളുണ്ടാവാം. ആരും പറയാത്തതാവാം. അതിനുള്ള അവസരം കിട്ടാത്തതുമാവാം.

കുടുംബിനിയായ ഉദ്യോഗസ്ഥയ്ക്ക് ജീവിതം ധാരാളം വെല്ലുവിളികൾ നിറഞ്ഞതായിരിക്കും. കാര്യങ്ങളെ എങ്ങനെ കാണുന്നു, എങ്ങനെ സമീപിക്കുന്നു, എന്തു നിലപാടെടുക്കുന്നു എന്നതിനെ അനുസരിച്ചാവും അവളുടെ സ്വത്വം അഥവാ വ്യക്തിത്വം പ്രകാശപൂരിതമാവുന്നത്. സത്യസന്ധമായ യുദ്ധങ്ങൾ ചിലപ്പോഴെങ്കിലും പരാജയപ്പെടുന്നത് നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ എന്റെ ജീവിതത്തിൽ ആ യുദ്ധങ്ങൾ കുറെയൊക്കെ വിജയത്തിലെത്തിച്ചു എന്നുതന്നെ ഞാൻ കരുതുന്നു. ഇനി സ്വതന്ത്രവും വിശാലവുമായ മറ്റൊരു ലോകം മുന്നിലുണ്ട്. നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോകണം.

വഴിത്താരകൾ



ജാനകി

# 'ഞങ്ങൾക്കു ജീവിക്കണം'

കഴിഞ്ഞ കുറച്ചു മാസങ്ങളായി കേരളം വല്ലാത്ത ആവേശത്തോടെ,അമ്പരപ്പോടെ സംസാരിച്ചു കൊണ്ടിരിക്കുകയാണ്. തന്റെ തൊഴിലിടത്തിൽ നിന്നും മടങ്ങുന്ന സമയത്ത് ഒരു യുവതി അനുഭവിക്കേണ്ടി വന്ന കടുത്ത യാതന നാടിനെ ഞെട്ടിച്ചതിൽ അത്ഭുതമില്ല. ഒരു വലിയ ആൾക്കൂട്ടം സംസാരിക്കുമ്പോൾ തർക്കങ്ങളും, ചേരിതിരിവുകളും, ക്ഷോഭപ്രകടനങ്ങളും ഉണ്ടാവുക സ്വാഭാവികം. പ്രമുഖ സാംസ്കാരികസാന്നിദ്ധ്യങ്ങളായ അടൂർ ഗോപാലകൃഷ്ണന്റേയും സക്കറിയയുടേയും നിരീക്ഷണങ്ങൾ ഫേസ്ബുക്കിൽ രൂക്ഷമായ പ്രതികരണങ്ങൾക്ക് വഴിവെച്ചത് പലരും ശ്രദ്ധിച്ചു കാണും. അതിൽ ആവർത്തിച്ചു കണ്ട, സർവ്വസമ്മതമെന്ന് തോന്നിക്കുന്ന ഒരു ചോദ്യമുണ്ട് "നിങ്ങളുടെ അമ്മയോ പെങ്ങളോ ആയിരുന്നെങ്കിൽ ഇങ്ങിനെ പ്രതികരിക്കുമായിരുന്നോ? വളരെ വൈകാരികവും പ്രത്യക്ഷത്തിൽ ധാർമ്മികവും എന്നു തോന്നിപ്പിക്കുന്ന ഈ പൊതുവികാരത്തിനുള്ളിൽ മുരളുന്ന ചില പ്രത്യേക പ്രതിപത്തികളുണ്ട്. സ്ത്രീ സുരക്ഷയെക്കുറിച്ചും അതർഹിക്കുന്ന സ്ത്രീകളെ കുറിച്ചുമുള്ള മുൻവിധികൾ.

അമ്മ,പെങ്ങൾ, ഭാര്യ, മകൾ എന്നിവയൊക്കെ കുടുംബഘടനയ്ക്കകത്തെ റോളുകളാണ്. ആ റോളുകൾക്കകത്ത് നിൽക്കുന്ന സ്ത്രീക്കു കൊടുക്കുന്ന പരിഗണനയും, മാന്യതയും സുരക്ഷിത ആയിരിക്കാനുള്ള അർഹതയും ആ റോളുകൾക്ക് പുറത്തു നിൽക്കുന്നവർക്കും കൊടുക്കാൻ നാം ഒരുക്കമാണോ എന്നതാണ് പ്രശ്നം.

ഈ റോളുകളിൽപെടാൻ പറ്റാത്ത നിസ്വരായ, ആരോരുമില്ലാത്ത നിരാലംബരായ, രോഗികളായ സമചിത്തത കൈമോശം വന്ന മാധവിക്കുട്ടി അവിസ്മരണീയമാക്കിയ അവന്തിരാജകുമാരിമാർ നമുക്കു ചുറ്റുമുണ്ട്. അവർക്കു മേൽ നടക്കുന്ന ആക്രമണങ്ങൾ ഒരു ചെറുപരാമർശത്തിനപ്പുറം പോകാറില്ല. ഏറ്റവും അശരണയായ സ്ത്രീ പോലും സംരക്ഷിതയാകുമ്പോളാണ് സമൂഹത്തിലെ എല്ലാ തലങ്ങളിലുമുള്ള സ്ത്രീകളും സംരക്ഷിതരാവുക. തിരിച്ചല്ല! നമ്മുടെ മുൻഗണനാക്രമങ്ങൾ മാറേണ്ടതല്ലേ?

നമ്മൾ അത്ഭുതപ്പെടുന്നു-ഒരു സെലിബ്രിറ്റിക്ക് ഇങ്ങിനെ സംഭവിക്കാമെങ്കിൽ സാധാരണക്കാരിയായ സ്ത്രീക്ക് പിന്നെ എന്തു പരിരക്ഷയാണുള്ളത്? പണവും പദവിയുമില്ലാത്ത, ചില നിശ്ചിത റോളുകളിൽ പ്രതിഷ്ഠിക്കപ്പെടാത്ത സ്ത്രീയെ സഹായിക്കാൻ ഭരണകൂടവും പോലീസും എത്ര തന്നെ ശുഷ്കാന്തി കാണിക്കും? ഒരുപക്ഷേ നമ്മൾ ചിന്തിക്കേണ്ടത് നേരെ തിരിച്ചാണ്. ഏതൊരു സ്ത്രീക്കും, സാമൂഹ്യവ്യത്യാസമില്ലാതെ, നിർഭയം രാപ്പകൽ ഭേദമില്ലാതെ സഞ്ചരിക്കാൻ എന്നു കഴിയുന്നുവോ അന്ന് മാത്രമേ എല്ലാ സ്ത്രീകളും ഒരു പോലെ സുരക്ഷിതരാവുകയുള്ളൂ.

ഇവിടെ ആക്രമിക്കപ്പെട്ട സ്ത്രീ ഒരു 'നടി' കൂടി ആണ് എന്നുള്ളത് നമ്മുടെ മനോഭാവത്തെ കൂടുതൽ സീർണ്ണമാക്കുന്നുണ്ട് നടിയെ ഒരു സാധാരണ സ്ത്രീയായിട്ടല്ല കാണുന്നത്. സൗന്ദര്യത്തിന്റെയും ഗ്ലാമറിന്റെയും പ്രഭാവലയം അവർക്കു ചുറ്റും തീർത്ത്, അവരെ പൊതുസ്വത്തായി കാണുന്നതിനൊപ്പം തന്നെ ആൺകോയ്മയിൽ വാർത്തെടുത്തിരിക്കുന്ന സിനിമാ വ്യവസായത്തിന്റെ കരുവായും അവർ നിർമ്മിക്കപ്പെടുന്നു. എന്നാൽ കരുക്കളാകാൻ വിസമ്മതിക്കുന്ന, ആരുടെയൊക്കെയോ ലാഭക്കൊതിക്കായി സ്വയം ഹോമിക്കപ്പെടാൻ തയ്യാറാവാത്ത വ്യക്തികളായി, കലാകാരികളായി അവർ ഇന്ന് സ്വയം പുനർനിർവ്വചിക്കുകയാണ്.

ഈ ദിവസങ്ങളിൽ നമ്മൾ പല തവണകളായി കേൾക്കുകയും കാണുകയും ചെയ്ത ഒരു സ്വരമുണ്ട്. രമ്യാ നമ്പീശന്റെയാണത്:" "ഇനിയെങ്കിലും ഞങ്ങൾക്ക് ഭയമില്ലാതെ ജോലിസ്ഥലത്തേക്കു പോകണം- ഒരു സ്ത്രീ എന്ന നിലയിൽ- ഞങ്ങൾക്ക് ജീവിക്കണം, സഞ്ചരിക്കണം, breathe ചെയ്യണം"

ക്ഷമയുടെ സകല അതിരുകളും ഭേദിച്ച സ്വരമാണത്. ഇതൊരു യാചനയല്ല, അവകാശപ്രഖ്യാപനമാണ്!

'നടി'യെ ചൂഴ്ന്നു നിൽക്കുന്ന ചില മിഥ്യകളെ പൊളിച്ചെഴുതാനുള്ള വെമ്പൽ നമുക്കീ വാക്കുകളിൽ കേൾക്കാം അതായത് 'നടി'യുടെ അസാധാരണത്തത്തിൽ നിന്ന് 'സ്ത്രീ'യുടെ സാധാരണത്തത്തിലേക്ക് മാറാനുള്ള വ്യഗ്രത! സിനിമക്കു ചുറ്റും നമ്മൾ തീർത്തിട്ടുള്ള നിഗൂഢത ഭേദിച്ച് ഒരു തൊഴിലിടത്തിന്റെ ദൈനംദിന പരിസരത്തിലേക്ക് ആ വ്യവസായത്തെ, ആ കലയെ ഇറക്കി കൊണ്ടുവന്ന് കാര്യങ്ങൾ സുതാര്യമാക്കാനുള്ള ശ്രമം.

പക്ഷേ ഏതൊരു സാധാരണക്കാരിക്കും കൈയ്യെത്തും ദൂരത്തല്ല നീതിന്യായ വ്യവഹാരങ്ങൾ എന്നു നമുക്കറിയാം. കുറച്ചു വർഷങ്ങൾക്കു മുമ്പു മുംബൈയിൽ ഒരു വിജനപ്രദേശത്ത് വെച്ച് യുവതിയായ പത്രപ്രവർത്തക ആക്രമിക്കപ്പെട്ടു. അതിന്റെ അന്വേഷണം നടക്കുമ്പോഴാണ് നമ്മൾ അറിയുന്നത് അവിടെ സ്ഥിരമായി പാഴ്‌വസ്തുക്കൾ പെറുക്കാൻ വരുന്ന സ്ത്രീകൾ ലൈംഗികാക്രമണങ്ങൾക്ക് ഇരകളാകാറുണ്ട് എന്നത്. അവർ പരാതിപ്പെട്ടിരുന്നോ? ഉണ്ടെങ്കിൽ തന്നെ ആരെങ്കിലും അവരെ പിന്തുണച്ചിരുന്നോ? അറിയില്ല. പക്ഷേ ഒന്നുറപ്പാണ്. ആ സ്ത്രീകളുടെ സംരക്ഷണത്തിനായി നീതിന്യായവ്യവസ്ഥ ഉത്സാഹിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ പിന്നീടുള്ള ദുരനുഭവങ്ങളെ തടയാമായിരുന്നു.

ഏതൊരു സ്ത്രീ കൂട്ടമായി ആക്രമിക്കപ്പെടുമ്പോഴും നമ്മുടെ പൊതുസമിതിയിൽ ഉയരുന്ന ഒരു രൂപമുണ്ട്. കൗരവസഭയിൽ അശരണയായി വിലപിക്കുന്ന ദ്രൗപതിയാണത്. മഹാഭാരതത്തിലെ അതിപ്രശസ്തമായ സഭാപർവ്വം.

വലിച്ചിഴക്കപ്പെടുന്ന പത്നിയെ കണ്ട് ഭീമൻ അക്ഷമനായി ധർമ്മപുത്രരോട് പറയുന്നു- പൊതുസ്ത്രീകൾ പോലും നമ്മുടെ രാജ്യത്ത് സംരക്ഷിതരാണ് എന്നിട്ടും നമ്മുടെ രാജ്ഞിയെ, പ്രിയപത്നിയെ നമുക്ക് രക്ഷിക്കാനാവുന്നില്ലല്ലോ.

ഭീമസേനന്റെ യുക്തിയെ നമുക്ക് വീണ്ടെടുക്കാം. വർഗ്ഗം, ജാതി, സമുദായം, പദവി, കുടുംബം എന്നീ വ്യത്യാസങ്ങൾക്കതീതമായി സ്ത്രീയുടെ വ്യക്തിത്വത്തെ ബഹുമാനിക്കാനുള്ള ജനാധിപത്യബോധത്തിലേക്ക് നമ്മൾ വളരുമ്പോൾ മാത്രമേ ഏതു സ്ത്രീയും സംരക്ഷിക്കപ്പെടുകയുള്ളു എന്ന ലളിതമായ യുക്തി.

---

**കവിത**

**അമൃത കേളകം**

# അവൾ

വഴിയിലെങ്ങോ വെയിലുടുത്തുനിന്ന്
വിയർത്തവൾ
ഒരിറ്റു പച്ചയെ ഉടലിലണിഞ്ഞവൾ
തണലുചാഞ്ഞയിടങ്ങളിൽ
തലചായിച്ചവൾ
വിയർപ്പുകുടിച്ചു വീർത്തവയറേൽ
തറ്റുടുത്തു തളിർത്തവൾ
കനവിന്റെ പാടങ്ങളിൽ
കനിവുതേടി കിതച്ചവൾ
കൂട്ടിവെച്ച മോഹങ്ങൾ
കുന്നോളമായപ്പോൾ
ഒരു കുന്നിമണിയണ്ണാക്കിൽ തടഞ്ഞ്
വിറച്ചുകേറി
മിഴിച്ചു പിടഞ്ഞ്
ചത്തുമലച്ചവൾ..





# നവോദയം

എൻ.ബി.സന്ധ്യ

**അതിഥിപത്രാധിപരുടെ കുറിപ്പ് :** എൻ. ബി. സന്ധ്യയെ പരിചയപ്പെടുന്നത് ഫേസ് ബുക്കിലൂടെയാണ് . രോഹിത് വെമുലയുടെ ആത്മഹത്യയെത്തുടർന്ന് ഹൈദരാബാദ് സർവകലാശാലയിൽ നടന്ന പ്രക്ഷോഭം രാജ്യത്തെ ഉലച്ച നാളുകളിൽ, അവിടെത്തന്നെ വിദ്യാർത്ഥിയായ മകനെ ചുറ്റിപ്പറ്റി സന്ധ്യ എഴുതിയ ഹൃദയസ്പർശിയായ പോസ്റ്റുകളിലൂടെയാണ് സന്ധ്യയെ ശ്രദ്ധിക്കുന്നതും സുഹൃത്തുക്കളാകുന്നതും. അത് കഴിഞ്ഞാണ് സന്ധ്യയുടെ ജീവിതത്തിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കുന്നത്.

കാൽ നൂറ്റാണ്ടു നവോദയ വിദ്യാലയത്തിൽ അദ്ധ്യാപികയായിരുന്ന അവർ മതിൽക്കെട്ടുകളും മണിയടിയൊച്ചയും നിയന്ത്രിച്ച യാന്ത്രിക ജീവിതം മടുത്ത്, അത് വിട്ടെറിഞ്ഞ്, മണ്ണ് തൊട്ടുള്ള ജീവിതം തിരിച്ചു പിടിക്കാൻ പോരുകയായിരുന്നു. ആടും, കോഴിയും, പശുവും, കൃഷിയും ഒക്കെയായി പുലർകാലേ തുടങ്ങുന്ന ദിനചര്യ സന്ധ്യ ഇന്ന് നന്നായി ആസ്വദിക്കുകയാണ്. ജോലി വിട്ട ശേഷം നാട്ടിലെത്തി തൃശൂരിൽ അവർ ഒരു ജൈവ കർഷക കൂട്ടായ്മ രൂപീകരിച്ചു. അന്നാട്ടിലെ ചെറുകിട കർഷകന്റെ മുറ്റത്തു ഉണ്ടാവുന്നതും അതിൽ നിന്ന് ഉണ്ടാക്കുന്നതുമായ എന്തും വില്ക്കാൻ ആഴ്ചതോറും ഒരു നാട്ടുചന്ത നടത്താൻ മുൻകൈ എടുത്തു. വെന്ത വെളിച്ചെണ്ണയും മുളകുപൊടിയും അച്ചാറും ഒക്കെ വീട്ടിലുണ്ടാക്കി അവരും കർഷകരുടെ ഒപ്പം കൂടി. ഫേസ് ബുക്കിൽ സജീവമായി ഇതിന്റെ വിശേഷങ്ങളും വിവരങ്ങളും കൃത്യമായി അറിയിച്ചും പോരുന്നുണ്ട് സന്ധ്യ ടീച്ചർ. ചുറ്റും ഒരുപാട് സൗഹൃദങ്ങൾ, സ്നേഹബന്ധങ്ങൾ, ഒരുപാട് ദൂരെ നിന്നും സന്ധ്യയുടെ വീടും, കൃഷിയും, പിന്നെ സന്ധ്യയെയും കാണാൻ എത്തുന്നവർ. ഒരു നിമിഷം കളയാതെ ഓടിനടന്നു ജീവിതത്തെ പ്രണയിക്കുന്ന സന്ധ്യയുടെ അന്നത്തെ ടീച്ചർ ഉദ്യോഗവും ഇന്നത്തെ ജീവിതവും താരതമ്യം ചെയ്തു കൊണ്ട് അവർ തന്നെ എഴുതുകയാണ്.

***സന്ധ്യ എൻ ബി. 1969ൽ ജനനം. തൃശ്ശൂർ ജില്ലയിലെ പൂച്ചട്ടിയിൽ വീട്. നവോദയ സ്കൂളിൽ അദ്ധ്യാപിക ആയിരുന്നു. ഇപ്പോൾ കാർഷിക മേഖലയിൽ ഇടപെട്ടു പ്രവർത്തിക്കുന്നു. തൃശ്ശൂർ ജൈവ കർഷക കൂട്ടായ്മ സാരഥി.***

ജീവിതമിപ്പോൾ കൃഷി കാര്യങ്ങൾക്കും സ്ത്രീ കൂട്ടായ്മകൾക്കുമിടയിലെ നെട്ടോട്ടങ്ങളാണ്. രാവിലെ ആറുമണി മുതൽ പാതിരാ പന്ത്രണ്ടു വരെ നീളുന്ന കർമ്മനിരതമായ വർത്തമാനകാലം സമ്മാനിക്കുന്നത് വാക്കുകളാലോ വരികളാലോ പ്രകടിപ്പിക്കാനാവാത്തത്ര ആവേശവും സന്തോഷവുമാണ്. ആദരവ്, അംഗീകാരം, സ്നേഹം...എല്ലാം ചുറ്റുപാടുകൾ തിരികെ തരുന്നുണ്ട്.

സർക്കാരുദ്യോഗസ്ഥനായ അച്ഛന്റെ സ്ഥലം മാറ്റങ്ങൾക്കനുസരിച്ച് വാടകവീടുകളും സ്കൂളുകളും മാറിക്കൊണ്ടേയിരുന്ന ബാല്യകാലം. ഹൈസ്കൂൾ പഠനകാലത്തെ ഇൻസ്പെക്ഷൻ വേളയിൽ മുൻബഞ്ചിലെ ഉയരം കുറഞ്ഞ മിടുക്കിക്കുട്ടിക്ക് ഭാവിയിൽ ആരാവണമെന്ന ചോദ്യത്തിന് ടീച്ചറാവണമെന്നായിരുന്നു ഉത്തരം. 81% മാർക്കോടെ, കണക്കിൽ 93 മാർക്കോടെ പത്താം ക്ലാസ് പാസ്സായപ്പോൾ പ്രീഡിഗ്രിക്ക് സെക്കൻറ് ഗ്രൂപ്പെടുത്തത് മോളെ ഡോക്ടറാക്കണമെന്ന അച്ഛന്റെ സ്വപ്നസാഫല്യത്തിനായി മാത്രം. കഥകൾക്കും നോവലുകൾക്കുമപ്പുറത്തേക്ക് വായനയെ ഗൗരവമായി സമീപിക്കുന്നത് എൻട്രൻസ് പഠനകാലത്താണ്. ഭാഗ്യമോ നിർഭാഗ്യമോ, ആ വഴിക്ക് പോകേണ്ടി വന്നില്ല.

അപ്പോഴേക്കും എത്രയും പെട്ടെന്ന് ജോലികിട്ടണം എന്നതുമാത്രമായി ആഗ്രഹം. അങ്ങിനെയാണ് പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിനു ചേരുന്നത്. ഡിസ്റ്റിങ്ഷനോടെ ഡിപ്ലോമ പാസ്സായതിനുശേഷം കംപ്യൂട്ടറിൽ പോസ്റ്റ് ഡിപ്ലോമയ്ക്കു ചേർന്നു. ആ കോഴ്സിന്റെ അവസാനകാലത്താണ് നവോദയ സ്കൂളുകളിൽ SUPW ടീച്ചർ നിയമനത്തിനുള്ള അപേക്ഷ പത്രത്തിൽ വരുന്നത്.

രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്നു എന്നൊക്കെപ്പറഞ്ഞ് നവോദയ



വിദ്യാലയങ്ങൾക്കെതിരെയുള്ള സമരത്തിൽ പങ്കെടുത്തിട്ട് അധിക കാലമൊന്നുമായില്ല. സ്കൂളല്ലേ, അദ്ധ്യാപികയല്ലേ അത്രയേ ആലോചിച്ചുള്ളൂ. ആദ്യത്തെ ഇൻറർവ്യൂ ബാംഗ്ലൂർ കേന്ദ്രീയ വിദ്യാലയത്തിൽ വച്ച്. ആത്മവിശ്വാസം അധികമായതിന്റെ പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ.

SUPW ടീച്ചറായി പാലക്കാട് ജില്ലയിലെ മലമ്പുഴ നവോദയ വിദ്യാലയത്തിലായിരുന്നു ആദ്യ പോസ്റ്റിംഗ്. SUPW എന്നത് എന്തോ വലിയ സംഭവം ആണെന്ന് തെറ്റിദ്ധരിച്ച എനിക്ക് വെറും ക്രാഫ്റ്റ് ടീച്ചറെന്നത് ചെറിയൊരു നീറ്റലായി എക്കാലവും ഉണ്ടായിരുന്നു; കംപ്യൂട്ടർ ഇൻ ചാർജ്ജ്, ക്ലാസ് ടീച്ചർ, ഹൗസ് മിസ്ട്രസ് എന്ന പദവികളൊക്കെ മുറിവിനു മരുന്നായി മാറിയെങ്കിലും. പക്ഷേ, കുട്ടികളുടെ ഇടയിലുള്ള ജീവിതം, അതും ഒരു റസിഡൻഷ്യൽ സ്കൂളിൽ. വിദ്യാലയത്തിന്റെ പ്രാരംഭദശയിലെ കഷ്ടപ്പാടുകൾ, പരിമിതികൾ, ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും, മതിലുകളില്ലാത്ത കാമ്പസും ഒന്നും നിരാശപ്പെടുത്തിയില്ല.

രണ്ടു മക്കളുടെ ജനനം, ബാല്യം, വളർച്ച, വിദ്യാഭ്യാസം. ഔദ്യോഗികജീവിതവും കുടുംബജീവിതവും സംഘർഷങ്ങളുടേതായിരുന്നു. എന്റെ വീട്, എന്റെ നാട്, എന്റെ മക്കൾ എന്ന അതേ വികാരമായിരുന്നു എന്റെ സ്കൂളിനോടും, എന്റെ കുട്ടികളോടും. അതുകൊണ്ടാവണം പാലക്കാടൻ ജീവിതത്തിലെ പതിനൊന്നാണ്ടുകളും ആസ്വാദ്യകരമായി കടന്നുപോയത്.

നിനച്ചിരിക്കാതെ, നവോദയ വിദ്യാലയങ്ങളുടെ ചരിത്രത്തിൽ ആദ്യമായി നടപ്പിലാക്കിയ ട്രാൻസ്ഫർ പോളിസി മൂലമാണ് പാലക്കാടിനോട് യാത്രപറയേണ്ടി വന്നത്. അപ്പോഴേക്കും എന്റെ കാഴ്ചപ്പാടുകളും മാറിത്തുടങ്ങിയിരുന്നു. മതിൽക്കെട്ടിനുള്ളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും പൂട്ടിയിടപ്പെടുകയാണെന്നൊക്കെ തോന്നിത്തുടങ്ങി. കുട്ടികളുടെ മനസ്സ് തൊട്ടറിഞ്ഞുതുടങ്ങിയപ്പോൾ മുതലാവണം 'എന്റേതല്ലാത്ത ഒരു ഇടത്തിലാണ് ഞാൻ' എന്ന് കരയിൽ പിടിച്ചിട്ട മീനിനെപ്പോലെ പിടഞ്ഞത്.

അഞ്ച് മണിക്കുണർന്ന് പത്തരയ്ക്കുറങ്ങുന്ന ആറാം ക്ലാസ്സുകാരൻ കണക്കു ക്ലാസ്സിൽ ഉറങ്ങിയില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടതുള്ളൂ. നവോദയ സ്കൂളുകളിൽ അന്നൊന്നും വാർഡൻ പോസ്റ്റുണ്ടായിരുന്നില്ല (ഇന്നും പെൺകുട്ടികൾക്കു മാത്രമേ വാർഡൻ ഉള്ളൂ). അദ്ധ്യാപകർ തന്നെയാണ് ഹൗസ് മാസ്റ്റർ/മിസ്ട്രസ്. മാസത്തിലൊരിക്കൽ മാത്രം രക്ഷിതാക്കളെ കാണുന്ന വിദ്യാർത്ഥികൾക്ക് അച്ഛനോ അമ്മയോ ആവാൻ അധികം പേർക്കും സാധിക്കാറില്ല. സാമൂഹ്യജീവിതം നഷ്ടമാവുന്ന അദ്ധ്യാപകരെ സംബന്ധിച്ച് വിദ്യാർത്ഥികൾ അനുസരിക്കപ്പെടേണ്ടവർ മാത്രമാണ്; ഡെസ്ക്കും ബഞ്ചും ചോക്കും പുസ്തകവും പോലെ മറ്റൊരു മെറ്റീരിയൽ മാത്രം. കുട്ടികളുടെ മനസ്സ് ആരറിയുന്നു? ഒരു മനുഷ്യായുസ്സിലെ നിറക്കൂട്ടുകൾ നിറഞ്ഞ ലോകത്ത് പാറിപ്പറക്കേണ്ട കാലത്താണ് കുട്ടികൾ ജയിൽപ്പുള്ളികളെപ്പോലെ കെട്ടിയിടപ്പെടുന്നത്. വിദ്യാഭ്യാസമെന്നാൽ പാഠപുസ്തകങ്ങൾ ഏറ്റവും നന്നായി പഠിക്കുക എന്നാണെങ്കിൽ അത് നവോദയ വിദ്യാലയങ്ങളിൽ നൂറ്റിപ്പത്ത് ശതമാനം സാദ്ധ്യമാകുന്നുണ്ട്. കാരണം, അദ്ധ്യാപകർ താന്താങ്ങളുടെ വിഷയങ്ങളിൽ സമർത്ഥരായിരിക്കും. വർത്തമാനകാല പ്രശ്നങ്ങളൊന്നും മതിൽക്കെട്ടിനകത്തേക്ക് ബാധിക്കുകയുമില്ല. അതുകൊണ്ടുതന്നെ പരമാവധി അദ്ധ്യയനദിവസങ്ങൾ ഒന്നുപോലും നഷ്ടപ്പെടുന്നില്ല.

കാലഘട്ടത്തിനനുസരിച്ച് വിദ്യാർത്ഥികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുവാൻ എന്തുകൊണ്ടോ ഭൂരിപക്ഷം അദ്ധ്യാപകർക്കും

സാധിക്കാതെ പോകുന്നു. മെച്ചപ്പെട്ട സൗകര്യങ്ങൾ, ലാബുകൾ, ലൈബ്രറികൾ, ഡോർമിട്ടറികൾ എല്ലാമുണ്ടായിട്ടും വിദ്യാർത്ഥിസൗഹൃദ കാമ്പസായി നവോദയ വിദ്യാലയങ്ങൾ മാറുന്നുണ്ടോ എന്നു സംശയമാണ്. വരയിലൂടെ വരിവരിയായി നടക്കപ്പെടേണ്ടവർ മാത്രമാണ് വിദ്യാർത്ഥികൾ; വരയൊന്നു വളഞ്ഞാൽ, വരിയൊന്നു തെറ്റിയാൽ ശിക്ഷിക്കപ്പെടേണ്ടവർ. ചോദ്യങ്ങളരുത്, ഉത്തരങ്ങൾ മാത്രം തരിക. അസൈൻമെൻറും പ്രോജക്ടും മാത്രം സ്വപ്നം കാണേണ്ടവർ.

അഞ്ചെട്ടു വർഷമായി മനസ്സ് മതിലിനു പുറത്തേക്ക് ചാടിക്കൊണ്ടിരുന്നു. പക്ഷേ, ജീവിതസാഹചര്യങ്ങൾ അഞ്ചക്കശമ്പളം വേണ്ടെന്നു വയ്ക്കാൻ അനുവദിക്കുന്നതായിരുന്നില്ല. എപ്പോഴും ഒരു കലമ്പലായിരുന്നു ഉള്ളിൽ. മനസ്സിന്റെ കലമ്പലുകളാണ് കവിതയെങ്കിൽ ഏറ്റവും കൂടുതൽ കവിതകൾ എഴുതിയത് അക്കാലത്താണ്.

ഇളയ മകന്റെ പന്ത്രണ്ടാം ക്ലാസ്സ് സ്റ്റഡിലീവ് കാലത്ത് ചൈൽഡ് കെയർ ലീവെടുത്ത് നാട്ടിൽ താമസിച്ചതാണ് ഇന്നത്തെ വേഷപ്പകർച്ചയ്ക്ക് നിദാനം. വെറുതെ ഇരിക്കുക എന്നത് ശീലങ്ങൾക്ക് അന്യമായിനാൽ ഓരോന്നോരോന്ന് ചെയ്തുതുടങ്ങി. കുറച്ചു കോഴികളെ വാങ്ങി. കാരണവന്മാർ നട്ടുണ്ടാക്കിയ തെങ്ങും കവുങ്ങും ജാതിയും നിറഞ്ഞ പറമ്പിൽ പച്ചക്കറികൾ കൃഷിചെയ്തു. ജാതിമരങ്ങൾക്ക് ഏറ്റവും നല്ലത് ആട്ടിൻകാഷ്ഠമാണെന്ന അറിവിന്റെ പുറകേ പോയി രണ്ടാടുകളെ വാങ്ങി. വാടകവീടുകളിലും ക്വാർട്ടേഴ്സുകളിലുമായി അന്നുവരെ വീർപ്പുമുട്ടി ജീവിച്ചവൾ തികച്ചും പരിസ്ഥിതി സൗഹൃദരീതിയിൽ പണിത മൺവീട്ടിലും, മതിലുകളില്ലാത്ത ചെമ്പരത്തിവേലികൾ അതിരിട്ട പറമ്പിലും, ടൈലിടാത്ത മുറ്റത്തുമൊക്കെ പുനർജ്ജനിച്ചു. ലീവ് കഴിയുമ്പോൾ ഇവയെല്ലാം വിട്ട് എങ്ങനെ പോകും, പോകാതിരുന്നാൽ ഭർത്താവും മക്കളും അച്ഛനും അമ്മയും ഉൾപ്പെടുന്ന പ്രിയപ്പെട്ടവർ എന്തു പറയും? എന്ന ആശങ്കകളെ 'ഇതൊക്കെ ഇട്ട് പോയാലെങ്ങിനെയാ?' എന്ന് അവരുടെ ഭാഗത്തു നിന്നുതന്നെ ഉണ്ടായ ചിന്തകൊണ്ട് വാരിയെറിഞ്ഞുകളഞ്ഞു. ഭാവിയെക്കുറിച്ചോ വരാനിരിക്കുന്ന സാമ്പത്തികപ്രശ്നങ്ങളെക്കുറിച്ചോ ചിന്തിച്ചില്ല. മനസ്സു വിളിച്ച വഴിയേ ഇറങ്ങിപ്പോരുകയായിരുന്നു. വീടും പറമ്പും കൃഷിയും ആടും കോഴിയും പശുവുമൊക്കെ അത്രമേൽ എന്നെ കീഴ്പ്പെടുത്തിയിരുന്നു. 'ഇത്ര നല്ല ജോലി എന്തേ വേണ്ടെന്നു വച്ചത്?' എന്ന സൗഹൃദങ്ങളുടെ ചോദ്യമുനകളെ 'ജീവിക്കാനല്ലേ ജോലി? ജോലി ഉണ്ടായിട്ട് ഇഷ്ടപ്പെട്ട ജീവിതം ഇല്ലാതാവുമ്പോൾ മറ്റെന്തു ചെയ്യണം' എന്ന് പതുക്കെ ഒടിച്ചുകളഞ്ഞുകൊണ്ടേ ഇരുന്നു.

'കുറച്ച് എനർജി കടം തരുമോ?' എന്ന് ചോദിക്കാറുള്ള ഒരു കൂട്ടുകാരനുണ്ടായിരുന്നു. അത്രയും വർക്ക്ഹോളിക്കായതിനാൽ വീട്ടിൽ സ്ഥിരതാമസമായപ്പോൾ ഇടപെടുന്ന മേഖലകൾ വിപുലമായിത്തുടങ്ങി. കൃഷി ഇടയ്ക്കെപ്പോഴോ കൂടെച്ചേർത്ത ഹരമാണെങ്കിൽ, പാചകം പണ്ടുമുതലേ ഒപ്പമുണ്ടായിരുന്നു. ചമ്മന്തിപ്പൊടി, സാമ്പാർപ്പൊടി, അച്ചാറുകൾ, വെന്ത വെളിച്ചെണ്ണ.....അങ്ങിനെ ഓരോന്നും ഉണ്ടാക്കുകയും സുഹൃത്തുക്കൾക്ക് സമ്മാനിക്കുകയും ചെയ്തു. പിന്നെ പിന്നെ, ഇന്നത് ഇന്നത്, ഇത്ര ഇത്ര എന്നൊക്കെ ഓരോരുത്തരും ഓർഡർ ചെയ്തു തുടങ്ങി. അങ്ങനെ ഞാൻപോലുമറിയാതെ വേഷപ്പകർച്ചകൾ പലതായി.

കൃഷിയിൽ കൂടുതൽ അറിവു നേടാനായാണ് FB യിലെ കൃഷിഗ്രൂപ്പുകളിൽ സജീവമായത്. അങ്ങിനെ കാർഷികവിപണി ഗ്രൂപ്പിന്റെ അഡ്മിനായി. കാർഷികവിപണിയുടെ ഫേസ്ബുക്ക് ഗ്രൂപ്പിന്റെ എല്ലാ അഡ്മിനുകളും ചേർന്ന് ജൈവകർഷകർക്കായി നഗരത്തിൽ ഒരു ഞായർ നാട്ടുചന്ത തുടങ്ങി. കഴിഞ്ഞ ഒന്നര വർഷമായി സംഘടിപ്പിച്ചുവരുന്ന ഈ ആഴ്ചച്ചന്തയിൽ ഇരുപതോളം കർഷകർ ഇടനിലക്കാരില്ലാതെ, മാന്യമായ വിലയ്ക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റുവരുന്നു.

ഔദ്യോഗികജീവിതത്തിന്റെ അവസാനകാലത്താണ് കുറേക്കൂടി ഭംഗിയായി കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്ന ചിന്തയിൽ സൈക്കോളജിയിൽ ബിരുദാനന്തരബിരുദം എടുത്തത്. ഇപ്പോഴത്തെ അവസ്ഥയിൽ സ്ത്രീകൂട്ടായ്മകൾ സംഘടിപ്പിക്കാനും സ്ത്രീവിഷയങ്ങളിൽ ഇടപെടുവാനും മനഃശാസ്ത്രപഠനം സഹായകമാവുന്നുണ്ട്. പതിനഞ്ച് ആടും, രണ്ട് പശുവും, 20 കോഴികളും, മത്സ്യവും, തേനീച്ചയും ഉൾപ്പെടുന്ന ജൈവ ജീവിതം നാട്ടിലെ കർഷകർക്കൊപ്പം 'നടത്തറ കർഷകക്കൂട്ടായ്മ'യുണ്ടാക്കി സർക്കാർ സാമ്പത്തികസഹായത്തോടെ 'കർഷകന്റെ കട' എന്ന പഴം-പച്ചക്കറിക്കട തുടങ്ങിയതിൽ എത്തിനിൽക്കുന്നു. 6 മുതൽ 12 മണിവരെ നീളുന്ന നെട്ടോട്ടങ്ങൾക്കിടയിൽ പച്ചക്കറിക്കടയിലെ കണക്കെഴുത്തും കൂടിയായി. 'സന്ധ്യയ്ക്കെന്താ നേട്ടം' എന്നു ചോദിക്കുന്നവരോട് 'അനുഭവവേദ്യമാകുന്ന അനിർവചനീയമായ ആനന്ദത്തിനപ്പുറം മറ്റെന്താണ് നേടേണ്ടത്' എന്ന ഒരു മറുചോദ്യം മാത്രം ഉത്തരമാകുന്നു.

ശാസ്ത്രം

# മറിയം മിർസാഖാനി– ഗണിതത്തിന്റെയും അക്ഷരങ്ങളുടെയും കൂട്ടുകാരി



സീമ ശ്രീലയം

ഗണിതശാസ്ത്രത്തെ സ്നേഹിച്ച സാഹിത്യ കുതുകി, ഗണിതശാസ്ത്രത്തിലെ നോബൽ സമ്മാനം എന്നറിയപ്പെടുന്ന ഫീൽഡ്സ് മെഡൽ ജേതാവാകുന്ന ആദ്യ വനിത, ഗണിതശാസ്ത്രത്തിൽ സ്ത്രീകൾക്ക് വിസ്മയങ്ങൾ വിരിയിക്കാനാവുമെന്ന് തെളിയിച്ച വനിത...ഇങ്ങനെ വിശേഷണങ്ങൾ ഏറെയുണ്ട് മറിയം മിർസാഖാനിക്ക്. 'ഒരു നിബിഡ വനത്തിൽ ഒറ്റപ്പെട്ടതുപോലുള്ള അനുഭവം, അതിൽ നിന്നു പുറത്തുകടക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുള്ള തലപുകയ്ക്കൽ ,അതിനിടയിൽ തെളിഞ്ഞുവരുന്ന പുതിയ വഴികൾ, ആശയങ്ങൾ ..." ഇങ്ങനെയാണ് സങ്കീർണ്ണമായ ഗണിതപ്രശ്നങ്ങളിലേക്ക് ഊളിയിടുന്ന തന്റെ അനുഭവത്തെ മിർസാഖാനി വിശേഷിപ്പിച്ചത്. ഗണിതത്തിലും കാവ്യാത്മകത കണ്ടെത്തിയ ആ വനിത ഇനിയുമൊരുപാട് സ്വപ്നങ്ങളും ലക്ഷ്യങ്ങളും ബാക്കിവച്ചുകൊണ്ടാണ് ഈ ലോകത്തോട് വിടപറഞ്ഞത്. ഈ ജൂലൈ 14 ന് അന്തരിക്കുമ്പോൾ നാല്പത് വയസ്സ് മാത്രമായിരുന്നു മിർസാഖാനിയുടെ പ്രായം.

1977 മെയ് 3 ന് ഇറാനിലെ ടെഹ്റാനിലാണ് മിർസാഖാനിയുടെ ജനനം. മിർസയുടെ പിതാവ് അഹമ്മദ് ഒരു ഇലക്ട്രിക്കൽ എഞ്ചിനീയർ ആയിരുന്നു. കുട്ടിക്കാലത്തു തന്നെ പുസ്തകങ്ങളെ കൂട്ടുകാരാക്കിയ മിർസാഖാനിക്ക് ഒരെഴുത്തുകാരിയാവാനായിരുന്നു ആഗ്രഹം. അക്കാലത്ത് ഇറാനും ഇറാക്കും തമ്മിൽ യുദ്ധം നടക്കുകയായിരുന്നു. യുദ്ധം അവസാനിച്ചതോടെ ആ പെൺകുട്ടി മിഡിൽ സ്ക്കൂളിൽ ചേർന്ന് പഠനം ആരംഭിച്ചു. ഹൈസ്ക്കൂൾ പഠനകാലത്ത് ഇന്റർനാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ പങ്കെടുത്ത ഇറാനിയൻ ടീമിൽ അംഗമാവാൻ കഴിഞ്ഞതും ഗോൾഡ് മെഡൽ നേടിയതും വഴിത്തിരിവായി.1999 ൽ ടെഹ്റാനിലെ ഷാറിഫ് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ നിന്ന് ഗണിതത്തിൽ ബിരുദം നേടിയശേഷം ഹാർവാഡിലേക്ക് പോയ മിർസാഖാനി 2004 ൽ ഡോക്റ്ററേറ്റ് നേടി. തുടർന്ന് ആദ്യം പ്രിൻസ്റ്റണിലും തുടർന്ന് ഹാർവാഡിലും ഗണിതശാസ്ത്ര പ്രൊഫസറായി. 2005 ൽ ഗണിതശാസ്ത്രജ്ഞനും കമ്പ്യൂട്ടർ വിദഗ്ധനുമായ ജാൻ വോൺഡ്രാക്കിനെ വിവാഹം ചെയ്തു.

ഗണിതത്തിന്റെ സൗന്ദര്യം പൂർണ്ണമായി ഉൾക്കൊള്ളാൻ ധാരാളം സമയവും പരിശ്രമവും ആവശ്യമാണെന്ന പക്ഷക്കാരിയായിരുന്നു മിർസാഖാനി. ഗണിത സമസ്യകൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ കടലാസ്സിൽ ചിത്രങ്ങൾ വരയ്ക്കുന്നതും മനോഹരമായി സമവാക്യങ്ങൾ എഴുതുന്നതും ഈ ശാസ്ത്രജ്ഞയുടെ പതിവായിരുന്നു. മിർസയുടെ ഇത്തരം പേപ്പറുകളെ മനോഹരമായ പെയിന്റിങ് എന്നാണ് മകൾ അനാഹിറ്റ വിശേഷിപ്പിച്ചിരുന്നത്. ജ്യാമിതീയ രൂപങ്ങളും അവയുടെ വകഭേദങ്ങളുമൊക്കെ ഇഷ്ടമേഖലകളായിരുന്നു. ഗണിതത്തിലും എഞ്ചിനീയറിങ്ങിലും ഭൗതികശാസ്ത്രത്തിലുമൊക്കെ മിർസാഖാനിയുടെ കണ്ടെത്തലുകൾക്ക് പ്രാധാന്യമുണ്ട്. 2014 ൽ സോളിൽ വച്ചുനടന്ന അന്താരാഷ്ട്ര ഗണിത കോൺഗ്രസ്സിൽ ഫീൽഡ്സ് മെഡൽ ഏറ്റുവാങ്ങിയ മിർസാഖാനി ലോകശ്രദ്ധ കവർന്നു. ഗണിതശാസ്ത്ര ഗവേഷണമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ലെന്ന ധാരണയെ കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഈ വനിത ഗണിതത്തിൽ പുതുവഴികൾ വെട്ടിത്തുറന്നത്. ഇറാൻ പോലൊരു രാജ്യത്തു ജനിച്ച ഒരു പെൺകുട്ടിക്ക് ഗവേഷണത്തിന്റെ കൊടുമുടികൾ താണ്ടുന്നതിനിടയിൽ അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളെയൊക്കെ അതിജീവിച്ചാണ് മിർസാഖാനി നേട്ടങ്ങൾ കൈയെത്തിപ്പിടിച്ചത്.

2013 ലാണ് സ്തനാർബ്ബുദം മിർസാഖാനിയെ കാർന്നുതിന്നാൻ തുടങ്ങിയത്. രോഗത്തോട് ധീരയായിത്തന്നെ പൊരുതി. ഗവേഷണങ്ങളും പഠനങ്ങളും മുടക്കിയില്ല. എന്നാൽ പതിയെപ്പതിയെ അർബ്ബുദം കരുത്താർജിച്ച് അസ്ഥികളിലേക്ക് വ്യാപിച്ചു. കലിഫോർണിയയിലെ സ്റ്റാൻഫോർഡ് ഹോസ്പിറ്റലിൽ വച്ചായിരുന്നു മിർസാഖാനിയുടെ അന്ത്യം. ഇറാൻ എന്ന രാജ്യത്തിന്റെ യശസ്സുയർത്തിയ മിർസാഖാനിയെ അസാധാരണമായ ധിഷണയുള്ള , യുവതലമുറയ്ക്ക് പ്രചോദനമേകുന്ന വ്യക്തിയായാണ് ഇറാനിയൻ പ്രസിഡന്റ് വിശേഷിപ്പിച്ചത്.

## കാർട്ടൂൺ




**'വില്യം, ഞാൻ ഉദ്യോഗത്തിലേക്ക് തന്നെ തിരിച്ചു പോകാൻ തീരുമാനിച്ചു; പകൽനേരമെങ്കിലും അല്പം വിശ്രമം കിട്ടാൻ".**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പുസ്തകപരിചയം




**നീ പെയ്ത മഴയിൽ** .കവിതകൾ ജാൻസി ജോസ് .നിള ബുക ്സ്.വില? 100. ‘ ജാൻസിയുടെ ചെറുവരികളിൽ വിവിധങ്ങളായ തീർപ്പുകളും സംശയങ്ങളും കാവ്യാത്മകമായി ഒളിയുകയും തെളിയുകയും ചെയ്തിരുന്നു - അവതാരികയിൽ പി.ഗീത




**രാവിലെ അടുക്കളയിൽ** - (കവിതകൾ) - ഡോ. ഷീബ ദിവാകരൻ - നാഷണൽ ബുക്സ്റ്റാൾ. വില? 70. സ്വാസ്ഥതയും അസ്വാസ്ഥതയും ഒഴുകിപ്പരക്കുന്ന നാല്പത്തിയഞ്ചു കവിതകൾ